# പാണ്ടനാട് ഗ്രാമ പഞ്ചായത്ത്

## വികസന രേഖ




1996

42-8

## ആമുഖം

പുരാണ ഇതിഹാസങ്ങളിലെ അത്യുൽകൃഷ്ടമായി കരുതപ്പെടുന്ന ശബരിമലയിൽ നിന്നും ഉത്ഭവിക്കുന്ന ഒരു പുണ്യനദിയാകുന്നു പമ്പ. ഈ പമ്പാനദിയുടെ ചുംബനങ്ങളും തലോടലുകളും - കോപത്താലവൾ രൂക്ഷമാകാറുണ്ടെങ്കിലും - അവയെ സന്തോഷത്തോടെ ഏറ്റുവാങ്ങിക്കൊണ്ട് പച്ചപ്പരവതാനി വിരിച്ച രണ്ടു കരകൾ. രണ്ടു കരകളിലായി ഈ കൊച്ചു ശാന്തസുന്ദരമായ പാണ്ടനാട് ഗ്രാമപഞ്ചായത്ത് സ്ഥിതിചെയ്യുന്നു. തെക്കേകരയിൽ 5 വാർഡുകളും വടക്കേകരയിൽ 3 വാർഡുകളും അതിൽ ആറാം വാർഡിന്റെ ഒരു ഭാഗം മുറിച്ച് അതിന്റെ മൂന്നുഭാഗം പമ്പയാറാൽ ചുറ്റപ്പെട്ടിരുക്കുന്നു. ശാന്തിയുടെയും സമാധാനത്തിന്റേയും മന്ത്രോച്ചാരണങ്ങൾ വർഷിച്ചുകൊണ്ടുള്ള ക്ഷേത്രങ്ങളും പള്ളികളും വളരെ അകലങ്ങളിലല്ലാതെ സ്ഥിതിചെയ്യുന്നു. സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും ഒരു മകുടോദാഹരണമത്രെ ഇത്. എല്ലാംകൊണ്ടും ഫലപുയിഷ്ടമായ ഒരു ഭൂപ്രദേശമാകുന്നു ഈ പഞ്ചായത്ത്.

ഗാന്ധിജി വിഭാവനം ചെയ്ത ഗ്രാമസ്വരാജ് എന്ന സങ്കല്പത്തിന്റെ ചുവടുപിടിച്ചണ് 73 - 74 ഭരണഘടനാഭേദഗതികളിലൂടെ പഞ്ചായത്തീരാജ് നഗരപാലികനിയമങ്ങൾ ഭാരത പാർലമെന്റ് അംഗീകരച്ചത്.1994-ൽ കേരളാ നയമസഭ പഞ്ചായത്തീരാജ് നഗര പാലിക ബില്ലുകൾ അംഗീകരിക്കുകയും അധികാരം പഞ്ചായത്ത് തലത്തിലേക്ക് കൈ മാറുകയും ചെയ്തിരിക്കുന്നു. അതനുസരിച്ച് പഞ്ചായത്തുകൾക്ക് തങ്ങളുടെ പഞ്ചായത്തു കളുടെ സാഹചര്യങ്ങൾക്കനുസൃതമായതും തങ്ങളുടെ പഞ്ചായത്തിന്റെ വികസനത്തിന് ആവശ്യമായ പദ്ധതികൾ ജനപങ്കാളിത്തത്തോടുകൂടി ആവിഷ്ക്കരിക്കുവാനും അവ നടപ്പിലാക്കുവാനും ജനങ്ങൾക്ക് അവയുടെ മേൽനോട്ടം വഹിക്കുവാനുമുള്ള അധികാരവും ലഭിച്ചു. ഇവിടെയാണ് ജനകീയ ആസൂത്രണത്തിന്റെ പ്രസക്തി.

ആസൂത്രണ ചരിത്രത്തിന് ഒരു പുതിയ അദ്ധ്യായം എഴുതി ചേർത്തുകൊണ്ട് നമ്മുടെ സംസ്ഥാനം ഒരു ജനമുന്നേറ്റത്തിന് തുടക്കം കുറിച്ചിരിക്കുന്നു. പദ്ധതി ആസൂത്രണ ത്തിൽ ഇന്ത്യയിൽ നന്നെ പുതുമയുള്ള ഒരു സമീപനമാണിത്. അങ്ങനെ പുതിയ ഒരു വികസന സംസ്കാരം കേരളത്തിൽ രൂപം കൊള്ളുന്നു.

പാണ്ടനാട് പഞ്ചായത്തിൽ 9-ാം പദ്ധതിയുടെ ആസൂത്രണത്തിനാവശ്യമായ നട പടികൾ ഗ്രാമപഞ്ചായത്ത് സമിതിയുടെ നേതൃത്വത്തിൽ ഈ രംഗത്തേക്ക്വന്നിട്ടുള്ള സന്നദ്ധ പ്രവർത്തകരുടെ അകമഴിഞ്ഞ പ്രവർത്തനങ്ങളിലൂടെ മുന്നേറി കൊണ്ടിരിക്കുന്നു. ഗ്രാമസഭാ സംഘാടനത്തിലും ദ്വിതീയ സ്ഥിതിവിവരകണക്കു ശേഖരണത്തിലും പഠന പര്യടനപരിപാടികളിലും സന്നദ്ധ സേനാംഗങ്ങൾ പല സമതികൾ രൂപീകരിച്ച് പ്രവർത്തി ക്കുന്നു. വികസനത്തിൽ താല്പര്യമുള്ള എല്ലാവരേയും നമ്മുടെ പഞ്ചായത്തിന്റെ സമഗ്രവിക സനയജ്ഞത്തിൽ പങ്കെടുക്കുവാൻ ക്ഷണിക്കുന്നു.

# ഉള്ളടക്കം




## ഭാഗം I

1. ആമുഖം
2. സാമൂഹികസാംസ്കാരിക ചരിത്ര പശ്ചാത്തലം
3. ജനപ്രകൃതി

## ഭാഗം II

### വികസനമേഖലകൾ

### I. പ്രാഥമിക മേഖല

1. കൃഷിയും ജലസേചനവും
2. മൃഗസംരക്ഷണം
3. മത്സ്യബന്ധനം

### II. ദ്വിതീയമേഖല

1. വ്യവസായം
2. ഊർജ്ജം
3. സഹകരണം
4. മാർക്കറ്റ്
5. ഗതാഗതം
6. പാർപ്പിടം

### III. തൃതീയ മേഖല സേവനതുറകളും ക്ഷേമപ്രവർത്തനങ്ങളും.

1. വിദ്യാഭ്യാസം
2. സംസ്ക്കാരം
3. കായികരംഗം
4. ആരോഗ്യം
5. കുടിവെള്ളം
6. ശുചിത്വം
7. സാമൂഹ്യക്ഷേമം
8. പട്ടികജാതി/വർഗ്ഗക്ഷേമം
9. വനിതാക്ഷേമം
10. ദാരിദ്ര്യ നിർമ്മാർജ്ജനം
11. പൊതുവിതരണം

## ഭാഗം III

### വിഭവ സമാഹരണം


N
S
VI
VI
V
IV
III
II
I
VII
VIII
തിരുവൻവണ്ടൂർ
പുല്ലാതോട്
പമ്പാനദി
ചെങ്ങന്നൂർ
ഇല്ലിമല
മൂഴിക്കൽ
തോട്
എണ്ണയ്ക്കാട്
എണ്ണയ്ക്കാട്
പുലിയൂർ
പുലിയൂർ



# പാണ്ടനാട് ഗ്രാമപഞ്ചായത്തു വികസനരേഖ 1996

## പൊതുവിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | :- | പാണ്ടനാട് ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജ് | :- | ~~ചെങ്ങന്നൂർ~~ പാണ്ടനാട് |
| ബ്ലോക്ക് പഞ്ചായത്ത് | :- | ചെങ്ങന്നൂർ |
| താലൂക്ക് | :- | ചെങ്ങന്നൂർ |
| അസംബ്ലി മണ്ഡലം | :- | ചെങ്ങന്നൂർ |
| ജില്ല | :- | ആലപ്പുഴ |

**അതിരുകൾ**

| | | |
|---|---|---|
| വടക്ക് | :- | തിരുവൻവണ്ടൂർ പഞ്ചായത്ത് |
| കിഴക്ക് | :- | ചെങ്ങന്നൂർ നഗരസഭ |
| തെക്ക് | :- | പുലിയൂർ, ബുധന്നൂർ പഞ്ചായത്തുകൾ |
| പടിഞ്ഞാറ് | :- | പത്തനംതിട്ട ജില്ലയിലെ കടപ്ര പഞ്ചായത്ത് |

| | | |
|---|---|---|
| ജനസംഖ്യ | :- | 17444 |
| വാർഡുകൾ | :- | 8 |
| പ്രസിഡന്റ് | :- | തോമസ്സ് മാത്യു |
| വൈ: പ്രസിഡന്റ് | :- | കെ. ആനന്ദവല്ലി |

### വാർഡ് മെമ്പറന്മാർ

| | |
|---|---|
| ശ്രീ കെ.പി. വാസുദേവൻ | വാർഡ് I |
| ശ്രീമതി രാധമ്മ ഗോപാലകൃഷ്ണപിള്ള | വാർഡ് II |
| ശ്രീ ജോൺ മാത്യു മുല്ലശ്ശേരി | വാർഡ് III |
| ശ്രീ ജോൺ അലക്സാണ്ടർ | വാർഡ് IV |
| ശ്രീമതി മറിയാസ ജോർജ്ജ് | വാർഡ് VI |
| ശ്രീ ഏബ്രഹാം ജോർജ്ജ് (സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ) | വാർഡ് VII |

# ചരിത്രം

പാണ്ടനാട് പഞ്ചായത്ത് രൂപീകരണത്തിന് മുൻപായി തിരുവൻവണ്ടൂർ പഞ്ചായത്തിന്റെ ഭാഗമായിരുന്നു. 1962 ജനുവരി ഒന്നാം തീയതി പാണ്ടനാട് വില്ലേജ് മാത്രം ഉൾക്കൊള്ളുന്ന വാർഡുകൾ ഉൾക്കൊള്ളിച്ച് പാണ്ടനാട് പഞ്ചായത്ത് രൂപംകൊണ്ടു. (Ref: 1962 - '65 മിനിട്സ് പേജ്. 16) അക്കാലത്തെ പഞ്ചായത്ത് ജനപ്രതിനിധികൾ ഭരണം ഏല്ക്കുന്നതുവരെ സ്പെഷ്യൽ ഓഫീസർ ഭരണ കാര്യങ്ങൾ നടത്തിവന്നു.

18.12.'63 ൽ ബ്ലോക്ക് ആനിമൽ ഹസ്ബന്ററി എക്സ്റ്റൻഷൻ ഓഫീസറുടെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗിൽ തിരഞ്ഞെടുക്കപ്പെട്ട താഴെപറയുന്ന അംഗങ്ങൾ ഹാജരുണ്ടായിരുന്നു.

| | |
|---|---|
| **സർവ്വശ്രീ ഗീവർഗീസ്** | **I** |
| **സർവ്വശ്രീ എം. സി. തോമസ്** | **II** |
| **സർവ്വശ്രീ സി.കെ. കുഞ്ഞൻപിള്ള** | **III** |
| **സർവ്വശ്രീ എ.പി. കുട്ടനുണ്ണിത്താൻ** | **IV** |
| **സർവ്വശ്രീ റ്റി. ചെല്ലപ്പൻ** | **V** |
| **സർവ്വശ്രീ എ.ജെ. ജോൺ** | **VI** |
| **സർവ്വശ്രീ ശ്രീധരൻ നായർ** | **VI** |

ഇവരിൽനിന്നും **എ.ജെ. ജോൺ** പാണ്ടനാട് പഞ്ചായത്തിന്റെ പ്രഥമ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു. അന്ന് പഞ്ചായത്തിന് സ്വന്തമായി പുരയിടവും കെട്ടിടവും ഇല്ലാത്തതിനാൽ കുറച്ചുകാലം മിത്രമഠം വക കടവിലാമഠം കെട്ടിടത്തിലും തുടർന്ന് കീഴവന്മഴി N.S.S. കരയോഗമന്ദിരത്തിലും ഭരണകാര്യാദികൾ നടന്നുകൊണ്ടിരുന്നു.

1966-ൽ പടിഞ്ഞാറെ മഠത്തിൽ ശ്രീമതി കല്യാണിയമ്മയിൽനിന്നും ലഭിച്ച സ്ഥലത്താണ് ഇപ്പോഴത്തെ പഞ്ചായത്താഫീസ് സ്ഥിതിചെയ്യുന്നത്. ഈ സ്ഥലം ലഭിക്കുന്നതിന് ചങ്ങരത്ത് ശ്രീ. സി.കെ. കുഞ്ഞൻപിള്ള ആത്മാർത്ഥമായി ശ്രമിച്ചിരുന്ന കാര്യം ഈ സന്ദർഭത്തിൽ സ്മരിക്കുന്നു. അന്നത്തെ പ്രസിഡന്റ് ശ്രീ. എ.ജെ. ജോൺ 10-12-72-ൽ നിർവ്വഹിച്ചു. 30-4-75-ൽ പൂർത്തിയായ പഞ്ചായത്തുകെട്ടിടത്തിന്റെ ഔപചാരിക ഉദ്ഘാടനം പഞ്ചായത്തു ഡയറക്ടർ ശ്രീ. എം. സുബ്ബയ്യൻ **B.A.B.L.** നിർവഹിച്ചു. തുടർന്ന് ഭരണകാര്യങ്ങൾ സ്വന്തം കെട്ടിടത്തിൽ തുടർന്നുകൊണ്ടിരിക്കുന്നു.

## സാമൂഹിക സാംസ്കാരിക ചരിത്ര പശ്ചാത്തലം

ഈ പഞ്ചായത്തിന് പാണ്ടനാട് എന്ന പേരുവരുവാനുള്ള കാരണം, പഞ്ചപാണ്ഡവൻമാർ വസിച്ചനാട് ആയതിനാലാണ് പാണ്ടനാട് എന്ന പേര് ലഭിച്ചത് എന്ന് പഴമക്കാർ പറയുന്നു. ചെങ്ങന്നൂരിൽ പാണ്ഡവൻപാറയും സമീപസ്ഥലങ്ങളിൽ പാണ്ഡവക്ഷേത്രങ്ങളും ഇതിന് ഉപോൽബലകമായി സ്ഥിതിചെയ്യുന്നു. ഈ പഞ്ചായത്തിന് ചുറ്റുമുള്ള പഞ്ചായത്തുകൾക്കും മറ്റും ഊര് ചേർത്ത നാമമാണ് വന്നിട്ടുള്ളതെന്നത് പ്രസ്തവ്യമത്രെ.

പഞ്ചായത്തിന്റെ പാരമ്പര്യം വിളിച്ചോതുന്ന അനേകം ക്ഷേത്രങ്ങൾ പുരാണിതകാലം മുതലും, പള്ളികൾ തുടങ്ങിയ ആരാധനാലയങ്ങൾ പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും കാണുവാൻ സാധിക്കുന്നു. ജനങ്ങളിൽ ശാന്തിസമാധന മന്ത്രവുമായി അവ ഇന്നും പരിലസിക്കുന്നു.

ദേശീയ സമരരംഗത്തും സാമൂഹ്യപ്രവർത്തനരംഗത്തും പാണ്ടനാട്ടിലെ പ്രബുദ്ധരായ ജനസമൂഹം കർമ്മനിരതരായിരുന്നു എന്നതിന് വളരെ തെളിവുകൾ ഉണ്ട്. കൊല്ലവർഷം 90-ാം മാണ്ടിൽ ദേശീയ സമരവും ക്ഷേത്രപ്രവേശനവുമായി ബന്ധപ്പെട്ട് ഇപ്പോഴത്തെ അഞ്ചാം വാർഡിൽ കരിങ്ങാട്ടിൽവച്ച് ഒരു സമ്മേളനം നടന്നു. വെള്ളൂരേത്ത് കൃഷ്ണപിള്ളയുടെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗിൽ കൺസർവെയ്റ്റർ തയ്യിൽ കെ.ആർ. കുട്ടൻപിള്ള സമ്മേളനം ഉത്ഘാടനം ചെയ്തു. പാമ്പാടി ജോൺ ജോസഫ്, അയ്യൻകാളി എന്നീ മഹാൻമാർ സമ്മേളനത്തിൽ പങ്കെടുത്തു. സാമൂഹ്യപിന്നോക്കാവസ്ഥയ്ക്കും അസമത്വങ്ങൾക്കും എതിരെയുള്ള സമരത്തിന്റെ തുടക്കം കുറിച്ചത് ഈ സമ്മേളനത്തിലായിരുന്നു. ഭാരതസ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട മരംവെട്ടുസമരവും, പാലംപൊളിയും, വൈക്കം സത്യാഗ്രഹത്തിലും ബന്ധപ്പെട്ട് പാണ്ടനാട്ടിലെ നൂറുകണക്കിനാളുകൾ പങ്കെടുത്തിട്ടുണ്ട്.

കർഷകരുടെയും കർഷകതൊഴിലാളികളുടെയും അവകാശ സമരങ്ങളിൽകൂടി സാമ്പത്തിക സാമൂഹ്യരംഗങ്ങളിൽ ഗുണപരമായ മാറ്റങ്ങൾ ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 1958 ൽ കേരളനിയമസസഭ പാസാക്കിയ ആദ്യഭൂപരിഷ്ക്കരണനിയമംമൂലം കൈവശഭൂമി കൃഷിക്കാരന് എന്ന തത്വത്തെ അടിസ്ഥാനമാക്കി പല ഭൂഉടമകളേയും സൃഷ്ടിക്കാൻ ഇടയായിട്ടുണ്ട്. മുൻപ് ഈ ഭൂമികൾ കൈവശത്തിലിരുന്നവർ പാട്ടകൃഷിയാണ് നടത്തിവന്നത് എന്നത് സ്മരണീയമത്രെ. ഭൂമിക്കുവേണ്ടിയുള്ള ഒറ്റപ്പെട്ട സമരങ്ങൾ ഈ പഞ്ചായത്തിലും നടന്നിട്ടുണ്ട്. ഈ നിയമംമൂലം കേരളത്തിൽ ജന്മിത്വം അവസാനിക്കുകയും അതിന്റെ ഫലമായുണ്ടായ മാറ്റം ഭൂഉടമാ വ്യവസ്ഥയിൽ നമ്മുടെ പഞ്ചായത്തിലും ഉണ്ടായിട്ടുണ്ട്.

മൂന്ന് ഗവ.പ്രൈമറിസ്ക്കൂളുകളിൽ 3-ാംവാർഡിലുള്ള കീഴ്വന്മഴി സർക്കാർ പ്രൈമറി സ്ക്കൂളിന് 100 വർഷത്തോളം പഴക്കമുണ്ട്. മറ്റ് രണ്ട് പ്രൈമറി സ്ക്കൂളുകളിൽ ഒന്ന് പാണ്ടനാട് ആറാം വാർഡിലും മറ്റൊന്ന് പ്രയാർ എട്ടാംവാർഡിലും സ്ഥിതിചെയ്യുന്നു. ഇവയ്ക്ക് എഴുപതിൽ പരം വർഷത്തെ പഴക്കമുണ്ട്. ഈ എഴുപതു വർഷങ്ങൾക്കുള്ളിലായി ഒരു സ്വകാര്യപ്രൈമറിസ്ക്കൂളും, ഒരു സ്വകാര്യഹൈസ്ക്കൂളും നമ്മുടെ പഞ്ചായത്തിൽ പ്രവർത്തനം ആരംഭിച്ചു. ജാതിമത വർഗ്ഗഭേദമന്യേ എല്ലാ വിഭാഗം കുട്ടികളും ഈ വിദ്യാലയങ്ങളിൽ വിദ്യതേടി എത്തുന്നു. ഈ വിദ്യാലയങ്ങളിൽനിന്നും വിദ്യനേടിയവർ വളരെ ഉന്നതനിലയിൽ എത്തിയവർ നമ്മുടെ പഞ്ചായത്തിൽ ഉണ്ടെന്നത് ഇന്നത്തെ തലമുറ മനസ്സിലാക്കേണ്ടതാണ്.

## ഭൂപ്രകൃതിയും വിഭവങ്ങളും

അവലംബം:-വിഭവഭൂപടങ്ങൾ, റവന്യൂരേഖകൾ, കൃഷിഭവൻ രേഖകൾ, പഠന പര്യടനം

ഭൂപ്രകൃതിയനുസരിച്ച് പാണ്ടനാട് തീരസമതല പ്രകൃതിയുള്ള ഭൂമിയാണ്. കിഴക്കുനിന്ന് പടിഞ്ഞാറോട്ട് നാമമാത്രമായ ചരിവുണ്ടെന്നുമാത്രം. പമ്പാനദി പാണ്ടനാടിനെ തെക്കും വടക്കുമായി രണ്ടായി വിഭജിക്കുന്നു. എന്നാൽ 6-ാം വാർഡിന്റെ ഒരു ഭാഗം പമ്പാനദിയുടെ ഒരു ശാഖ വീണ്ടും വിഭജിക്കുന്നുണ്ട്. തെക്കുഭാഗത്ത് ഒന്നുമുതൽ അഞ്ചു വാർഡുകളും വടക്കുഭാഗത്ത് ആറുമുതൽ എട്ടുവരെയുള്ള വാർഡുകളും ഉണ്ട്.

പമ്പയുടെ ഇരുകരകളിലും പശിമരാശി മണ്ണാണ് കാണുന്നത് അതുകൊണ്ടുതന്നെ ഫലപുഷ്ടവും. താഴ്ന്ന ഭൂഭാഗങ്ങൾ മഴക്കാലങ്ങളിൽ ജലം കയറി മൂടാറുണ്ട്. ഇവിടെ സമശീതോഷ്ണമേഖലയാണ്. തെക്കുപടിഞ്ഞാറൻ മൺസൂൺ ജൂൺ മുതൽ ആഗസ്റ്റുവരെയും, വടക്കുകിഴക്കൻ മൺസൂൺ ഒക്ടോബർ നവംബർ മാസങ്ങളിലുമാണ്. ഡിസംബർ മുതൽ മാർച്ചുവരെ വർഷപാതം വളരെ കുറവാണ്. ശരാശരി വർഷപാതം 2300 MM-2600 MM നും മദ്ധ്യേയാണ്. ഏപ്രിൽ മെയ് മാസങ്ങളിൽ അന്തരീരോക്ഷ്മാവ് കൂടുതലാണ്.

### ഭൂമിയുടെ കിടപ്പ്:

പുരയിടങ്ങൾ, തകിടി പ്രദേശങ്ങൾ താഴ്ന്ന നെൽപാടങ്ങൾ ഇരുപ്പൂ കൃഷിയിടങ്ങൾ പുഞ്ച എന്നിങ്ങനെ 3 തട്ടുകളായി കാണുന്നു.

പുഞ്ചപാടങ്ങൾ മഴക്കാലത്ത് ജലം കയറി മുങ്ങി കിടക്കും

**സസ്യങ്ങൾ**:- തെങ്ങ്, മാവ്, പ്ലാവ്, ആഞ്ഞിലി, ശീമപ്ലാവ്, പുളി, മരച്ചീനി, വാഴ, കിഴങ്ങുവർഗ്ഗങ്ങൾ, കൊക്കോ, ജാതി, കരിമ്പ് എന്നിവ വളരുന്നതിന് പറ്റിയ മണ്ണാണ്.

ഒന്നാം വാർഡിൽ മൂന്ന് ഏക്കർ സ്ഥലത്ത് റബ്ബർ കൃഷിയുണ്ട്. 50 സെന്റ്സ്ഥലത്ത് തേക്ക് വച്ച്പിടിപ്പിച്ചിട്ടുണ്ട്.

| | |
|---|---|
| പഞ്ചായത്തിന്റെ മൊത്തം വിസ്തീർണ്ണം | :1041.40 ഹെക്ടർ |
| Wet Land (വയലുകൾ) | : 656.26 ഹെക്ടർ |
| പുരയിടം | : 308.31 ഹെക്ടർ |
| റോഡ്, നദി, കുളം | : 76.83 ഹെക്ടർ |
| കൃഷിഭൂമിയുടെ വിസ്തീർണ്ണം | |
| നെൽവയൽ | : 501.26 ഹെക്ടർ |
| കരിമ്പ് | : 155.00 ഹെക്ടർ |
| വിരിപ്പ് മുണ്ടകൻ | : 391.26 ഹെക്ടർ |
| പുഞ്ച | : 103.00 ഹെക്ടർ |

ഈ പ്രദേശത്തെ കൃഷിക്കുള്ള പ്രധാന ജലസ്രോതസുകൾ പമ്പയാറും പമ്പയാറിന്റെ തെക്കേകരയിലുള്ള 5 വാർഡുകളിൽകൂടി കടന്നുപോകുന്ന മൂഴിക്കൽ ഇല്ലിമല തോടുമാണ്. വടക്കേകരയിൽ തുക്കേകാട് പുല്ലാംതോട്, ആഞ്ഞിലിപുഴ വലിയവീട്ടിൽ തോട് അട്ടക്കുഴി തുമ്പിൽ തോട് എന്നിവയും പ്രധാന ജലസ്രോതസുകളാണ്.

നെൽപാടങ്ങൾ നികത്തി തെങ്ങുകൾവച്ച് പുരയിടങ്ങളാക്കുന്ന പ്രവർത്തനം വ്യാപകമായി കാണുന്നുണ്ട്. ഇതിന്റെ ഫലമായി കൃഷിഭൂമിയുടെ വിസ്തീർണ്ണം കുറഞ്ഞിട്ടുണ്ട്.

നാലാം വാർഡിൽ ഏതാണ്ട് 75 ഏക്കറോളം വരുന്ന നെൽപ്പാടങ്ങൾ ഇഷ്ടിക നിർമ്മാണത്തിന് മണ്ണെടുത്ത് വികൃതമാക്കിയിരിക്കുന്നു. ആഴത്തിൽ മണ്ണെടുത്തതിന്റെ ഫലമായി ഈ സ്ഥലങ്ങൾ വെള്ളം കെട്ടിക്കിടന്ന് ചാലുകൾപോലെ കാണപ്പെടുന്നു. ഈ ഭാഗങ്ങളിൽ മണ്ണെടുത്ത സ്ഥലത്തുനിന്ന് മണൽവാരൽപോലും നടക്കുന്നുണ്ട്. അതിന്റെ ഫലമായി ഈ പാടത്തിനു ചുറ്റുമായി താമസിക്കുന്ന ഗ്രാമവാസികളുടെ കിണറുകളിൽ വേനൽക്കാലത്ത് ജലം വറ്റിപ്പോകുകയും തന്മൂലം കുടിവെള്ളക്ഷാമം നേരിടുന്നു. മൂന്നാം വാർഡിലും ഇപ്രകാരം മൂന്ന് ഏക്കറോളം നിലം താഴ്ത്തിയിട്ടുണ്ട്.

7-ാം വാർഡിലുള്ള തോണ്ടറക്കുഴിചാൽ 2 ഏക്കർ 72 സ്ഥലത്തേക്ക് വ്യാപിച്ചിരിക്കുന്നു. എല്ലാ കാലങ്ങളിലും ഈ ചാലിൽ വെള്ളമുണ്ട്. കൂടാതെ ഒന്നാം വാർഡിൽ ഒന്നര ഏക്കർ വിസ്തൃതിയുള്ള ഒരു കുളമുണ്ട് ഇതിന് ഏറുമാടിക്കുളം എന്ന് വിളിക്കുന്നു. 8-ാം വാർഡിൽ P.WD. റോഡിനു കിഴക്കുവശം ജലസ്രോതസിൽ ഉൾപ്പെടാതെ ഒന്നര ഏക്കറോളം വരുന്ന തമ്പരന്നൂർ തോട് സ്ഥിതി ചെയ്യുന്നു.

മിക്ക വാർഡുകളിലും ഒന്നു മുതൽ മൂന്നുവരെയുള്ള കാവുകൾ കാണുന്നു. ഇവയിൽ പലതും സർപ്പാരാധനയ്ക്കായി സംരക്ഷിക്കപ്പെട്ടിരിക്കുന്നു. ഈ കാവുകൾ പരിസ്ഥിതി സന്തുലിതാവസ്ഥക്ക് വളരെയധികം സഹായകമാണ്.

നല്ല സസ്യാവരണമുള്ള പ്രദേശമാണ് പാണ്ടനാട്. മണ്ണിന്റെ ഈർപ്പവും സമശീതോഷ്ണാവസ്ഥയും ഇതിന് സഹായകമാണ്. റോഡിന്റെ ഇരുവശങ്ങളിലും വയലിന്റെ ചുറ്റുമുള്ളതുമായ സസ്യവളർച്ച നെൽകൃഷിക്ക് പ്രയോജനപ്പെടുത്താവുന്നതാണ്. ഇവ പച്ചിലവളമായി ഉപയോഗിക്കാം.

മനുഷ്യവിഭവശേഷിയിൽ പാണ്ടനാട് പിൻനിരയിലല്ല. 91 ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ ജനസംഖ്യ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| ആകെ ജനസംഖ്യ | : | 17444 |
| പുരുഷൻമാർ | : | 8499 |
| സ്ത്രീകൾ | : | 8945 |
| ലിംഗ അനുപാതം | : | 10:10.5 |
| പട്ടികജാതി ആകെ | : | 1763 |
| പുരു. | : | 889 |
| സ്ത്രീ. | : | 874 |
| ശരാശരി കുടുംബ വലിപ്പം | | 6 അംഗങ്ങൾ |

കാർഷികമേഖലയിൽ തൊഴിലാളി പങ്കാളിത്തം കുറയുന്നു. പ്രധാന പ്രശ്നം കൃഷിഭൂമികൾ മറ്റാവശ്യങ്ങൾക്കായി

വിനയോഗിക്കപ്പെടുന്നു എന്നുള്ളതാണ്. കർഷകരെ സംബന്ധിച്ചിടത്തോളം കൃഷി ആദായകരമല്ല. കർഷക തൊഴിലാളികളുടെ വേതനം വർദ്ധിച്ചിട്ടുമുണ്ട്. സേവന നിലവാരം കുറഞ്ഞിട്ടുമുണ്ട്. തന്നെയുമല്ല രാസവളങ്ങളുടേയും കീടനാശിനികളുടേയും വിലവർദ്ധനവും മറ്റൊരു പ്രശ്നമാണ്. ഇതിനൊരു പരിഹാരമായി കൂടുതലായി ജൈവവളങ്ങൾ ഉപയോഗിക്കാൻ കർഷകരെ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

പാണ്ടനാട് പഞ്ചായത്തിലെ സാക്ഷരതാ നിലവാരം 90 ശതമാനമാണ്. പുരുഷന്മാർ 95 ശതമാനവും, സ്ത്രീകൾ 85 ശതമാനവും സാക്ഷരരാണ്. ജനങ്ങളിൽ 25 ശതമാനം തൊഴിൽ രഹിതരായി കഴിയുന്നു ഈ മനുഷ്യവിഭവശേഷി പഞ്ചായത്തുതല വികസന മേഖലയിലേക്ക് തിരിച്ചുവിടാവുന്നതാണ്. ശ്രമദാനവും ഇതിൽ ഉൾപ്പെടുത്താവുന്നതാണ്.

### ജനപ്രകൃതി

1991-ലെ കനേഷുമാരി കണക്കുകൾ പ്രകാരം പാണ്ടനാട് പഞ്ചായത്തിലെ ജനസംഖ്യ 12,039. ഇതിൽ 5837 പുരുഷന്മാരും 6202 സ്ത്രീകളുമാണ്. വാർഡ് തിരിച്ചുള്ള കണക്കുകൾ പട്ടികരൂപത്തിൽ കൊടുത്തിരിക്കുന്നു.

| വാർഡ് നമ്പർ | ജനസംഖ്യ | | ആകെ. |
|---|---|---|---|
| | പുരു: | സ്ത്രീ: | |
| I | 904 | 953 | 1857 |
| II | 689 | 778 | 1467 |
| III | 1012 | 991 | 2003 |
| IV | 814 | 873 | 1687 |
| V | 655 | 714 | 1369 |
| VI | 535 | 571 | 1106 |
| VII | 700 | 774 | 1474 |
| VIII | 528 | 548 | 1076 |
| ആകെ: | **5837** | **6202** | **12,039** |

എന്നാൽ പഞ്ചായത്തിന്റെ ഇപ്പോഴത്തെ ജനസംഖ്യ 17444 ആണ്. ഇതിൽ 8499 പുരുഷന്മാരും 8945 സ്ത്രീകളും ഉൾപ്പെടുന്നു. ലിംഗ അനുപാതം 10:10.5 സാക്ഷരതാനിരക്ക് 90%.പുരു: 95% സ്ത്രീകൾ 85% സാക്ഷരരാണ്.

കൂടുതൽ തൊഴിലവസരങ്ങൾ കാർഷികമേഖലയിലാണ് ഉള്ളത്. നെൽപാടങ്ങളിലെ തൊഴിൽമേഖലയൊഴിച്ച് പരിശോധിക്കുമ്പോൾ വെളിവാക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രവണത സ്ത്രീകളുടെ താഴ്ന്ന പങ്കാളിത്ത നിരക്കാണ്. കാർഷിക മേഖല ആകർഷകമല്ലാതെ വന്നപ്പോൾ പുരുഷന്മാരും സ്ത്രീകളും കെട്ടിടനിർമ്മാണം, റോഡ് നിർമ്മാണം(ടാറിംഗ് ഉൾപ്പെടെ) എന്നീ മേഖലകളിലേക്ക് കടന്നുവന്നിട്ടുണ്ട്. പ്രത്യക്ഷമായ വരുമാനം ലഭിക്കുന്ന തൊഴിലുകളിൽ സ്ത്രീകളുടെ പങ്കാളിത്തം കുറവാണ്. വ്യവസായ മേഖലയിൽ തൊഴിലാളികളുടെ എണ്ണം വളരെ കുറവാണ്. വ്യവസായസ്ഥാപനങ്ങളും ഈ പഞ്ചായത്തിൽ നാമമാത്രമായേ പ്രവർത്തിക്കുന്നുള്ളു. ഇഷ്ടിക നിർമ്മാണ വ്യവസായം പുഷ്ടിപ്പെട്ടിരിക്കുന്നു. ഈ മേഖലയിലും പുരുഷന്മാരും സ്ത്രീകളും പണിയെടുക്കുന്നു. ഇഷ്ടികനിർമ്മാണം കാർഷികമേഖലയെ തളർത്തിയിരിക്കുന്നു. ആ മേഖലയിലെ തൊഴിലവസരങ്ങളും കുറഞ്ഞിരിക്കുന്നു. തൊഴിലില്ലായ്മ കൂടുതലായി കാണുന്നത് സ്ത്രീകളിലാണ്.

ജാതിയുടേയും, സമുദായത്തിന്റേയും സ്വാധീനം പഞ്ചായത്തിൽ കുറഞ്ഞുവരികയാണ്. ചേരിതിരിവുകൾ കുറഞ്ഞിരിക്കുന്നു. ജനസംഖ്യയിൽ ഒന്നാം സ്ഥാനത്ത് ഹിന്ദുക്കളും രണ്ടാം സ്ഥാനത്ത് ക്രിസ്ത്യാനികളുമാണ്. ഒന്നാം വാർഡിൽ ഒരു മുസ്ലിം കുടുംബം പാർക്കുന്നുണ്ട്. മത സമുദായ സൗഹാർദ്ദം നല്ല നിലയിൽ നിലവിലുണ്ട്. ഈ സാഹചര്യം പുരോഗതിക്കും വികസന പ്രവർത്തനങ്ങൾക്കും ആക്ക് കൂട്ടും എന്നതിൽ സംശയമില്ല. സഹകരണ മേഖലവ്യവസായ രംഗത്തേക്ക് കടന്നാൽ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിയും.

വിവിധ മേഖലകളിൽ തൊഴിലെടുക്കുന്നവരുടെ പട്ടിക.

| തൊഴിൽ | പുരു: | സ്ത്രീ: |
|---|---|---|
| കാർഷിക മേഖല | 600 | 750 |
| ആർട്ടിസാൻഡ് മേഖല | 80 | - |
| ഇഷ്ടികവ്യവസായം | 40 | 60 |
| നാളികേരം കൊപ്രയാക്കൽ | 35 | - |
| കരിമ്പാട്ടം | 20 | - |
| റൈസ് മില്ലുകൾ | 18 | - |
| മറ്റുസേവന തുറകൾ | 281 | 108 |

## പ്രാഥമിക മേഖല

### കൃഷിയും ജല സേചനവും

ശബരിമലയുടെ അടിവാരത്തിലൂടെ ഉത്ഭവിച്ച് പല പേരു കേട്ട ദേവാലയങ്ങളുടെയും അരികുചേർന്ന് മത വിശ്വാസികളുടെ കൺവൻഷൻ മണൽപ്പുറം വഴി ഒഴുകി കുത്തിയതോട്ടിൽ വച്ച് രണ്ടായിപിരിഞ്ഞ് വലതുശാഖ മണിമലയാറുമായി ബന്ധപ്പെട്ട് നീരേറ്റുപുറം, എടത്വാ വഴിയായും ഇടതുഭാഗം മാന്നാർ വീയപുരം വഴിയായി വേമ്പനാട്ടുകായലിൽ പ്രവേശിച്ച് അറേബ്യൻ കടലിലേക്ക് ഒഴുകിച്ചേരുന്ന പേരുകേട്ട പമ്പാ നദിയുടെ ഇരുവശങ്ങളിലുമായി ഈ പഞ്ചായത്ത് സ്ഥിതിചെയ്യുന്നു. പമ്പയാറിന് കുറുകെപ്പോകുന്ന മെയിൻ സെൻട്രൽ റോഡിനെ ബന്ധിക്കുന്ന ഇറപ്പുഴപ്പാലത്തിന് വളരെ അടുത്ത് തെക്കേക്കര താഴെ ഭാഗം മുതൽ പടിഞ്ഞാട്ട് പഞ്ചായത്തിന്റെ 1 മുതൽ 5 വരെയുള്ള വാർഡുകൾ ഉൾക്കൊണ്ട് ഇല്ലിമല കടവുവരെയും പമ്പയാറിന്റെ വടക്കേക്കര ഇറപ്പുഴപ്പാലത്തിന് ഒന്നരകിലോമീറ്റർ താഴെ നിന്നും ആരംഭിച്ച് പടിഞ്ഞാട്ട് കുത്തിയതോട് ഫറിക്ക് 500 മീറ്റർ പടിഞ്ഞാറു ഭാഗംവരെയുമായി 6,7,8 വാർഡിലൂടെയും വടക്ക് കല്ലിശ്ശേരി

പള്ളത്ത്പടി കുത്തിയതോട് റോഡിനും തെക്ക് പുലിയൂർ ബുധനൂർ മാന്നാർ റോഡിന്റെ വടക്കുമായിട്ടാണ് പഞ്ചായത്ത് സ്ഥിതിചെയ്യുന്നത്.

ഈ പ്രദേശത്തെ ഭൂപ്രകൃതിയെപറ്റി പറയുകയാണെങ്കിൽ കിഴക്കേ അറ്റവും പടിഞ്ഞാറ്റവുമായി ഏകദേശം ഒന്നര മീറ്റർ പടിഞ്ഞാട്ട് ചരിവിലും തെക്കുവടക്ക് എത്തിച്ച് കുറുകെ മുറിച്ചാൽ പമ്പയാറിന് ഇരുവശവും ഏകദേശം ഒരേ ലവലിലും അതിനുള്ളിൽ ചരിഞ്ഞ് ഒന്നും രണ്ടും മൂന്നും നെൽകൃഷികൾ എടുക്കാവുന്ന വിധത്തിലും സ്ഥിതിചെയ്യുന്നു.

പൂർവ്വകാലങ്ങളിൽ തെങ്ങിൽ നിന്നും കമുകിൽ നിന്നും ധാരാളം വരുമാനമുണ്ടായിരുന്നു. നെൽകൃഷി വർഷത്തിൽ ഒരു പ്രാവശ്യവും രണ്ട് പ്രാവശ്യവുമായി വയൽത്തുവ, മലയാരിയൻ-മലമുണ്ടകൻ-വൈക്കത്താര്യൻ തുടങ്ങിയ മൂപ്പുകൃഷികൾ ചെയ്യുവന്നിരുന്നു. അക്കാലത്ത് ഈ വക വിത്തുകൾ ഉപയോഗിച്ചത് അധിവർഷത്താലുള്ള വെള്ളപൊക്കം മൂലം കൃഷി കുറെയെങ്കിലും നശിക്കാതെ കിട്ടുന്നതിനുവേണ്ടിയായിരുന്നു. കന്നിയിലെടുക്കുന്ന കൃഷി - വെള്ളത്തിൽ കൊയ്യുകയും കച്ചി ചെത്തി, ഒടക്ക് കമ്പിലും അരിവാളിലും കച്ചിവലിച്ച് കൂട്ടി തോണി പന്തിയാക്കി വച്ച ശേഷമാണ് രണ്ടാം കൃഷി ഇറക്കുന്നത്. തുലാവർഷം നിന്നുകഴിഞ്ഞാൽ വലിയ ഉണക്ക് ബാധിക്കുകയും കൊയ്യാൻ പോലും കഴിയാതെ പലവർഷങ്ങളിലും നെൽച്ചെടികൾ തീ കത്തിച്ച് പാടം ശുദ്ധമാക്കുമായിരുന്നു. കർഷകർ പിന്നെയും മീനം മേടമാസത്തിൽ തോണിപന്തിയാക്കി വച്ചിരുന്ന കച്ചി നിരത്തി ഉണക്കി കൂട്ടി തീകത്തിച്ച് കിട്ടുന്ന ചാരവും വിത്തും ചേർത്ത് വിത്തിറക്കി കൃഷിയെടുക്കുന്ന പതിവായിരുന്നു.

ഈ പാടങ്ങളിൽ ചുരുക്കം ചില ഭാഗങ്ങൾ പുഞ്ച കൃഷി ചെയ്യും കൃഷിയെടുപ്പ് നടത്തിവന്നിരുന്നു, എങ്കിലും വരൾച്ച എല്ലാ കൃഷിയ്ക്കും ദോഷം ചെയ്തിരുന്നു.

തകിടി പ്രദേശങ്ങളിൽ നാടൻ കരിമ്പും, കപ്പയും, കപ്പക്കിഴങ്ങും, പഞ്ഞിപ്പുല്ലും, മുതിരയും, പയറും, ഉഴുന്നും കൃഷിയും എടുത്തു വന്നിരുന്നു.

എന്നാൽ പമ്പാഷുഗർ ഫാക്ടറിയുടെ ആരംഭത്തോടെ നാടൻ കരിമ്പുകൃഷി ഉപേക്ഷിക്കുകയും ആലുവ കരിമ്പു കൃഷി വർദ്ധിക്കുകയും ചെയ്തു. ഫാക്ടറിയുടെ ആരംഭത്തിന് മുമ്പ് കാളയെ കെട്ടിയുള്ള നാടൻ ചക്കുകളിലാണ് കരിമ്പാട്ടി നീരുവറ്റിച്ച് ഉണ്ടശർക്കര തുടങ്ങിയവ എടുത്തിരുന്നത്.

ഒന്നും രണ്ടും ലോകമഹായുദ്ധകാലത്തും വരൾച്ചയുടെ കാഠിന്യത്താൽ എല്ലാകൃഷികളും നശിക്കുന്ന കാലയളവിൽ കർഷകർ കൊടുംപട്ടിണിയിലാണ്ടുപോയിട്ടുണ്ട്. അക്കാലത്ത് കർഷകരെ ഒരു പരിധിവരെ ജീവൻ നിലനിർത്തിയതു തേങ്ങയുടെയും പാക്കിന്റെയും നാടൻ വാഴക്കുലകളുടെയും ആദായം കിട്ടിയതിനാൽ മാത്രമാണ്. അക്കാലത്ത് കൃഷിയിൽ നിന്നും കാലാവസ്ഥ അനുകൂലമെങ്കിൽ ഒരു സെന്റിൽനിന്നും 10 kg നെല്ലു കിട്ടുമായിരുന്നുള്ളൂ. പമ്പു മോട്ടറുകൾ ദുർലഭമായതിനാലും വാങ്ങി സംരക്ഷിക്കുവാനുള്ള സാമ്പത്തിക ഭാരത്താലും കർഷകർക്കുവേണ്ടി കർഷകതൊഴിലാളികൾ എട്ടില ചക്രം, പതിനാറില ചക്രങ്ങൾ പെട്ടിയും പറയുമുപയോഗിച്ച് വെള്ളം ഉള്ള ഭാഗത്തുനിന്നും കൈത്തോടുണ്ടാക്കി വെള്ളം കയറ്റുന്ന പതിവും പുഞ്ചകൃഷിക്കാർക്ക് ഒരാശ്വാസമായിരുന്നു എന്നതും വിസ്മരിക്കുന്നില്ല.

ഈ വരൾച്ചയിൽനിന്നും ഒരതിരുവരെ രക്ഷപെട്ടത് തിരുകൊച്ചി സംസ്ഥാനം 1949 ജൂലൈ 1-ന് ഉടലെടുത്ത് പറവൂർ റ്റി.കെ. നാരായണ പിള്ളയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭയിൽ ഉണ്ടായിരുന്ന കൃഷി മന്ത്രി ഇക്കണ്ടവാര്യരുടെ കാലത്ത് 1990-ൽ പമ്പാനദീതട പദ്ധതിയെന്ന പേരിൽ പതിനെട്ട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കിയതിനാൽ ഈ പഞ്ചായത്തിൽ 6 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി കിട്ടിയതിനാൽ അതിനുശേഷം വരൾച്ച അനുഭവപ്പെട്ടിട്ടില്ല. ഈ കാലയളവോടെ പുതിയ വിളകൂടുതൽ കിട്ടുന്ന കൃഷിയിറക്കാനും വിളവെടുക്കാനും കർഷകർ ഉത്സാഹമുള്ളവരായിത്തീർന്നു. തൻനിമിത്തം സെന്റിന് 15 മുതൽ 25 വരെ കിലോഗ്രാം നെല്ല് വിളയിച്ചിട്ടുണ്ട്. അതോടൊപ്പം കുരുമ്പൂപ്പ് കൃഷിയിലൂടെയും സസ്യ കൃഷിയിലൂടെയും ആദായം എടുത്തുവന്നു.

കാലങ്ങൾ നീങ്ങിയതോടെ കാർഷികമേഖലയിൽ തെങ്ങു കൃഷിയിലുള്ള വരുമാനം കാറ്റുവീഴ്ച, മണ്ടചീയൽ, തേങ്ങാ അപ്പാടെ കുത്തനേ-താണു. അടയ്ക്കായുടെ എണ്ണവും കമുകിന്റെ കേടുപാടുമൂലം കുറഞ്ഞു.

ജൈവാംശം കൂടിയതും എക്കൽചേരുവയുള്ളതുമായ മണ്ണാകയാൽ വെള്ളം കെട്ടിനില്ക്കാതെ താഴേക്ക് വാർന്ന് പോകുന്നതിനാലും വളപ്രയോഗമില്ലാതെ കൃഷിയിൽ നിന്നും വിളവ് കിട്ടുകയില്ലെന്ന നില വന്നുചേർന്നു.

ജനസംഖ്യയുടെ വർദ്ധനവും അതിനനുസരണമായ കെട്ടിടങ്ങളും വർദ്ധിച്ചതോടെ പാഴ്‌വസ്തുക്കൾ ഒന്നും ഇല്ലാത്ത നിലയിലായി. തൻനിമിത്തം പച്ചില-ചാണകം എന്നിവയുടെ മിശ്രിത ജൈവവളം പ്രയോഗത്തിൽ കൊണ്ടുവരുവാൻ കർഷകർക്ക് സാധിക്കുന്നില്ല. തന്നെയുമല്ല-ഈവിധ പ്രയോഗത്തിന് വേണ്ടിവരുന്ന ചെലവ് താരതമ്യപഠനം നടത്തിയാൽ സൗകര്യവും ലാഭവുമാണെന്ന തോന്നൽ കർഷകർക്കിടയിൽ എങ്ങനെയോ ഉണ്ടായതിനാൽ രാസവളപ്രയോഗം മാത്രം ലാക്കാക്കി കൃഷിയെടുപ്പ് വന്നതിനാൽ ഇപ്പോൾ നിലത്തിൽ ഒറ്റവിരപോലുമില്ലാത്ത അവസ്ഥയിലാണ്. എന്നിരുന്നാലും മുൻകാലത്ത് ഉപയോഗിച്ച മൂപ്പ് വിത്തുകൾ മാറി 110-125 ദിവസങ്ങൾകൊണ്ട് കൊയ്ത്ത് എടുക്കാവുന്ന 12-85, മകം, കാർത്തിക, ജയ, IR8 തുടങ്ങിയ ഇളവിത്ത് ഇട്ട് കൂടുതൽ വിള എടുക്കുവാൻ ശ്രദ്ധിക്കുന്നു.

**ഈ പഞ്ചായത്തതൃത്തിയിൽ ചെയ്യുന്ന കൃഷികളുടെ വിവരവും വിസ്തൃതിയും**

| | |
|---|---|
| പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം | 959 Hct |
| തെങ്ങ്, കമുക്, നാടൻ വാഴകൾ | 305 Hct+ 47 Hct |
| കുരുമുളക് തുടങ്ങിയ | 8+3 Hct |
| സമ്മിശ്ര കൃഷിചെയ്യുന്ന പുരയിടം | 270 Hct |
| കരിമ്പ്, കപ്പ തുടങ്ങിയവ | 150 Hct+ 0.6 Hct |
| ഒരു പൂവ് കൃഷിചെയ്യുന്ന സ്ഥലം | 103 Hct |
| ഇരിപ്പൂവ് കൃഷിചെയ്യുന്ന സ്ഥലം | 262 Hct |
| കുറുംപൂവ് കൃഷി ചെയ്യുന്ന (പച്ചക്കറികൾ) ഉൾപ്പെടെ സ്ഥലം | 15 Hct |

മുകളിൽ കാണിച്ച വിസ്തൃതിയിൽ നടത്തപ്പെടുന്ന കൃഷികൾ എല്ലാംതന്നെ 1975 നുശേഷം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി മാറ്റി പി.ഐ.പി. ജലം പ്രയോജനപ്പെടുത്താൻ തുടങ്ങിയ കാലംമുതൽ ആദായം കുറഞ്ഞ് വരികയായിരുന്നു. ആവശ്യസമയത്ത് വെള്ളം നല്കുക. കനാലുകൾ എല്ലാംതന്നെ തകർന്നനിലയിലാണ്. ആവശ്യസ്ഥാനങ്ങളിൽ വെള്ളം എത്താതെ ചോർന്ന് ഒലിച്ചുപോകുകയാണ്. പാടങ്ങൾ എല്ലാം കുട്ടനാടൻ പാടശേഖരം പോലെയല്ലാത്തതും ഓരോ വാർഡിലും പൊക്കതാഴ്ചയുള്ള നിലങ്ങളും പുഞ്ചകളും ഉള്ളതിനാൽ ഒരേ കാലയളവിൽ ഈ കൃഷികൾക്ക് വെള്ളം ആവശ്യമില്ലാത്തതിനാൽ തക്കസമയത്ത് വെള്ളം കിട്ടുന്നില്ലെന്നുള്ളതാണ് മുഖ്യകാരണം. തൻനിമിത്തം കൃഷി വരൾച്ചയിലേക്ക് ആണ്ടുപോയി എന്നുതന്നെ പറയാം.

അതുപോലെ മീനംമേടമാസങ്ങളിൽ ഇറക്കുന്ന കൃഷി, കന്നിയിൽ കൊയ്ത്ത് എടുക്കുവാൻ ആഗ്രഹിക്കുന്ന കർഷകർക്ക്, പാടങ്ങളിൽ വെള്ളം കയറിയും പെട്ടെന്ന് വെള്ളം താഴുന്നമുറയ്ക്ക് പാടങ്ങളിലെ വെള്ളം മാറാത്തതിനാലും കൃഷികൾ അളിയുന്നു.

ഈ പഞ്ചായത്തിൽ ഓരോ വാർഡിനെയും ഉൾക്കൊള്ളിക്കുന്ന ആറുതോടുകൾ ഉണ്ട്. ആയത് പുറമ്പോക്ക് തിട്ടപ്പെടുത്തി വീതികൂട്ടി താഴ്ത്തി ആവശ്യമായ സ്ഥാനങ്ങളിൽ ചീപ്പുകൾ നിർമ്മിച്ചും സംരക്ഷണഭിത്തി കെട്ടിയും തോടുകൾ സംരക്ഷിക്കുന്നത് ഒരളവിൽ കൃഷിയെ രക്ഷപെടുത്തുവാൻ കഴിയും. മുൻകാലങ്ങളിലെ പമ്പാനദിയുടെ അടിസ്ഥാന ലവലിനേക്കാൾ 2 മീറ്റർ മുതൽ 6 മീറ്റർ വരെ താഴ്ന്നുപോയതിനാൽ കണ്ടങ്ങളിലോ കിണറുകളിലോ-ചെറുകുളങ്ങളിലോ ഉണക്കുകാലങ്ങളിൽ വെള്ളം ഇല്ലെന്നുള്ളതാണ് സത്യം. ഈ പഞ്ചായത്തിൽ കൃഷിയുടെ ആവശ്യത്തിന് കിണറോ-കുളങ്ങളോ ഇക്കാരണത്താൽ ഉപകരിക്കുന്നതല്ല. എന്നാൽ വിശാലമായ പമ്പയാറ്റിലെ വെള്ളം വറ്റാത്തതിനാൽ മുൻകാലങ്ങളിലുണ്ടായിരുന്ന ലിഫ്റ്റ് ഇറിഗേഷൻ സ്കീം പുന:സ്ഥാപിക്കുകയല്ലാതെ വേറെ ഒറ്റമാർഗ്ഗവും ഊ പഞ്ചായത്തിലെ നെൽകൃഷിയെന്നല്ലാ-എല്ലാ കൃഷികൾക്കും ഇല്ല.

ഉല്പന്നങ്ങളുടെ ശരിയായ വില കർഷകനു ലഭിക്കുന്നില്ല. കർഷകനു ലഭിക്കുന്നതിന്റെ രണ്ട് ഇരട്ടി മുതൽ നാല് ഇരട്ടിവരെ ചില ഉല്പന്നങ്ങൾക്ക് മാർക്കറ്റിൽ വിലയുണ്ട്. ശരിയായ വില കിട്ടുവാൻ കഴിയാത്തത് സഹകരണ സംഘങ്ങളോ അതിനോട് അനുബന്ധിക്കുന്ന മാർക്കറ്റിംഗ് സൊസൈറ്റികളോ ഈ പഞ്ചായത്തിലില്ല. വിപണനത്തിനും സംഭരണത്തിലും ഓരോ വാർഡിലും ഓരോ സൊസൈറ്റികൾ ഉണ്ടായാൽ ഒരു പരിധിവരെ കർഷകർക്ക് ന്യായമായ വില കിട്ടുവാൻ സാധിക്കും.

കൂട്ടുകൃഷി സമ്പ്രദായം പൊതുവേ ആദായകരമായിരിക്കും. എന്നാൽ കർഷകരുടെ ഐക്യതക്കുറവ് ഇതിന് വിഘാതമായി നിലനില്ക്കുന്നു എന്ന് പറയാതിരിക്കാൻ വയ്യ.

കൃഷിയിൽനിന്നും ശരിയായ വരുമാനം കിട്ടാത്തതിനാൽ കൂലി കൂടുതൽ കൊടുക്കുവാനോ രാസവളം വാങ്ങുവാനോ കർഷകർ നന്നേ വിഷമിക്കുന്നുണ്ട്. എന്നിരുന്നാലും പുരയിടങ്ങളിലെ കർഷകതൊഴിലാളിക്ക് ദിവസം 80 രൂപാവച്ചും നെൽപ്പാടങ്ങളിലെ കർഷക സ്ത്രീ തൊഴിലാളിക്ക് 40-45 രൂപാവച്ചും കൊടുക്കുന്നു. വസ്തു ഉടമസ്ഥരായ 15% പേർ മാത്രമേ കൃഷിഭൂമിയിൽ സ്വന്തമായി കൃഷിയിൽ ജോലി ചെയ്യുന്നുളളു. കൊയ്ത്തു മെതിക്ക് 7ന് 1പതവും പതത്തിന്റെ 1/4 തീർപ്പും കൊടുക്കുന്നു. തെങ്ങു കയറ്റക്കാർക്ക് ഒരു തെങ്ങിന് 2 രൂപാ വെച്ചും ചില സ്ഥാനങ്ങളിൽ 3 രൂപാ വെച്ചും കൊടുക്കുന്നു. നെൽപാടങ്ങളിലെ ഉഴവിന് 1 ഏക്കർ സ്ഥലം 2 ചാലു പിടിച്ച് തരുന്നതിന് 200 രൂപാ വെച്ചും ട്രാക്ടർ വഴിയുള്ള ഉഴവിന് മണിക്കൂറിൽ 180 രൂപാവെച്ചും കൊടുക്കുന്നു. ട്രാക്ടർ മണിക്കൂറിൽ 1ഏക്കർ സ്ഥലം 2 ചാല് പൂട്ടുന്നുണ്ട്.

നെൽ കർഷകർ 1 ഏക്കർ നിലത്തിൽ മൊത്തം ഒരു വിളക്ക് 200 Kg രാസവളം ഉപയോഗിക്കുന്നു. എന്നാൽ ജൈവവള പ്രയോഗം ചുരുക്കം ചില കർഷകർ ചെയ്യുന്നുണ്ട്. പാടങ്ങളിൽ ചാണകം വിതറിയും ചപ്പു ചവറുകൾ വിതറിയും ഉഴുത് മൂടി ജൈവവള പ്രയോഗം ഇത്തരത്തിലാണ് ചെയ്യുന്നത്. അതുപോലെ ചില പ്രദേശങ്ങളിലെ മണ്ണിന് ഫലപുഷ്ടിയില്ല. തരിശായി കൃഷിഭൂമിയിടാറില്ല ജലസേചന സൗകര്യം ഉണ്ടാകാത്തതിനാൽ ചുരുക്കം നിലം ചില അവസരങ്ങളിൽ തരിശായി ഇടുന്നവരുമുണ്ട്. താമസയോഗ്യത്തിനും കൃഷിയേക്കാൾ ആദായം ലഭിക്കുന്ന ഇതര കൃഷികൾക്കുമായി ചുരുക്കം ചിലർ ആവശ്യാനുസരണം നികത്തി ഉപയോഗിക്കുന്നു. കീടബാധ വളരെ കൂടുതലാണ്. സമയാസമയത്ത് വെള്ളം കിട്ടാത്തതിനാലും തുലാവർഷശേഷം കൃഷിയിറക്കുന്നതിനാലും വൃശ്ചികമാസശേഷം കൃഷികൾക്ക് കീടബാധയുണ്ടാകുന്നു. നല്ല നടീൽ വസ്തുക്കൾ കിട്ടാനില്ല. ചില പുഞ്ചപ്പാടങ്ങളിലെ നീർക്കെട്ട് പാടത്തെ കൃഷിനാശത്തിനെ ഇടയാക്കുന്നു. സാമ്പത്തിക ഭാരം കൂടുന്നതിനാൽ ഉല്പാദന ക്ഷമത കുറഞ്ഞു വരുന്നു. മുൻകാലങ്ങളിൽ തൊഴിലാളികളെ കൊണ്ട് ചെയ്യിച്ച പണികൾ ഇപ്പോൾ 1/4 കുറയുന്നതിന് ഇടയായിട്ടുണ്ട്. കർഷകതൊഴിലാളികളെ കിട്ടാനില്ലാത്തതും ശരിയായ വരുമാനമില്ലാത്തതിനാൽ കർഷകതൊഴിലാളികളുടെ കൂലി, കൂടുതലാണെന്ന് കർഷകർ വിശ്വസിക്കുന്നു. ഉല്പാദനങ്ങൾക്ക് ശരിയായ ആദായമോ വിലയൊ കിട്ടുന്നില്ല കൃഷി ഭവനത്തിൽനിന്ന് ശരിയായ സഹായം ലഭിക്കുന്നില്ല. നിലവിലുള്ള ജലസേചന ഉപാധികൾ തന്നെ ശരിയായ രീതിയിൽ നടക്കുന്നില്ല. വായ്പാ സൗകര്യം കർഷകർക്ക് പ്രയോജനപ്പെടാൻ സാധിക്കുന്നില്ല. പർച്ചേസിംഗ് സെന്ററുകൾ മാർക്കറ്റ് തുടങ്ങിയവ സ്ഥാപിതമാകുന്നതും ലിഫ്റ്റ് ഇറിഗേഷൻ പുനഃസ്ഥാപിക്കുന്നതും ആവശ്യമായ യന്ത്രോപകരണങ്ങൾ ലഭ്യമാകുന്നതിനും സഹായകരമായ പ്രവർത്തനങ്ങൾ നടത്തുന്നതും കൃഷിയെ കൂടുതൽ വികസിപ്പിക്കുന്നതിനിടയാകുന്നതാണ്.

ഈ പാടശേഖരങ്ങളിൽ പലവിധ രോഗബാധയുണ്ടാകുന്നുണ്ട്.

1. മുട്ടപ്പുഴു -ഇലപ്പുള്ളിരോഗം, 2. ഗാളീച്ച-പോള രോഗം, 3. ഇലചുരുട്ടിപ്പുഴു, 4. മുഞ്ഞ, 5. കുഴൽപ്പുഴു

അതുപോലെ തെങ്ങിനും താഴെ പറയുന്ന രോഗ ബാധയുണ്ടാകുന്നുണ്ട്.

1. കാറ്റുവീഴ്ച, 2. കൂമ്പുചീയൽ, 3. ഇലപ്പുള്ളി, 4. മഞ്ഞളിപ്പ്, 5. ചെന്നീരൊലിപ്പ്, 6. കൊമ്പൻചെല്ലി 7. ചെമ്പൻചെല്ലി.

ചുരുക്കിപ്പറഞ്ഞാൽ വാഴമണ്ടയടയുക സസ്യക്കറികൾക്ക് കീടനാശം മൂലം ഫലം ശരിയായി ലഭിക്കാതിരിക്കുക തുടങ്ങി കർഷകരെ പ്രകൃതിവരെ ഉപദ്രവിക്കുകയാണെന്ന് പറയാം.

വായ്പാ സൗകര്യങ്ങൾ വേണ്ട വിധം ലഭിക്കുന്നില്ല,. ഒരു കോപ്പറേറ്റീവ് സൊസൈറ്റിയും ഒരു നാഷണലൈസ്ഡ് ബാങ്കും കോപ്പറേറ്റീവ് ബാങ്കും ഉണ്ട്. ഈ പഞ്ചായത്തിൽ കേരള കർഷക സമതി നെല്ലുല്പാദന സമതിയുണ്ടെങ്കിലും ഇതിൽ നിന്നൊന്നും ശരിയായ പ്രയോജനം ലഭിക്കുന്നില്ല.

കൃഷി ഭവനിൽ നിന്നും കിട്ടുന്ന തെങ്ങുംതൈകൾ, കുരുമുളക് ചെടികൾ മറ്റ് വൃഷത്തൈകൾ ഒന്നും തന്നെ ശരിയായ ഫലം നൽകുന്നവയല്ല.

പുരയിട കൃഷിയിലെ ഇട വിളകൾ പൊതുവേ കുറഞ്ഞുവരികയാണ്. ഉല്പാദനങ്ങളുടെ വിലയിടിവ്, തൊഴിലാളികളുടെ വേതന വർദ്ധനവ്–ജോലി ആത്മാർത്ഥമായി ചെയ്യണമെന്ന വിചാര ശൂന്യത–ആരോഗ്യപരമായ ജനങ്ങളിലെ ശക്തിക്കുറവ് ഇവയെല്ലാം കാർഷിക രംഗത്തെ ഉല്പാദനക്ഷമത കുറയുകയാണ്.

താഴെ പറയുന്ന അടിയന്തര കാര്യങ്ങൾ നടപ്പിൽ വന്നാൽ കാർഷിക രംഗത്ത് വൻനേട്ടങ്ങൾ ഉണ്ടാക്കാൻ കഴിയും

I. മൂഴിക്കൽ ഇല്ലിമല തോട് താഴ്ത്തി ആവശ്യമായ ചീപ്പും സംരക്ഷണ ഭിത്തികളും നിർമ്മിക്കുക. ചീപ്പുകൾ ആവശ്യമായ സ്ഥലത്ത് സ്ഥാപിക്കുക.

2. തക്കേക്കാട്ട് പുല്ലാം തോട് വീതികൂട്ടി താഴ്ത്തി ആവശ്യമായ സ്ഥാനങ്ങളിൽ ചീപ്പും സംരക്ഷണ ഭിത്തികളും തോടിനെ കുറകെ വേണ്ട ആവശ്യം വേണ്ട സ്ഥാനങ്ങളിൽ ഫുട്പാത്ത് ഉണ്ടാക്കുക.

3. ആഞ്ഞിലിപ്പുഴ വലിയവീട്ടിൽ തോട് പുനരുദ്ധരിക്കുക.

4. ആട്ടക്കുഴി–തുമ്പിൽ തോട് താഴ്ത്തി പുനരുദ്ധരിക്കുക.

5. പ്രമട്ടക്കര പുഞ്ചത്തോട് പുനരുദ്ധരിക്കുക.

6. നെൽപാടങ്ങളിൽ ആവശ്യമുള്ള സ്ഥാനങ്ങളിൽ കൈത്തോടുകൾ നിർമ്മിക്കുക.

II ലിഫ്റ്റ് ഇറിഗേഷൻ

1. പ്രയാർ East– ലിഫ്റ്റ് ഇറിഗേഷൻ സ്ഥാപിക്കുക. ആവശ്യമായ ചാനലുകൾ നിർമ്മിക്കുക.

2. മുറിയായിക്കര L.1.സ്ഥാപിക്കുക ചാനലുകൾ നിർമ്മിക്കുക.

3. പ്രയാർ Weast L.1. സ്ഥിപിച്ച് ചാനലുകൾ നിർമ്മിക്കുക. (കോരകത്ത്)

4. മുതവഴി L.1 Scheme

5. വന്മവഴി L.1 Scheme (മിത്രമഠം S.V.H.S ന് സമീപം)

6. പാണ്ടനാട് East (മിത്രമഠം)L.1. Scheme സ്രാമ്പിക്കടവ്

7. a പാണ്ടനാട് Weast ( L.1 Sheme) കുമ്പഴഞ്ചിറ L.1. പുനഃസ്ഥാപിക്കുക.

b 5–ാം വാർഡിൽ വടക്കേലത്ത് പടി. L.1 Scheme

8. പറക്കടവ് L.1 സ്കീംപുതുതായി ആരംഭിക്കണം.

III പഞ്ചായത്തിന്റെ എട്ടാം വാർഡിലും മാർക്കറ്റിംഗ് സെന്റർ സ്ഥാപിക്കുക.

IV ബാങ്കുകളിൽ നിന്നും ആവശ്യമായ കാർഷിക വായ്പ ലഭ്യമാക്കുക.

V1 കൃഷിഭവനിൽ നിന്നും കൃത്യസമയങ്ങളിൽ സബ്സിഡിയിന്മേൽ കർഷകർക്ക് വളവും കീടനാശിനിയും അതിന്റെ ഉപകരണങ്ങളും നല്കുക.

2. ട്രില്ലറുകൾ, ട്രാക്റ്ററുകൾ തുടങ്ങിയവ നെല്ലുല്പാദ സമതികൾക്ക് ഫുൾസബ്സിഡിയിൽ വിതരണം ചെയ്യുക.

3. 6–7–8 വാർഡുകളിൽ ഉള്ള കർഷകർക്ക് കൂടുതൽ പ്രയോജനവും സൗകര്യവും ഉണ്ടാകുവാൻ പമ്പയാറിന്റെ വടക്കെക്കരയിൽ 8–ാം വാർഡിൽ ഒരു സബ്ഡിപ്പോ സ്ഥാപിക്കുക.

4. പാണ്ടനാട് 1,2,3.4.5 വാർഡുകൾക്കും പുലിയൂർ പഞ്ചായത്ത്, ബുധനൂർ പഞ്ചായത്ത് എന്നീ സ്ഥലങ്ങൾക്കു പ്രയോജനപ്രദമായി. ഇല്ലിമല മൂടിക്കൽ തോട് ടി പഞ്ചായത്തുകളുടെ കൂടി സഹകരണത്തോടെ, പുനരുദ്ധരിക്കുക ആയതിലേക്ക് വേണ്ട ഒരു സമഗ്രമായ പദ്ധതി യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പാക്കേണ്ടത് അനിവാര്യമാണ്

5. ഈ പദ്ധതി പൂർത്തീകരിച്ചാൽ ഏകദേശം 400 Hecter നിലങ്ങളിൽ നിന്നും ഇതും കൃഷിയിനത്തിൽ പാണ്ടനാട് പഞ്ചായത്തിനാവശ്യമായ നെല്ല് ഉല്പാദിപ്പിക്കുന്നതിന് സഹായിക്കുകയും. ബഹുഭൂരിപക്ഷം കർഷകതൊഴിലാളികൾക്കും ആദായകരമായ തൊഴിൽ ലഭ്യമാവുകയും ചെയ്യുന്നു.

## മൃഗസംരക്ഷണം

മൃഗപരിപാലന രംഗത്തെ മുൻകാലങ്ങളെ അപേക്ഷിച്ച് വലിയ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട് പഴയ കാലങ്ങളിലെ ജന്മിമാരായിരുന്നു കൂടുതൽ പശുക്കളെ വളർത്തിയിരുന്നത്. ധാരാളം വിസ്തൃതിയുള്ള പുരയിടങ്ങളും തകടി നിലങ്ങളുടേയും ആധിപത്യം ഇവരിലായിരുന്നതിനാൽ അവയെ കയറൂരി വിട്ട് തീറ്റിപ്പോറ്റുക പതിവായിരുന്നു. ഇന്നും പഴയ തറവാട്ടുകാരുടെ എരിത്തിലുകൾ 10–ം 15–ം പശുക്കളെ ഒരുമിച്ച് കെട്ടാവുന്നതായി കാണാറുണ്ട്. കറവപ്പശുക്കളെല്ലാം തന്നെ നാടൻ പശുക്കളായിരുന്നു. സ്വന്ത ആഹാര അവശിഷ്ടങ്ങളും കഞ്ഞിയും കാടി

യും തവിടും മാത്രം കച്ചി പുല്ല് എന്നിവയ്ക്കു പുറമേ കൊടുക്കുന്നുണ്ടായിരുന്നു. കന്നുകാലികൾക്ക് എന്തെങ്കിലും രോഗം വന്നാലോ അനർത്ഥം വന്നാലോ നാട്ടുവൈദ്യന്മാരുടെ സേവനമായിരുന്നു അധിക സ്ഥലത്തും നടന്നിരുന്നത്. തന്മൂലം ധാരാളം പശുക്കൾ ചത്തൊടുങ്ങിയിട്ടുണ്ട്. സാധാരണ ശരാശരി വരുമാനക്കാരും കന്നുകാലികളെ വളർത്തിയിട്ടുണ്ട് അവരുടെ തൊഴുത്തുകൾ വെറും പുരയോടു ചേർന്നും അല്ലാതെയും ചരിപ്പ് കെട്ടിയും രാത്രികാലങ്ങളിൽ കിടത്തുമായിരുന്നു എരിത്തിലുകൾ ഭംഗിയാക്കുന്നതിനോ ചാണകം വൃത്തിയായി സൂക്ഷിക്കുന്നതിനോ ഉളള യാതൊരു ഉപാധിയും അക്കാലത്തില്ലായിരുന്നു അതുമൂലം കുളമ്പുപനി, വിറയൽ, തളർവാതം, പ്രസവത്തിനുളള പ്രയാസം, പ്രസവാനന്തര രോഗങ്ങൾ ഉണ്ടായിരുന്നു. അവയെ ഒറ്റമൂലി മരുന്നുകൾകൊണ്ട് ശുശ്രൂഷിച്ച് രക്ഷപെടുത്തിയിരുന്നു. അതുപോലെ വിത്തുകാളകളെയാണ് ഇണചേർക്കുന്നതിന് ഉപയോഗിച്ചുവന്നത്.

കാലങ്ങൾ നീങ്ങി പുരോഗമനപരമായ ജീവിതശൈലി ജനങ്ങളിൽ വളർന്നപ്പോൾ അത്യുല്പാദനശേഷിയുളള കന്നുകാലികളെ വളർത്തുന്നതിൽ ജനങ്ങൾ ശ്രദ്ധകേന്ദ്രീകരിച്ചു. നല്ലയിനം വിത്തുകാളകളെ കൊണ്ട് ഇണചേർക്കുന്നതും ഉത്തമമെന്നബോധം വരികയും അത്തരത്തിൽ കുറെ പുരോഗതിയുണ്ടാവുന്നതിനും ഇടയായിട്ടുണ്ട്.

സമീപകാലത്തെ ചില മൃഗാശുപത്രികളും അതിനാവശ്യമായ ഡോക്ടറന്മാരും രംഗത്തു വന്നപ്പോൾ കൂടുതൽ അത്യുല്പാദനശേഷിയുളള ഇനങ്ങളുടെ വ്യാപനവും തുടർന്ന് ഉല്പാദനത്തിലും ഉല്പാദനക്ഷമതയിലും വലിയ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട് അതോടെ നാടൻ പശുക്കളുടെ എണ്ണം പാടേ കുറഞ്ഞു പോയി അതിനു കൊടുക്കുന്ന തീറ്റിയും പരിശ്രമവും കുറേക്കൂടി ശ്രദ്ധ ചെലുത്തിയാൽ കൂടുതൽ ക്ഷീരോല്പാദനം ഉണ്ടാകുമെന്ന ധാരണ ജനങ്ങളിൽ വ്യാപരിച്ചു മൃഗാശുപത്രിയുടെ പ്രവർത്തനങ്ങൾ ഒന്നു കൂടി ഫലപ്രദമായി പുനർക്രമീകരിച്ചാൽ അതിന്റെ ഗുണഫലങ്ങൾ ജനങ്ങൾക്കും ലഭ്യമാകും. ഡോക്ടർമാർ ജനസമ്പർക്കം നടത്തിയാൽ നന്നായിരിക്കും. ഇതിൽ ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കാവുന്നതാണ്.

നാടൻ കാളകൾ 1,3,4,8, വാർഡുകളിലായി 18 എണ്ണവും നാടൻ പശുക്കൾ 2,3,4 വാർഡുകളിലുമായി 4പശുക്കൾ കറവയില്ലാത്തവയായി 1, 5, വാർഡ് ഒഴികെ മറ്റ് വാർഡുകളിലുമായി 7 എണ്ണം സങ്കരവർഗ്ഗത്തിൽപ്പെട്ട പശുവിനങ്ങൾ കറവയുളളത് എല്ലാ വാർഡിലുമായി 486 പശുക്കളും കറവയില്ലാത്തത് 251 എണ്ണവും എരുമവളർത്തലിൽ 3,8 വാർഡ് ഒഴിച്ച് മറ്റ് വാർഡുകളിലായി 11എരുമകളും കറവയില്ലാത്തവയായി 1,3,5,.8, എന്നീ വാർഡുകളിലായി 6 എണ്ണവും പോത്ത് 2, 5, വാർഡൊഴിച്ച് 13 എണ്ണവും ഉണ്ട്.

ആടു വളർത്തൽ എല്ലാം കൊണ്ടും ലാഭകരമായ കൃഷിയാണെങ്കിലും പശുക്കളുടെ വളർത്തലുമായി താരതമ്യപ്പെടുത്തുമ്പോൾ കുറവായിട്ടാണ് കാണുന്നത്. അതിനാവിശ്യമായ പ്രോത്സാഹനം വെറ്റനറി സർക്കുലർമാരിൽ നിന്നും ഉണ്ടാകുന്നില്ല എന്നതാണ് സത്യം. എങ്കിലും എല്ലാ വാർഡിലുമായി കറവയുളളത് 267 എണ്ണവും അല്ലാത്തതായി 142 എണ്ണവും ഈ പഞ്ചായത്തിലുണ്ട്.

കുതിര, പന്നി വളർത്തൽ അപൂർവ്വമായി പന്നി വളർത്തൽ ഉണ്ട് മറ്റ് മൃഗങ്ങൾ എന്നിവ തീരെയില്ലെന്ന് തന്നെ പറയാമെങ്കിലും ഈ പഞ്ചായത്തിലെ ഒന്നാം വാർഡിൽ ഒരു ആനയുണ്ട്. ഇതു സാധാരണക്കാരെ കൊണ്ടു വളർത്തി ആദായം എടുക്കുക പ്രയാസമാണ്.

കന്നുകാലികളെ തന്നെയല്ല നല്ലയിനം കോഴികളെ വളർത്തുന്നതിൽ കർഷകർ ശ്രദ്ധ കേന്ദ്രീകരിക്കുന്നുണ്ട്. പഴയകാലങ്ങളിൽ നാടൻ കോഴികൾ, താറാവ് എന്നിവ കൃഷി ചെയ്തു വന്നിരുന്നു. അതിൽ നിന്നും കിട്ടിവന്നിരുന്ന ആദായം തുലോം തുച്ഛമായിരുന്നു അതായത് മാസം 6 മുതൽ 10 വരെ മുട്ടകളെ കിട്ടിയിരുന്നുളളൂ. എന്നാൽ ഇന്ന് നില മാറി നല്ലയിനം കോഴികളെ വളർത്താനും ശരാശരി മാസം 15മുതൽ 25വരെ മുട്ടയിട്ട് എടുക്കുവാനും കഴിയുന്നുണ്ട്. പക്ഷേ എല്ലാ വീട്ടിലും ഈ പരിപാടിയില്ലെന്ന് തന്നെ പറയാം. വസന്തമൂലം ഒരു വർഷത്തിൽ 2 പ്രാവശ്യമെങ്കിലും കോഴി ചത്തൊടുങ്ങുന്നു. കൂടാതെ രോഗിയായ പിടക്കോഴിയെ സ്പർശിച്ച പൂവൻകോഴികൾ മറ്റ് പിടക്കോഴിയുമായി ബന്ധപ്പെടുക വഴിയും രോഗം പകരാനും ചത്തുപോകാനും ഇടയാകുന്നതായിട്ടാണറിയുന്നത്. ചുരുക്കിപ്പറഞ്ഞാൽ ഈ പഞ്ചായത്തിൽ ഇപ്പോൾ ശരാശരി വാർഡിൽ പൂവൻകോഴികൾ 173- പിടക്കോഴി മുട്ടയിടുന്നത് 658 മുട്ടയിടാത്തതായി 421 ഉണ്ട്. താറാവ് ഇനത്തിൽ വാർഡിൽ 25 ആൺ താറാവും 71 പിടത്താറാവുമുണ്ട്. മുട്ടയിനത്തിൽ ആദായം കിട്ടുന്ന മറ്റിനം, ഖൾഗം, പാത്ത, അരയന്നം, ഗിനി തുടങ്ങിയവ 42 എണ്ണവും ഈ പഞ്ചായത്തിലുണ്ട്.

മുകളിൽ പറഞ്ഞ കാര്യങ്ങളിൽ മൃഗസംരക്ഷണം നിലവിലുളളതിനെ പുരോഗതിയിലേയ്ക്ക് നയിക്കുവാനും രോഗബാധയെ തടയാനും നിലവിലുളള സർക്കാർ സ്ഥാപനങ്ങൾ പ്രയോജനപ്പെടുന്നില്ല. വളരെദൂരം യാത്ര ചെയ്തു വേണം ആശുപത്രികളിൽ ചെല്ലുവാനും പരിഹാരം തേടുവാനും. ഇതിന്റെ പ്രയാസം തരണം ചെയ്യുവാൻ പാണ്ടനാടിന്റെ പമ്പയാറിന് തെക്കുംവടക്കുമായി ഓരോ വെറ്റനറി ഡിസ്പൻസറി അടിയന്തരാവശ്യമാണ്.

ഈ പഞ്ചായത്തുപ്രദേശം തീറ്റപുല്ല് വളർത്താൻ പറ്റിയ സൗകര്യമുളള സ്ഥലം കുറവാണ്. ചെറിയചെറിയ തുണ്ടുഭൂമികളുളള കർഷകർ മറ്റ് കൃഷി എടുത്താണ് ഉപജീവനമാർഗ്ഗം കണ്ടെത്തുന്നത്. ആകയാൽ വിശേഷാൽ സ്ഥലം കണ്ടെത്തി ആ കൃഷി ചെയ്യുന്നതിൽ കർഷകർ തൃപ്തരല്ല. എങ്കിൽതന്നെയും കുറഞ്ഞ അളവിൽ ഇവകൾ കൃഷിചെയ്യാനുളള സൗകര്യം ഇല്ലാതില്ല.

സങ്കരയിനം പശുക്കളെ പാവപ്പെട്ട കർഷകർക്ക് വലിയ ഭാരമാണ്. സംരക്ഷണ ചെലവ് വളരെ അധികമാകുന്നു എന്നതിലുപരി രോഗവിമുക്തത വരുത്തുവാൻ പറ്റിയ ആശുപത്രികൾ സമീപത്തില്ലെന്നതു തന്നെ മറ്റൊരു

കാര്യം. എന്നാൽ വെച്ചൂർ ഇനം പശുക്കൾ ന്യായമായ പാലു തരുന്നു എന്നതുതന്നെയല്ല കൂടിയ ഇനം മറ്റു പശുക്കൾക്ക് കൊടുക്കുന്നത്രയും ആഹാരവും വേണ്ട. രോഗം മറ്റുള്ളവയ്ക്കുണ്ടാകുന്നതിലും കുറവാണ് താനും.

പശുക്കളില്ലാത്ത വീടുകളിലും കടകളിലും പാലു വിറ്റഴിക്കാൻ കഴിയുന്നു എങ്കിലും മിച്ചം പാലു വരുമെന്നുള്ളതിനാൽ ഈ ഭാഗത്തുനിന്ന് കിട്ടുന്ന വിലയെക്കാൾ കുറവാണ് മിൽമായിൽനിന്ന് കിട്ടുന്നതെങ്കിലും കിട്ടുന്ന പാൽ നഷ്ടമാകാതെ വിറ്റഴിക്കാൻ സൊസൈറ്റികൾ അത്യാവശ്യമാണ്. വിറ്റഴിക്കാൻ നിലവിലുള്ളതിനു പുറമേ 6 പാൽ സ്വീകരിക്കാനുള്ള സൊസൈറ്റികൾ ഈ പഞ്ചായത്തിന് അത്യന്താപേക്ഷിതമാണ്. കാലിവളർത്തലിന് ആവശ്യമായ തീറ്റകൾ ഈ സൊസൈറ്റി വഴി ലഭ്യമാകുവാനും ഇടനിലക്കാരെ ഒഴിവാക്കുവാനും ഒരു പരിധിവരെ കഴിയുന്നതാണ്.

പഞ്ചായത്തു മുഖേന ജനപങ്കാളിത്വത്തോടെ ഒരു ഫ്ലോട്ടിംഗ് ഡിസ്പൻസെറി സംഘടിപ്പിച്ചാൽ മൃഗസംരക്ഷണത്തിനും അതിന്റെ പുരോഗതിക്കും വലിയ പ്രോത്സാഹനമായിരിക്കും ഉണ്ടാകുക. കൂടാതെ ഈ പഞ്ചായത്തിൽ കുറഞ്ഞത് 5 കോൾഡ്സ്റ്റോറേജുകളും സൗകര്യപ്രദമായ സ്ഥാനങ്ങളിൽ കൂടുതൽ ഇറച്ചിക്കടകൾ സ്ഥാപിക്കുന്നതും നന്നായിരിക്കും. കാലിവളർത്തലിനുള്ള എരിത്തിലും ചാണകക്കുഴിയും നിർമ്മിച്ചു നല്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

## മത്സ്യബന്ധനം

പുരാതനമായി ഈ പഞ്ചായത്തിൽ 7-ാംവാർഡിൽ തിങ്ങിപ്പാർത്തുകൊണ്ട് മത്സ്യബന്ധനം നടത്തുന്നവരുണ്ട്. അതുപോലെ വർഷകാലങ്ങളിൽ ആറ്റുതീരങ്ങളിലും തോടുകളിലുമായി നിരനിരയായിനിന്നും, അകവലിവുള്ള ഭാഗങ്ങളിൽ ഒറ്റയ്ക്കായും കൂട്ടായും മടവലകൊണ്ടും വീശുവലകൊണ്ടും മത്സ്യം പിടിക്കാറുണ്ട്. പാണ്ടനാട് പഞ്ചായത്തതൃത്തിയൂടെ ഒഴുകുന്ന പമ്പയാറ്റിൽനിന്നും അതിന്റെ വശങ്ങളിലൂടെ ഒഴുകിച്ചേരുന്ന തോടുകളിൽനിന്നും ചാലുകളിൽ നിന്നും ദൈനംദിനജീവിത സംരക്ഷണത്തിനായി ചൂണ്ടയും ദൈർഘ്യതകൂടിയ വീതികുഞ്ഞ കോരുവലകൾ ഉപയോഗിച്ച് മത്സ്യം പിടിക്കുന്നു.

അടുത്തകാലത്തായി ജലത്തിലെ വിഷാംശംമൂലം മത്സ്യങ്ങൾ ചത്തൊടുങ്ങുന്ന അനുഭവം ഉണ്ടാകുന്നുണ്ട്. അതിന്റെ മുഖ്യകാരണം കീടനാശിനി പുഴയിൽ കലക്കി-മത്സ്യത്തെ പിടിക്കുന്ന രീതി-തീരപ്രദേശത്തെ കെട്ടിടങ്ങൾക്കും സംരക്ഷണകെട്ടുകൾക്കും കേടു സംഭവിക്കുന്നവിധം വെള്ളത്തിലിട്ട് തോട്ട പൊട്ടിക്കുന്ന രീതി-പാടങ്ങളിലും പുരയിടങ്ങളിലും ഉപയോഗിക്കുന്ന രാസവസ്തുക്കളുടെയും കീടനാശിനി മരുന്നുകളുടെയും പുഴയിലേക്കുള്ള വഴിയാലും ഒലിപ്പിനാലും വന്നുചേരൽ. ഇവയെല്ലാം മത്സ്യം നദീതടങ്ങളിൽ കുറയുന്നതിനിടയാകുന്നു. ശുദ്ധജലത്തിൽ ജീവിക്കുന്നതും 2-3 മാസത്തിനകമായി പൂർണ്ണവളർച്ചയെത്തുന്നതുമായ മത്സ്യങ്ങളെ ഈ ഭാഗത്ത് നവംബർമാസം മദ്ധ്യത്തോടെ വിട്ടാൽ ഏപ്രിൽ മാസാവസാനത്തോടെ അവയുടെ വളർച്ച പൂർത്തീകരിച്ച് കിട്ടുന്നതും അവയെ വിപണിയിലെത്തിക്കുന്നതിനും സാധിക്കും.

ആറുഭാഗങ്ങളിൽനിന്നുമായി അതായത് പമ്പയാറിന്റെ മൂഴിക്കൽഭാഗം തൊട്ട് ഇല്ലിമലവരെയുള്ള പമ്പാനദിയിൽ നിന്നും മൂഴിക്കൽ ഇല്ലിമല തോടിനിടയിലുള്ള ചാലുകളിൽ നിന്നും, തിക്കേക്കാട്ട് പുല്ലാംതോട്, തോട്ടിനുള്ളിലെ ചാലിൽനിന്നും ചുരക്കുഴിതോട്ടിൽനിന്നും തോണ്ടറക്കുഴി ഏർമട്ടക്കുഴി ഭാഗത്തുനിന്നുമായി 250 ഹെക്ടർ വിസ്തീർണ്ണം വരുന്ന ജലപ്പരപ്പിൽനിന്നും മത്സ്യം പിടിക്കുന്നുണ്ട്. ഏതാണ്ട് 78പേരും മത്സ്യബന്ധനത്തിനും ആയത് വിറ്റഴിക്കുന്നതിനുമായി 56 പേരും സമയം ചെലവഴിക്കുന്നുണ്ട്. ഭാഗീകമായി ഈ തൊഴിലിൽപ്പെട്ടവർ 25പേരോളം ഉണ്ട്. വലനന്നാക്കുന്നതിനായി 15 പേർ സമയം എടുക്കുന്നു. മത്സ്യത്തൊഴിലാളികളുടെ ഒരു രജിസ്റ്റേർഡ് സൊസൈറ്റി നിലവിലുണ്ട്. ഉൾനാടൻ മത്സ്യബന്ധനമാകയാൽ ഏട്ട, കൂരി, കുറുവാ, തൂളി, വാള, വരാൽ, മുശി, കാരി, ചെറിയചെറുമത്സ്യങ്ങൾ എന്നിവയാണ് കിട്ടുന്നത്. അതിനാൽ മിച്ചം വരുന്നില്ലെങ്കിലും മത്സ്യം ഉണക്കിവില്ക്കുന്ന ഏർപ്പാട് ഇവിടെയില്ല. ആധുനികസജ്ജീകരണങ്ങൾ ഇല്ല. മത്സ്യത്തിന്റെ ഗണത്തിലും വലിപ്പത്തിലും കുറവുവന്നിട്ടുണ്ട്. ഇടനിലക്കാരുടെയോ വേറെ വിധേനയോ ചൂഷണം ഉണ്ടാവുന്നില്ല. കൂട്ടുത്തരവാദിത്വത്തോടെ സ്വന്തം ഉരുക്കളുടെ സഹായത്തോടെ മത്സ്യബന്ധനം നടക്കുന്നു.

## വ്യവസായം

പാണ്ടനാട് പഞ്ചായത്ത് പ്രധാനമായും ഒരു കാർഷികമേഖലയാണ്. ഈ പ്രദേശത്തെ തൊഴിൽ മേഖലയാകെ പരിശോധിച്ചാൽ വ്യവസായികമായി ഒട്ടും പുരോഗതി നേടിയിട്ടില്ലാത്ത ഒരു ഭൂവിഭാഗമാണ്. ഈ പഞ്ചായത്ത് എന്ന് കാണാം. ഈ പഞ്ചായത്തിലുള്ള മൊത്തം ജനസംഖ്യയിൽ 270 പേർ മാത്രമാണ് വ്യവസായികമായി പണിയെടുക്കുന്നത്. ഇത് കാണിക്കുന്നത് പഞ്ചായത്തു പ്രദേശത്തെ വ്യവസായിക വളർച്ച ഒട്ടും ആശാവഹമല്ല എന്നതാണ്.

മുഖ്യവ്യവസായമായി എടുത്തു പറയത്തക്ക വ്യവസായങ്ങൾ ഒന്നുംതന്നെ ഈ പ്രദേശത്തില്ല. പരമ്പരാഗത വ്യവസായങ്ങളും കാര്യമായി ഈ പഞ്ചായത്തിലില്ല. എന്നാൽ പമ്പാഷുഗർമിൽ മെച്ചപ്പെട്ടനിലയിൽ പ്രവർത്തിച്ചിരുന്ന കാലഘട്ടത്തിൽ തെങ്ങ്, നെല്ല്, ഇവയോടൊപ്പംതന്നെ കരിമ്പുകൃഷിയും ഈ മേഖലയിൽ പ്രധാന കൃഷിവിളയായിരുന്നു. ആ കാലഘട്ടത്തിൽ കരിമ്പ് ആട്ടി ശർക്കര ഉല്പാദിപ്പിക്കുന്ന വ്യവസായം മെച്ചമായി നടന്നിരുന്നു. ഇപ്പോൾ നഷ്ടംമൂലം കർഷകർ കരിമ്പുകൃഷി ചെയ്യാതെ വന്നതിന്റെ പശ്ചാത്തലത്തിൽ ഈ വ്യവസായവും തകർച്ചയിൽ എത്തുകയാണ്. ഇതിന് പരിഹാരമാർഗ്ഗം കാണേണ്ടിയിരിക്കുന്നു.

പരമ്പരാഗത വ്യവസായപട്ടികയിൽ ഉൾപ്പെടുന്നില്ലെങ്കിലും ഇഷ്ടികനിർമ്മാണം ഈ പഞ്ചായത്തിലെ ഒരു പ്രധാനവ്യവസായമാണ്. ഇതിന്റെ നിർമ്മാണം ഒരു പ്രത്യേകകാലത്തു മാത്രമാണ് നടക്കുന്നത്. അതായത് ഡിസംബർ മുതൽ മാർച്ച് മാസം വരെയുള്ള കാലയളവിൽ. ഇഷ്ടിക നിർമ്മാണത്തിനാവശ്യമുള്ള അസംസ്കൃതവസ്തു

വായമണ്ണിന്റെ ലഭ്യതകുറവുമൂലം ഈ വ്യവസായം ഇപ്പോൾ തകർച്ചയെ നേരിടുകയാണ്. ഈ വ്യവസായം സ്വകാര്യ വ്യക്തികളുടെ നിയന്ത്രണത്തിലാണ് നടക്കുന്നത്. ഈ മേഖലയിൽ പണിയെടുക്കുന്നവരുടെ എണ്ണം പട്ടികയിൽ ചേർത്തിട്ടുണ്ട്.

മണൽവാരൽ ഈ പഞ്ചായത്തിലെ ഒരു പ്രധാന തൊഴിൽമാർഗ്ഗമായിരുന്നു. എന്നാൽ നദിയിൽനിന്നും മണൽവാരുന്നത് പരിസ്ഥിതിപ്രശ്നം സൃഷ്ടിക്കുന്നതിനാൽ മണൽവാരൽ നിരോധിച്ചതുമൂലം തൊഴിൽ അവസരങ്ങൾ നഷ്ടപ്പെട്ട അവസ്ഥയാണുള്ളത്. ഇവർക്ക് മറ്റു രംഗങ്ങളിൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കേണ്ടതാണ്. അനധികൃത മണൽവാരൽ ഇപ്പോഴും തുടരുന്നതായി അറിയുന്നു.

ആധുനിക വ്യവസായത്തിന്റെ പട്ടികയിൽപ്പെടുത്താവുന്ന വളരെക്കുറച്ചുമാത്രം ചെറുകിട വ്യവസായങ്ങളെ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുള്ളു. ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വ്യവസായ യൂണിറ്റുകൾ, വ്യവസായ തൊഴിലാളികൾ, ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ഇവയെ സംബന്ധിച്ച വിവരങ്ങൾ പട്ടിക രൂപത്തിൽ ചുവടെ ചേർത്തിരിക്കുന്നു.

### വ്യവസായ യൂണിറ്റുകൾ സംബന്ധിച്ച വിവരങ്ങൾ

| ഇനം | 10വരെ തൊഴിലാളികൾ | ആകെ യൂണിറ്റ് | മൊത്തം തൊഴിലാളികൾ |
|---|---|---|---|
| തടി | 2 | 2 | 10 |
| ഭക്ഷ്യവസ്തു സംസ്ക്കരണം | 1 | 1 | 7 |
| ഇൻജിനിയറിംഗ് | 1 | 1 | 3 |
| മറ്റുള്ളവ | 13 | 13 | 250 |
| തുണി | – | – | – |
| പുകയില | – | – | – |
| ഇലക്ട്രോണിക്സ് | – | – | – |
| ആകെ | 17 | 17 | 270 |

### തൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ

| ഇനം | തൊഴിലാളികൾ | ശതമാനം |
|---|---|---|
| റിപ്പയർഷോപ്പുകൾ | 5 | – |
| മറ്റു വ്യവസായങ്ങൾ | 270 | 100% |



### പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ചെറുകിട വ്യവസായ യൂണിറ്റുകൾ സംബന്ധിച്ച വിവരങ്ങൾ

| ഇനം | എണ്ണം | തൊഴിലാളികളുടെ എണ്ണം | | ആകെ |
|---|---|---|---|---|
| | | പുരു. | സ്ത്രീ | |
| നെല്ലുകുത്തുമിൽ | 18 | 18 | – | 18 |
| അരയ്ക്കൽപൊടിയ്ക്കൽ | 7 | 7 | – | 7 |
| എണ്ണയാട്ടുമിൽ | 4 | 4 | – | 4 |
| കരിമ്പ് ആട്ടുമിൽ | 5 | 20 | – | 20 |
| നാളികേര സംസ്ക്കരണം | 7 | 35 | – | 35 |
| തടിയറക്കൽ-ഫർണിച്ചർ | 2 | 10 | – | 10 |
| അച്ചടി | 1 | 2 | – | 2 |
| ഇഷ്ടികവ്യവസായം | 10 | 40 | 60 | 100 |
| ഹോളോബ്രിക്സ് | 1 | 5 | – | 5 |
| കിണർ റിംഗ് | 2 | 4 | – | 4 |
| ഭക്ഷണപദാർത്ഥയൂണിറ്റ് | 1 | – | 7 | 7 |
| കറിപൗഡർയൂണിറ്റ് | 2 | – | 17 | 17 |
| പാൽ-പാൽ ഉല്പന്നയൂണിറ്റ് | 1 | – | 8 | 8 |
| സെറികൾച്ചർ യൂണിറ്റ് | 1 | 4 | 8 | 12 |
| അഗർബത്തി യൂണിറ്റ് (പ്രവർത്തനം ഇല്ല) | 1 | – | 8 | 8 |
| സ്റ്റീൽഫേബ്രിക്കേഷൻ | 1 | 3 | – | 3 |
| പ്ലാസ്റ്റർ ഓഫ് പാരീസ് റൂഫിംഗ് | 2 | 10 | – | 10 |
| ഇറച്ചിക്കോഴി | 4 | 4 | – | 5 |
| പന്നി | 1 | 1 | – | 1 |
| ആകെ | 71 | 169 | 108 | 276 |

മുകളിൽ കൊടുത്തിരിക്കുന്ന യൂണിറ്റുകളിൽ ഭക്ഷണപദാർത്ഥയൂണിറ്റ്, കറിപൗഡർയൂണിറ്റ്, പാൽ-പാൽ ഉല്പന്ന യൂണിറ്റ് ഇവ D.WCRA പദ്ധതിപ്രകാരം സിറികൾച്ചർ യൂണിറ്റ്, അഗർബത്തിയൂണിറ്റ് പ്രവർത്തിക്കേണ്ടവയാണ് എന്നാൽ അഗർബത്തി വ്യവസായം നിലവിലില്ല. ഇവ ഖാദിഗ്രാമവ്യവസായബോർഡിന്റെ പദ്ധതിപ്രകാരം പ്രവർത്തിക്കുന്നവയാണ്. ഈ യൂണിറ്റുകൾ ഒന്നുംതന്നെ ഫാക്ടറിയടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നവയല്ല.

വൻകിട വ്യവസായങ്ങൾക്ക് സാധ്യത കുറവുള്ള ഈ പഞ്ചായത്തിൽ ചെറുകിട വ്യവസായങ്ങൾക്ക് വളരെയധികം സാധ്യതകളുണ്ട്. ഇതിനാവശ്യമായ സാങ്കേതിക വൈദഗ്ദ്ധ്യവും മനുഷ്യവിഭവവും ലഭ്യമാണ്. ഈ സാഹചര്യത്തിൽ താഴെ പറയുന്ന ചെറുകിട വ്യവസായങ്ങൾക്ക് സാധ്യത കൂടുതലുണ്ട്.

1. ഖാദിവ്യവസായബോർഡിന്റെ നിയന്ത്രണത്തിൽ മെഴുകുതിരി വ്യവസായം, സോപ്പുവ്യവസായം, ബുക്കുബയന്റിംഗ് വ്യവസായം, നൂൽനൂൽപ്പ്, തുണിനെയ്ത്ത്
2. A42 സഹകരണബാങ്ക് നിലവിൽ നാളികേരസംഭരണം നടത്തുന്നുണ്ട് ഇത് കുറച്ചുകൂടി വിപുലീകരിച്ച് സംസ്കരണവും എണ്ണയാട്ടും നടത്താവുന്നതാണ്.
3. വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിൽ കറിപൗ

ഡർ നിർമ്മാണം, പലഹാര നിർമ്മാണം, റെഡിമെയ്ഡ് ഡ്രസ് നിർമ്മാണം ഇവ നടപ്പാക്കാവുന്നതാണ്.

4. കരിങ്കല്ല് പൊട്ടിച്ച് മെറ്റൽ ഉല്പാദനയൂണിറ്റ്.

## ഊർജ്ജം

പാണ്ടനാട് ഗ്രാമപഞ്ചായത്തിൽ മുൻകാലങ്ങളിൽ മണ്ണെണ്ണവിളക്കുകളുടെ ഉപയോഗമാണ് ഉണ്ടായിരുന്നത്. എന്നാൽ വൈദ്യുതിയുടെ വരവോടുകൂടി പഞ്ചായത്തിന്റെ പുരോഗതിക്ക് സാർവത്രികമായ മാറ്റം സംഭവിച്ചുതുടങ്ങി. ആദ്യകാലങ്ങളിൽ ഉൾപ്രദേശങ്ങളിലേക്ക് വൈദ്യുതി എത്തിയിരുന്നില്ല. കാലത്തിന്റെ വ്യതിയാനമനുസരിച്ച് പഞ്ചായത്തിന്റെ ഉൾഭാഗത്തേക്ക് വൈദ്യുതിയുടെ ഉപയോഗം വ്യാപിച്ചു. വൈദ്യുതിയുടെ വരവോടുകൂടി കാർഷികമേഖലയുടെ പുരോഗതി വർദ്ധിച്ചിരുന്നു. ഇരുട്ടിലാണ്ടു കിടന്ന വഴികളിൽ വഴിവിളക്കുകൾ മൂലം ശാപമോക്ഷം ലഭിച്ചിരുന്നു എന്നത് സ്മരിക്കുന്നു. എന്നാൽ ഇന്നത്തെ സ്ഥിതിനേരെ മറിച്ചായിരിക്കുന്നു. ഭൂരിഭാഗംവൈദ്യുത വിളക്കുകളും പ്രകാശിക്കുന്നില്ല അഥവാ പ്രകാശിപ്പിക്കുന്നില്ല എന്ന സ്ഥിതിയിലായിരിക്കുന്നു. പല കോളനികൾക്കും, ഉൾപ്രദേശത്തു താമസിക്കുന്നവർക്കും വൈദ്യുതി എത്തിയിട്ടില്ല. വൈദ്യുതി എത്തിയ കോളനികളിൽ ആവശ്യത്തിന് വഴിവിളക്കുകൾ സ്ഥാപിച്ചിട്ടില്ല. ഏതാനും വർഷങ്ങളായി ആരംഭിച്ച പവർകട്ട് ജനങ്ങൾക്ക് ദോഷകരമായി ബാധിച്ചിട്ടുണ്ട്. എന്നാൽ പവർകട്ട് അല്ലാത്ത സമയങ്ങളിലും വൈദ്യുതി ലഭിക്കുന്നില്ല എന്ന നിലയും ഉണ്ടാകുന്നുണ്ട്. ചെങ്ങന്നൂർ ഇലക്ട്രിസിറ്റി സബ്ഡിവിഷൻ കല്ലിശ്ശേരി സബ്ഡിവിഷൻ ഓഫീസിന്റെ കീഴിലുമായിട്ടാണ് ഈ പഞ്ചായത്തിലെ ഉപഭോക്താക്കൾ. പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള ട്രാൻസ്ഫോർമറുകൾ പഞ്ചായത്തിലെ ഉപഭോഗത്തിന്റെ മുഴുവൻ ഭാരവും വഹിച്ചുനില്ക്കുന്നതിനാൽ വോൾട്ടത ക്ഷാമം സാർവത്രികമായിരിക്കുന്നു. പഞ്ചായത്തിൽ ഇനിയും ഏതാണ്ട് ഇരുന്നൂറോളം വഴിവിളക്കുകൾ സ്ഥാപിക്കേണ്ടിയിരിക്കുന്നു. ചില പ്രധാനപ്പെട്ട ഭാഗത്തേക്ക് പോസ്റ്റ് സ്ഥാപിക്കുവാനും ലൈൻ വലിക്കുന്നതിനും ആവശ്യമുണ്ട്. പല ഭവനങ്ങൾക്കും വൈദ്യുതി എത്തിക്കേണ്ടിയിരിക്കുന്നു. ഇതൊക്കെ പ്രാവർത്തികമാക്കിയാൽ വീണ്ടും വോൾട്ടത ക്ഷാമം കൂടും ആയതിന് ചില പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നു.

ഇലവൺ കെ.വി. ലൈനുകൾ വലിച്ച് പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക. വൈദ്യുതി ലാഭിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും തെരുവുവിളക്കുകളിൽ ഫ്ലൂറസന്റ് ലാമ്പുകളും, ട്യൂബുകളും ലൈറ്റുകളും സ്ഥാപിക്കുക. വൈദ്യുതിനഷ്ടം ഒഴിവാക്കുന്നതിലേക്കായി ഇലക്ട്രിസിറ്റി വകുപ്പുമായി ആലോചിച്ച് പഞ്ചായത്തിലെ സംഘടനകൾ സഹകരിച്ച് ടച്ചിംഗ് വെട്ടിമാറ്റുക. വീടുകളിൽ ആവശ്യമില്ലാത്ത സമയങ്ങളിൽ ലൈറ്റുകളും ഫാനുകളും ഉപയോഗിക്കാതിരിക്കുക. സർക്കാർ തുടങ്ങി മറ്റിതര സ്ഥാപനങ്ങളിൽ ജോലിക്കാർ ഇല്ലാത്ത അവസരങ്ങളിൽ ലൈറ്റുകളും ഫാനുകളും പ്രവർത്തിപ്പിക്കാതിരിക്കുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുക. യഥാസമയം വഴിവിളക്കുകൾ പ്രകാശിപ്പിക്കുകയും കെടുത്തുകയും ചെയ്യുക. പഞ്ചായത്തുമായി ഇലക്ട്രിസിറ്റിബോർഡ് ജീവനക്കാർ സഹകരിക്കുക. മൂന്നുമാസത്തിലൊരിക്കലെങ്കിലും ജോയിന്റ് ഇൻസ്പെക്ഷൻ നടത്തണം. പാണ്ടനാട് പഞ്ചായത്തിൽ തെക്കേക്കര ഒരു ഇലക്ട്രിസിറ്റി സബ് ഇൻജിനീയർ ഓഫീസ് തുറന്നിട്ടുണ്ട്. തെരുവ് വിളക്ക് പ്രകാശിപ്പിക്കുന്നതിലേക്കായി മാത്രം പഞ്ചായത്ത് വരുമാനത്തിന്റെ 5.76 ശതമാനം വരുമാനം ചിലവഴിക്കുന്നു. അതായത് പ്രതിവർഷം 62,928 രൂപാ.

പഠന പര്യടനത്തിൽ നാലാംവാർഡിൽ ഒരു സൗരോർജ്ജവിളക്ക് കാണുവാനിടയായി. ഒരു ട്യൂബ് ലൈറ്റിന്റെ പ്രകാശം ലഭിക്കും. ശരിയായ ഊർജ്ജം ലഭിച്ചാൽ ഇത് ആറുമണിക്കൂർ പ്രവർത്തിക്കും. ഇതിന് 2500 രൂപ വിലയാണ്. എന്നാണ് അറിഞ്ഞത്. ഇത് പ്രചാരത്തിലായാൽ പവർകട്ടിൽനിന്ന് നമുക്ക് വിമുക്തിനേടുവാൻ കഴിയും.

പഞ്ചായത്തിൽ കൂടുതൽ വിഭാഗവും വിറകടുപ്പാണ് ഉപയോഗിക്കുന്നത്. വസ്തുക്കളിൽ താമസം കൂടിയതിനാൽ വിറകു ലഭിക്കുക പ്രയാസമായിരിക്കുന്നു. വിറകിനുവേണ്ടി മരങ്ങൾ വെട്ടിയാൽ പുതിയവ വച്ചു പിടിപ്പിക്കുന്നതിനുള്ള പ്രവണത നടപ്പിലാകാത്തത് വിറകുക്ഷാമം ഉണ്ടാക്കുന്നതിനിടയാകുന്നു. ഗ്യാസ് ഉപയോഗിച്ചുള്ള പാചകരീതി കൂടുതലും സ്ഥിരവരുമാനക്കാരാണ് ഉപയോഗിക്കുന്നത്. എന്നാൽ തന്നെ ഗ്യാസ് സിലിണ്ടറുകൾ പഞ്ചായത്തിൽ വളരെ കാത്തിരിപ്പിനുശേഷമേ ലഭിക്കുന്നുള്ളൂ. പഞ്ചായത്തിലെ കോളനികൾ സന്ദർശിച്ചതിൽ ഭൂരിഭാഗം കുടുംബങ്ങൾക്കും വിറക് കിട്ടുന്നതിന് വിഷമിക്കുന്നവരാണ്. കരീലകൾ വരെ ഉപയോഗിച്ച് പാചകം ചെയ്യുന്നവരുണ്ട്. വൈദ്യുതി ഉപയോഗിച്ച് പാചകം ചെയ്യുന്നവർ ഇല്ല. ഇതിന് കാരണം കറന്റ് ചാർജ് വർദ്ധനയാണ്. മണ്ണെണ്ണ പാചകത്തിനായി ഉപയോഗിക്കുന്നവരുണ്ട്. മണ്ണെണ്ണയ്ക്ക് പെർമിറ്റ് നൽകുന്നത് പ്രതിമാസം 500 രൂപാ വരുമാനമുള്ളവർക്ക് മാത്രം നൽകുന്നതുമൂലം താഴെക്കിടയിലുള്ളവർക്കും'' പെർമിറ്റ് ലഭിക്കുന്നില്ല എന്നതും പ്രസ്താവ്യമത്രെ.

പാണ്ടനാട് ഗ്രാമപഞ്ചായത്തിൽ സാർവ്വത്രീകമായി പുകയില്ലാത്ത അടുപ്പുകൾ ഉപയോഗിച്ചാൽ വിറകിന്റെ ഉപഭോഗം കുറയ്ക്കുന്നതിനും അന്തരീക്ഷമലിനീകരണം കുറയ്ക്കുന്നതിനും ഇടയാക്കും. 130 പേർക്ക് ഈ പഞ്ചായത്തിൽ അടൂർ പഴകുളം സർവ്വീസ് സഹകരണസംഘം പുകയില്ലാത്ത അടുപ്പുകൾ നിർമ്മിച്ചുകൊടുത്തിട്ടുണ്ട്. ശാസ്ത്രസാഹിത്യപരിഷത്ത് പുകയില്ലാത്ത അടുപ്പുകൾ 260 രൂപാ കെട്ടിവച്ചാൽ അടുപ്പ് ഫിറ്റ് ചെയ്തു കഴിഞ്ഞ് സബ്സിഡിയായി 180 രൂപാ തിരികെ നൽകുന്നുണ്ട്. ഈ പദ്ധതി ഉപയോഗപ്പെടുത്തുന്നതിന് പൊതുജനങ്ങൾ ഉത്സുകരായാൽ ഒരു പരിതിവരെ വിറകുക്ഷാമം പരിഹരിക്കാവുന്നതിന് ശ്രമിക്കേണ്ടതാണ്. ഇത്തരം ഒരു സ്കീം 9-ാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയാൽ ഇന്ധന ക്ഷാമം പരിഹരിക്കുന്നതിനുള്ള പാതയിൽ ബഹുദൂരം മുൻപോട്ടു പോകുവാൻ കഴിയും.

പഞ്ചായത്തിലെ ആകെ വൈദ്യുത ഉപഭോഗത്തെക്കുറിച്ചുള്ള ഒരു ലിസ്റ്റ് ചുവടെ ചേർത്തിരിക്കുന്നു.

## വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ.
## പാണ്ടനാട് ഗ്രാമ പഞ്ചായത്ത്

1. നിലവിലുള്ള ഉപഭോക്താക്കൾ
   a. ഗാർഹികം 2538
   b. വ്യാപാരം 111
   c. വ്യാവസായികം 23
   d. കാർഷികം 17
2. കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം. 141
3. സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം.

| 25w. | 40w. | 60w. | 100w. | ട്യൂബ്. | മെർക്കുറി പേപ്പർ | സോഡിയം പേപ്പർ |
|---|---|---|---|---|---|---|
| – | 350 | 180 | – | 36 | Nw | Nw |

4. ആകെ വൈദ്യുതീകരിച്ച ഹരിജൻകോളനികൾ: 20
5. തൻവർഷത്തെ കണക്ഷൻ
   ഓർഡിനറി 110
   ഒ. റ്റി. പി. 17
   ഒ. വൈ. ഇ. സി 12
6. പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന എൻ.റ്റി. ട്രാൻസ്ഫോർമറുകളുടെ പേരുകൾ.

| | | | |
|---|---|---|---|
| 1. | മുതവഴി | 7. | പാണ്ടനാട് II |
| 2. | കിളിയന്തറ | 8. | കളത്രപ്പടി |
| 3. | മേടക്കടവ് | 9. | മുണ്ടങ്കാവ് |
| 4. | കീഴമ്പഴി I | 10. | കുത്തിയതോട് |
| 5. | കീഴമ്പഴി II | 11. | പ്രയാർ |
| 6. | പാണ്ടനാട് I | 12. | പാട്ടത്തിൽ |

(ഉമയാറ്റുകര) പ്രയാർ ഭാഗത്ത് കുറെഭാഗം വൈദ്യുതി എത്തിക്കുന്നു.)

7. സ്ട്രീറ്റ് ലൈറ്റിനുവേണ്ടി പഞ്ചായത്ത് പ്രതിമാസം അടയ്ക്കുന്ന തുക. Rs. 5174/-

## സഹകരണം

പാണ്ടനാട് പഞ്ചായത്ത് രൂപീകരണത്തിന് വളരെ മുമ്പുതന്നെ ഇവിടെ സഹകരണപ്രസ്ഥാനം രൂപം കൊണ്ടിരുന്നു. പാണ്ടനാട് പഞ്ചായത്തിലെ ഒന്നും രണ്ടും വാർഡുകൾ ഉൾപ്പെട്ട വന്മഴി ഭാഗത്ത് ഉദ്ദേശം ഏഴു ദശാബ്ദങ്ങൾക്കുമുമ്പ് പരസ്പരസഹായസഹകരണ സംഘം എന്ന പേരിൽ ഒരു സംഘം രൂപീകരിച്ച് പ്രവർത്തിച്ചിരുന്നു. ഇതേപോലെ അഞ്ചാംവാർഡിലും ഒരു സംഘം പ്രവർത്തിച്ചിരുന്നതായി അറിയുന്നു. ഈ സംഘങ്ങൾ കാലക്രമത്തിൽ ഇല്ലാതാവുകയും ചെയ്തു. ഇതിൽ അംഗങ്ങളായിരുന്നവരൊ ഇതിന്റെ പ്രവർത്തനങ്ങൾ ഏറ്റെടുത്തുന്നവരെയോ കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ ഇവയെ സംബന്ധിച്ച് വിശദമായി രേഖപ്പെടുത്തുവാൻ സാധിക്കുന്നില്ല.

പാണ്ടനാട് പഞ്ചായത്തിൽ നിലവിൽ അഞ്ച് സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. ഇതിൽ പാണ്ടനാട് സർവ്വീസ് സഹകരണ ബാങ്ക് നമ്പർ A. 42-ഉം ഉമയാറ്റുകര സഹകരണബാങ്ക് A. 499ന്റെ മുറിയായിക്കര ശാഖയും ബാങ്കിംഗ് സഹകരണ സ്ഥാപനങ്ങളാണ്. പാണ്ടനാട് സർവ്വീസ് സഹകരണബാങ്ക് 2-12-57-ൽ സഹകരണ സംഘമായി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു. തുടക്കത്തിൽ കാർഷികമേഖലയിലെ പ്രവർത്തനങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ അംഗങ്ങൾക്ക് ധനസഹായം നൽകുന്ന പ്രവർത്തനമാണ് ഏറ്റെടുത്തിരുന്നത്. ഇത് 9-2-76-ൽ ബാങ്കായ് പ്രവർത്തനം തുടങ്ങി. ഈ സ്ഥാപനം ഇപ്പോൾ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ കൂടി ഏറ്റെടുത്തു നടത്തുന്നു. വളം കീടനാശിനി ഇവ ന്യായമായ വിലയ്ക്ക് കർഷകർക്കു ലഭ്യമാകുന്നു. കർഷകരിൽ നിന്നും ന്യായമായ വിലയ്ക്ക് നാളീകേരം സംഭരിക്കുന്നു. കൊപ്രാ സംഭരണം നടത്തി കേരഫെഡിനു നൽകിയിരുന്നു. അംഗങ്ങൾക്ക് സ്വർണ്ണ പണയത്തിന്മേൽ കുറഞ്ഞ പലിശയ്ക്ക് പണം കടം കൊടുക്കുന്നു. കുറഞ്ഞ നിരക്കിൽ അംഗങ്ങൾക്ക് കാർഷിക വായ്പ അനുവദിക്കുന്നു. ഇവകൂടാതെ ഭവനനിർമ്മാണവായ്പ, സ്വയം തൊഴിൽ വായ്പ, ബിസിനസ് വായ്പ ഇവയും നൽകുന്നുണ്ട്. കൂടാതെ ഇതിന്റെ നിയന്ത്രണത്തിൽ ഒരു സഹകരണ മാവേലിസ്റ്റോർ പ്രവർത്തിക്കുന്നുണ്ട്. ഈ സംഘം വകയായി ട്രാക്ടർ കർഷകർക്കും കുറഞ്ഞ കൂലി നിരക്കിൽ ഉഴവു ജോലികൾ നിർവഹിച്ചുകൊടുക്കുന്നു. ഈ സംഘത്തിലെ ഇപ്പോഴുള്ള അംഗബലം 4016 ആണ്. ഇതിന്റെ പ്രവർത്തനമേഖല ഒന്നുമുതൽ അഞ്ചുവരെയുള്ള വാർഡുകളാണ്. ബാങ്കിന്റെ പ്രവർത്തനം കൂടുതൽ വൈവിധ്യവൽക്കരിച്ച് നാളീകേര സംഭരണത്തോടൊപ്പം സംസ്കരണവും ഏറ്റെടുക്കുകയാണെങ്കിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും തന്മൂലം കേരകർഷകർക്കും ബാങ്കിനും സാമ്പത്തികനേട്ടം ഉണ്ടാക്കുന്നതാണ്. ബാങ്കിന്റെ ഒന്നു രണ്ടു ശാഖകൾ കൂടി തുറന്നാൽ ജനങ്ങൾക്കത് ഉപകാരപ്രദമായിരിക്കും.

6മുതൽ 8 വരെയുള്ള വാർഡുകളിലെ നിവാസികൾക്കായി ഉമയാറ്റുകര സർവ്വീസ് സഹകരണബാങ്കിന്റെ ശാഖ മുറിയായിക്കര പ്രവർത്തിക്കുന്നു. സഹകരണപ്രസ്ഥാനത്തിന് വളരെയധികം വളർച്ചാ സാധ്യതയുള്ള പ്രദേശമാണ് ഈ പഞ്ചായത്ത്. നിലവിലുള്ള അഞ്ച് സംഘങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു. ഇനിയും പല സംഘങ്ങളും രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുവാൻ സാധ്യതകളുണ്ട്. ഉദാ. വനിതാ സഹകരണസംഘം, പഴം, പച്ചക്കറി സംസ്കരണ സഹകരണസംഘം. ആർട്ടിസാൻസ് സഹകരണസംഘം തുടങ്ങിയവ.

നിലവിലുള്ള സംഘങ്ങൾ

1. പാണ്ടനാട് സർവ്വീസ് സഹകരണ ബാങ്ക്. A.42
2. ഉമയാറ്റുകര സർവ്വീസ് സഹകരണബാങ്ക് മുറിയായിക്കര ശാഖ.
3. പാണ്ടനാട് പഞ്ചായത്ത് പട്ടികജാതി സർവ്വീസ് സഹകരണസംഘം.
4. ക്ഷീരോല്പാദക സഹകരണസംഘം പാണ്ടനാട്
5. പാണ്ടനാട് മത്സ്യോല്പാദന സഹകരണസംഘം. FA. 726

## പ്രശ്നങ്ങൾ

സർവ്വീസ് സഹകരണബാങ്കുകൾ അംഗങ്ങളായ കൃഷിക്കാരുടെ താല്പര്യം അനുസരിച്ചുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിന് വേണ്ടത്ര താല്പര്യം

കാണിക്കുന്നില്ല. ആധുനിക മാനേജ്മെന്റ് തന്ത്രങ്ങൾ പ്രയോജനപ്പെടുത്തി പൊതുവായ വികസനപ്രവർത്തനങ്ങൾക്ക് സംഘം പദ്ധതി തയ്യാറാക്കുന്നതിൽ താല്പര്യം കാണിക്കുന്നില്ല. പഞ്ചായത്തിന്റെ പൊതു ആവശ്യങ്ങൾക്ക് സംഘങ്ങൾ വേണ്ടത്ര സഹായിക്കുന്നില്ല.

നാളീകേരം, കൊപ്ര ഇവ സംഭരിക്കുന്നുണ്ടെങ്കിലും അവ ഫലപ്രദമായി ഉപയോഗിക്കുന്നില്ല. വനിതാ സഹകരണ സംഘം, പഴം, പച്ചക്കറി സംസ്കരണ സഹകരണ സംഘം, ആർട്ടിസാൻസ് സഹകരണസംഘം ഇവകൾ രൂപീകരിച്ച് വികസന പ്രവർത്തനങ്ങൾ വിപുലീകരിക്കാവുന്നതാണ്.

ഈ മേഖലകളിൽ ഉപഭോക്താക്കൾക്ക് ലഭ്യമാകുന്ന ഉല്പന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്താൻ ആവശ്യമായ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

## മാർക്കറ്റ്

ഈ പഞ്ചായത്തിൽ പൊതുവിൽ മാർക്കറ്റുകൾ ഒന്നും തന്നെ ഇല്ല. ഒരു മാർക്കറ്റിനുവേണ്ടി വർഷങ്ങൾക്കുമുമ്പ് 3-ാം വാർഡിലെ പുറമ്പോക്ക് സ്ഥലം മണ്ണിട്ടു നികത്തി എടുത്തെങ്കിലും നാളിതുവരെ മേൽനടപടി സ്വീകരിച്ചിട്ടില്ല. ഈ കാര്യത്തിൽ ഗ്രാമപഞ്ചായത്ത് വേണ്ട അടിയന്തരനടപടികൾ സ്വീകരിക്കേണ്ടതാണ്.

കാർഷികോല്പന്നങ്ങൾ ധാരാളമായി കൃഷിചെയ്യുന്ന പാണ്ടനാട് പഞ്ചായത്തിൽ ഒരു മാർക്കറ്റിന്റെ അഭാവം ഇടത്തട്ടുകാർക്ക് കൊള്ളലാഭം നേടുവാൻ അവസരം നൽകുന്നു.

പാണ്ടനാട് പഞ്ചായത്തിൽ പമ്പാനദിയുടെ ഇരുകരകളിലും പുറമ്പോക്കുഭൂമി ലഭ്യമാണ് ഇവിടെ ഷോപ്പിംഗ് കോംപ്ളക്സുകൾ സ്ഥാപിച്ചും കാർഷികോല്പന്നങ്ങൾ തുടങ്ങിയവ സംഭരിക്കുന്നതിനും വിപണനം നടത്തുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാവുന്നതാണ്.

## ഗതാഗതം

ഒരു ഗ്രാമത്തിന്റെ സമഗ്രമായ വികസനത്തിന് ഗതാഗതം അത്യന്താപേക്ഷിതമായ ഒരു ഘടകമാണ്. കൃഷി, വ്യവസായം, വിദ്യാഭ്യാസം, പൊതുജനാരോഗ്യം മുതലായ എല്ലാ മേഖലകളും ഇതിനോടു ബന്ധപ്പെട്ടു കിടക്കുന്നതിനാൽ ഗതാഗത സൗകര്യം മെച്ചപ്പെടുത്തുകയെന്നുള്ളത് വളരെ പ്രാധാന്യം അർഹിക്കുന്നു.

പാണ്ടനാട് പഞ്ചായത്തിന്റെ ഒന്നുമുതൽ അഞ്ചുവരെയുള്ള വാർഡുകൾ പമ്പാനദിയുടെ തെക്കേക്കരയിലും ആറുമുതൽ എട്ടുവരെയുള്ള വാർഡുകൾ വടക്കേക്കരയിലും സ്ഥിതിചെയ്യുന്നു. ഈ വാർഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതിനു പാലങ്ങൾ ഒന്നും തന്നെയില്ലാത്തതിനാൽ പ്രധാനമായും ആശ്രയിക്കുന്നത് കടത്തുവള്ളങ്ങളെയാണ്. പഞ്ചായത്തിന്റെ അധീനതയിൽ അഞ്ചു സ്ഥലങ്ങളിലും, P.W.D യുടെ മേൽനോട്ടത്തിൽ നാല് സ്ഥലങ്ങളിലും കടത്തുവള്ളങ്ങൾ പ്രവർത്തിക്കുന്നു.

### റോഡുകൾ

ഈ പഞ്ചായത്തിലുള്ള റോഡുകളുടെ ആകെ ദൈർഘ്യം 71. 912 K.M ആണ്. ഇതിൽ 13.20 K.M റോഡ് P.W.D. വകയും ബാക്കി പഞ്ചായത്തു റോഡുമാകുന്നു. പമ്പാനദിയുടെ തെക്കേക്കരയിൽ കൂടി നദിക്കു സമാന്തരമായി പോകുന്നതും ചെങ്ങന്നൂരിനെയും മാന്നാറിനെയും തമ്മിൽ ബന്ധിപ്പിക്കുന്നതുമായ ചെങ്ങന്നൂർ പാണ്ടനാട് പരുമലറോഡാണ് ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത്. ഒന്നുമുതൽ അഞ്ചുവരെ വാർഡുകളിൽ താമസിക്കുന്നവക്ക് ഈ റോഡ് പ്രയോജനപ്പെടുന്നു. ഈ റോഡുമായി സന്ധിക്കുന്ന പേരിശ്ശേരി, കപ്പാശ്ശേരി പടിറോഡ്, മുണ്ടൻകാവ് ചെറുപ്പകാലപ്പടി റോഡ്, പുലിയൂർ മിത്രമഠം റോഡ് ബുധനൂർ പറമ്പത്തൂർ പടിറോഡ് ഇവയും ടാർ ചെയ്തവയാണ്. ഇതെല്ലാംകൂടിചേർന്ന് ഏതാണ്ട് 17. M.M. ടാർ ചെയ്ത റോഡുകൾ ഈ പഞ്ചായത്തിൽ ഉണ്ട്.

ശേഷിക്കുന്ന 55.K.M. റോഡുകൾ വെറും മൺറോഡുകളാണ്.

പ്രധാനറോഡിൽ എത്തിച്ചേരുന്നതിനും, പാടശേഖരങ്ങളിൽ വിത്തും വളവും മറ്റും എത്തിക്കുന്നതിനും, അവിടെനിന്നും ഉല്പന്നങ്ങൾ ഭവനങ്ങളിലേക്കും വ്യാപാരകേന്ദ്രങ്ങളിലേക്കും കൊണ്ടുപോകുന്നതിനും മറ്റും നിരന്തരമായി ഉപയോഗിക്കുന്ന ഈ റോഡുകളുടെ അവസ്ഥ ഏറ്റവും ശോചനീയമാണ്. 18ഉം 20ഉം അടിവീതിയിൽ വെട്ടിയിട്ടുള്ള ഈ റോഡുകൾ, ശരിയായ വിധത്തിൽ മണ്ണിട്ട് ഉയർത്താത്തതിനാലും, വർഷകാലത്ത് വെള്ളം ഒഴുകിപോകത്തക്കവിധം ഓവുചാലുകൾ ഇല്ലാത്തതിനാലും, ആണ്ടിൽ ഏതാണ്ട് ഏഴുമാസക്കാലത്തോളം ഈ റോഡുകൾ വെള്ളവും ചെളിയും നിറഞ്ഞ് തീരെ സഞ്ചാരയോഗ്യമല്ലാത്ത അവസ്ഥയിൽ കിടക്കുന്നു.

മുൻകാലങ്ങളിൽ വെള്ളം ഒഴിഞ്ഞുപോകുന്നതിനു സഹായകരമായിരുന്ന ചില കൈത്തോടുകളും മറ്റും മണ്ണിട്ടു നികത്തിയതുമൂലം പരിസ്ഥിതിയിൽ വന്ന മാറ്റവും ഈ വെള്ളകെട്ടുകൾക്ക് ഒരു പരിധിവരെ കാരണമായിട്ടുണ്ട് എന്ന വസ്തുത വിസ്മരിക്കുവാൻ കഴിയില്ല.

ഒരു പൊതുവഴിയുടെ അഭാവം നിമിത്തം, പഞ്ചായത്തിന്റെ ചില പ്രദേശങ്ങളിൽ താമസിക്കുന്നവർ അന്യരുടെ പറമ്പിൽ കൂടി യാത്ര ചെയ്ത് ഭവനങ്ങളിൽ എത്തേണ്ട സ്ഥിതി നിലനിൽക്കുന്നു. ഈ ദുഃസ്ഥിതി ഒഴിവാക്കുവാൻ കുറഞ്ഞപക്ഷം അവരവരുടെ ഭവനങ്ങളിൽ എത്തിച്ചേരുവാനുള്ള ഏറ്റവും മിതമായ സഞ്ചാരസൗകര്യമെങ്കിലും ഉറപ്പുവരുത്തേണ്ടത് ആവശ്യമാണ്. ഈ പഞ്ചായത്തിലുള്ള എല്ലാ ഭവനങ്ങളിലേക്കും ഒരു ആംബുലൻസ് കടന്നു ചെല്ലുന്നതിനും സൗകര്യപ്പെടുത്തണം.

ചെങ്ങന്നൂർ പാണ്ടനാട് പരുമലറോഡിൽ രണ്ടാംവാർഡിൽ മേടപ്പടിയിൽ നിന്നും ആരംഭിച്ച് ശ്രീമാൻ കുളങ്ങര ക്ഷേത്രം, കാളിക്കുന്നിൽ പള്ളി മുതലായ ആരാധനാലയങ്ങളുടെ സമീപത്തുകൂടി കടന്ന് മണ്ണാറത്തറ പട്ടികജാതി വർഗ്ഗ കോളനി വഴി മൂഴിക്കൽ തോടുവരെയെത്തുന്ന ഒരു K.M. ദൈർഘ്യമുള്ള ഈ റോഡ് വർഷകാലത്ത് ചെളിയും വെള്ളവും നിറഞ്ഞ് സഞ്ചാരയോഗ്യമല്ലാതായിത്തീരുന്നു. ഈ റോഡിന്റെ പ്രാധാന്യം പരിഗണിച്ച്,

മെറ്റലിംഗും ടാറിംഗും നടത്തിസഞ്ചാരയോഗ്യമാക്കേണ്ടത് അത്യാവശ്യമാണ്. ഇതുപോലെതന്നെ വളരെ പ്രാധാന്യം അർഹിക്കുന്ന ഒരു റോഡാണ് ചെങ്ങന്നൂർ, പാണ്ടനാട്, പരുമല റോഡിനെയും ചെങ്ങന്നൂർ പുലിയൂർ മാന്നാർ റോഡിനെയും തമ്മിൽ ബന്ധിപ്പിക്കുക എന്ന ഉദ്ദേശ ത്തോടുകൂടി ഏതാണ്ട് 50 വർഷങ്ങൾക്കുമുമ്പ് വെട്ടിയ കുമ്മണ്ണൂർ ചേനേക്കാട്ടിൽ പടിറോഡ്. രണ്ടു കി.മീ. ദൈർഘ്യം വരുന്ന റോഡിൽ മൂഴിക്കൽ ഇല്ലിമല തോടിനു കുറുകെ ഒരു പാലവും പണിതീർത്തിട്ടുണ്ട്. എങ്കിലും അല്പം ചില സാങ്കേതിക കാരണങ്ങളാൽ റോഡു പൂർത്തീകരിക്കുവാൻ സാധിക്കാതെ ചെളിയും വെള്ളവും നിറഞ്ഞ് യാത്രക്കാർക്ക് ഒരു പേടി സ്വപ്നമായികിടക്കുന്നു.

ഈ രീതിയിൽ നാട്ടുകാരുടെ ശ്രമഫലമായി നിർമ്മിച്ച പലറോഡുകളും പഞ്ചായത്തിന്റെ വിവിധവാർഡുകളിൽ സഞ്ചാരയോഗ്യമല്ലാതെ കിടക്കുന്നു. ഇങ്ങനെയുള്ള റോഡുകളുടെ സമഗ്രമായ ഒരു സർവേ നടത്തി. അതാതിന്റെ പ്രാധാന്യവും ശോച്യാവസ്ഥയും കണക്കിലെടുത്ത് മുൻഗണനാക്രമത്തിൽ നിർമ്മാണവും ഉദ്ധാരണവും ഏറ്റെടുത്തു നടത്തുവാൻ ഒരു റോഡുവികസനസമിതി ഓരോ വാർഡിലും രൂപീകരിക്കേണ്ടത് ആവശ്യമാണ്.

### സാധ്യതകൾ.

1. കാലാകാലങ്ങളിൽ അറ്റകുറ്റപണി നടത്തിയും വെള്ളം സുഗമമായി ഒഴുകി പോകത്തക്കരീതിയിൽ ഓടകൾ നിർമ്മിച്ചും റോഡു സംരക്ഷിക്കുക.
2. ഓരോ പ്രദേശത്തുകൂടെയും കടന്നുപോകുന്ന റോഡുകൾ സംരക്ഷിക്കേണ്ട ചുമതല, സർക്കാരിനോ, പഞ്ചായത്തിനോ മാത്രമല്ലെന്നും, തങ്ങൾക്കുകൂടി അതിന്റെ ഉത്തരവാദിത്വമുണ്ടെന്നും തദ്ദേശവാസികൾക്കു മനസ്സിലാകത്തക്കവിധം അവരെ ബോധവൽക്കരിക്കുക.
3. റോഡുകൾക്ക് അനുവദിക്കുന്ന തുക മുഴുവൻ പ്രയോജനകരമായ വിധത്തിൽ അതിനുവേണ്ടി തന്നെ ഉപയോഗിച്ചു എന്ന് ഉറപ്പുവരുത്തുക.
4. ഓരോ റോഡുകളെയും പ്രത്യേകം പ്രത്യേകം വിലയിരുത്തി പ്രാധാന്യം കണക്കിലെടുത്ത് മുൻഗണനാക്രമത്തിൽ പണികൾ ഏറ്റെടുത്തു നടത്തുക.
5. റോഡു സംരക്ഷണസമതികൾ വാർഡ് അടിസ്ഥാനത്തിൽ രൂപീകരിക്കുക.
6. പമ്പാനദിക്കു കുറുകെ ഈ പഞ്ചായത്തിൽ സൗകര്യപ്രദമായ സ്ഥാനത്ത് ഒരു പാലം നിർമ്മിക്കുക.
7. അടിയന്തരമായി ഒരു ഫുട്ബ്രിഡ്ജ് നിർമ്മിക്കുക.

ഈ പഞ്ചായത്തിലെ പല പാടശേഖരങ്ങളിലേക്കും സ്വതന്ത്രമായോ സൗകര്യപ്രദമായോ കൃഷിക്കാർക്കും കർഷകത്തൊഴിലാളികൾക്കും വേണ്ട ഗതാഗതസൗകര്യവും ഇല്ല. ഉദാഹരണമായി IV-ാം വാർഡിൽ കൊല്ലന്റെ പടി, കൊല്ലന്റെ തോട് മുളയത്ര കോളനിറോഡിലേക്കുള്ള ലിങ്ക്റോഡ്, അത്യാവശ്യമായും വീതികൂട്ടി, മണ്ണിട്ടുകിളർത്തി വാഹനഗതാഗതത്തിന് സൗകര്യപ്പെടുത്തിയാൽ 4 ഉം 5ഉം വാർഡുകളിലെ കർഷകർക്ക് വളരെ പ്രയോജനകരമാകും. ഈ പഞ്ചായത്തിൽ 8-ാം വാർഡിൽ ഈ വർഷം കേരളപ്പിറവിദിനത്തിൽ പ്രയാർ പാടശേഖരത്തിലേക്കുള്ള ഗതാഗതസൗകര്യത്തിനായി വെട്ടിയ നാലു വഴികൾക്ക് ഉദ്ദേശം 2200 മീറ്റർ ദൂരം ഉണ്ട്. ഇതിന്റെ പണികൾ കാഡാ പദ്ധതിയിലോ ഉചിതമായ മറ്റു മാർഗ്ഗങ്ങളിലൊ എത്രയും വേഗം ചെയ്തു തീർക്കേണ്ടിയിരിക്കുന്നു.

## ജലഗതാഗതം

വള്ളം, ബോട്ട് മുതലായ ജലഗതാഗതമാർഗ്ഗങ്ങൾ വളരെക്കാലങ്ങൾക്കുമുമ്പ് പമ്പാനദിയിൽ കൂടെ ഉപയോഗിച്ചിരുന്നുവെങ്കിലും വാഹനസൗകര്യവും റോഡു സൗകര്യവും വർദ്ധിച്ചതിനോടുകൂടി ജലഗതാഗതം തീരെയില്ലാതായി. ഒരു പത്തുവർഷത്തിനുമുമ്പുവരെ ഇറപ്പുഴ ജെട്ടിയിൽ നിന്നും ആലപ്പുഴയ്ക്കു ബോട്ടു സർവീസ് ഉണ്ടായിരുന്നതും യാത്രക്കാരുടെ അഭാവം നിമിത്തം നിറുത്തൽ ചെയ്തു.

മൂഴിക്കൽ ഇല്ലിമലതോടുവഴി ധാരാളം ചരക്കുവള്ളങ്ങൾ കരിമ്പും മറ്റും കയറ്റി പഞ്ചസാരമില്ലിലേക്കും മറ്റും പോകുന്ന കാഴ്ച ഒരു 40 കൊല്ലത്തിനുമുമ്പുവരെ കാണാമായിരുന്നു. മേൽപറഞ്ഞ തോടിന്റെ ആഴവും വീതിയും ഗണ്യമായികുറയുകയും ചിലസ്ഥലങ്ങളിൽ തീരെയില്ലാതെ കുറയുകയും ചെയ്തതുനിമിത്തം വർഷകാലത്തുപോലും ഒരു ചെറുവള്ളത്തിനു യാത്ര ചെയ്യുവാൻ നിർവാഹമില്ലാത്ത അവസ്ഥയിൽ എത്തിച്ചേരുകയും അങ്ങനെ ഈ തോട്ടിൽ കൂടിയുള്ള ജലഗതാഗതം പരിപൂർണ്ണമായി നിലയ്ക്കുകയും ചെയ്തു.

ഇപ്പോൾ ജലഗതാഗതമാർഗ്ഗം എന്നു പറയുവാൻ ഈ പഞ്ചായത്തിന്റെ ഇരുകരയിലും താമസിക്കുന്നവർ മറുകരയെത്തുവാൻ ഉപയോഗിക്കുന്ന കടത്തുവള്ളങ്ങൾ മാത്രമാണ്. അങ്ങനെയുള്ള കടത്തുവള്ളങ്ങൾ ഈ പഞ്ചായത്തിൽ നിലവിലുണ്ട്. അതിൽ 5 എണ്ണം പഞ്ചായത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലും 4 എണ്ണം P.W.D. യുടെ ചുമതലയിലുമാണ്. ഈ കടത്തു കടവുകളിൽ പലതിലും Jetty സൗകര്യമില്ലാത്തതിനാൽ യാത്രക്കാർ വളരെ ബുദ്ധിമുട്ട് അനുഭവിക്കേണ്ടിവരുന്നു.

### സാധ്യതകൾ

1. കടത്തുവള്ളങ്ങൾ നിലവിലുള്ള കടവുകളിൽ യാത്രക്കാർക്കു സൗകര്യമായി വള്ളങ്ങളിൽ കയറത്തക്കവിധം ജെട്ടികൾ നിർമ്മിക്കുക.
2. മൂഴിക്കൽ ഇല്ലിമലത്തോട് വീതിയും ആഴവും കൂട്ടി ജലസേചനത്തിനും, ജലഗതാഗതത്തിനും സൗകര്യമുള്ളതാക്കിത്തീർക്കുക.

നിലവിലുള്ള കടത്തുകളുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

1. മിത്രമഠം കടവ്. പഞ്ചായത്ത്
2. അടിച്ചിക്കാവിൽ കടവ് പഞ്ചായത്ത്
3. പോക്കാട്ടു കടവ്. പഞ്ചായത്ത്
4. കൊട്ടാരത്തിൽ കടവ് പഞ്ചായത്ത്
5. മേടക്കടവ് P.W.D
7. മുറിയായിക്കര P.W.D
8. നാക്കട കടവ് P.W.D
9. മടവനശ്ശേരി P.W.D

## പാർപ്പിടം

മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിൽ ഏറ്റവും മുൻഗണനകൾ അർഹിക്കുന്നതാണ് പാർപ്പിടം. പഞ്ചായത്തിനെ മൊത്തംവിലയിരുത്തിയാൽ പാർപ്പിടസൗകര്യം തൃപ്തികരമല്ലെന്നു കാണാൻ കഴിയും. ഇതിനുള്ള കാരണങ്ങൾ പലതാണ്.

1. ഈ പഞ്ചായത്തിലോ ഇതിന്റെ സമീപപ്രദേശങ്ങളിലോ കാര്യമായ വ്യവസായ സംരംഭങ്ങൾ ഒന്നുമില്ല.
2. ഭൂരിപക്ഷമാളുകളും ഇടത്തരക്കാരായ കർഷകരും കർഷകത്തൊഴിലാളികളുമാണ്.

1995-96 ലെ കണക്കനുസരിച്ച് വിവിധ വാർഡുകളിൽ നിലവിലുള്ളതും 91-92 ൽ നിലവിലുണ്ടായിരുന്നതുമായ കെട്ടിടങ്ങളുടെ ഒരു പട്ടിക താഴെച്ചേർക്കുന്നു.

| Ward | 1991-92 | 1995-96 |
|---|---|---|
| 1 | 337 | 497 |
| 2 | 400 | 444 |
| 3 | 547 | 568 |
| 4 | 408 | 416 |
| 5 | 357 | 387 |
| 6 | 318 | 334 |
| 7 | 383 | 426 |
| 8 | 220 | 301 |

മേൽ കൊടുത്തിരിക്കുന്ന കണക്കനുസരിച്ച് കഴിഞ്ഞ അഞ്ചു വർഷക്കാലത്ത് കെട്ടിടനിർമ്മാണത്തിൽ 13 ശതമാനം വർധന മാത്രമെ ഉണ്ടായിട്ടുള്ളൂ എന്നു കാണാം.

പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള 3373 വീടുകളിൽ 20 ശതമാനം കോൺക്രീറ്റ് മേൽക്കൂരയുള്ള കെട്ടിടങ്ങളും 70 ശതമാനം ഓടിട്ട വീടുകളും 10 ശതമാനം ഓലമേഞ്ഞ വീടുകളുമാണ്.

മറ്റുചില പഞ്ചായത്തുകളിൽ ഉള്ളതുപോലെ ഇവിടെ ഒരു ഭവനനിർമ്മാണസഹകരണസംഘം ഇല്ലാത്തതിനാലും സ്വകാര്യവ്യക്തികൾ അവരവരുടെ സൗകര്യവും മനോധർമ്മവുമനുസരിച്ച് കെട്ടിടം നിർമ്മിക്കുന്നതിനാലും നിർമ്മാണ പ്രവർത്തനത്തിൽ ഒരു ഏകോപിത സമീപനം ഇല്ലയെന്നു പറയാം. തന്മൂലം കെട്ടിടനിർമ്മാണ ചിലവുകൾ ക്രമീകരിച്ചുകൊണ്ടു പോകുവാൻ സാധിക്കുന്നില്ല.

കെട്ടിടനിർമ്മാണ രംഗത്തു പ്രവർത്തിക്കുന്ന തൊഴിലാളികളിലും സാങ്കേതിക വിദഗ്ദരിലും ഒരു നല്ല പങ്ക് തമിഴ്നാട്ടിൽ നിന്നും വന്നവരാണ്. തദ്ദേശവാസികളേ ഇങ്ങനെയുള്ള ജോലിക്കു കിട്ടാനില്ലാത്തതാണ് ഇതിനു കാരണം. പരമ്പരാഗത തൊഴിൽ പരിശീലിക്കുവാൻ പുതിയ തലമുറകാണിക്കുന്ന വൈമുഖ്യവും. പുറംനാടുകളിലേക്കു കുടിയേറുവാനുള്ള അമിതമായ താൽപര്യവുമാണ് ഇങ്ങനെ ഒരു സ്ഥിതി വിശേഷമുണ്ടാകുവാൻ കാരണം.

കെട്ടിട നിർമ്മാണ വസ്തുക്കളുടെ വിലയിലുണ്ടായ ഭീമമായ വർദ്ധന, സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം ഒരു ഭവനം നിർമ്മിക്കുകയെന്നുള്ളത് അസാധ്യമാക്കിതീർത്തിരിക്കുന്നു. നിർമ്മാണ വസ്തുക്കളായ ഇഷ്ടിക, മണൽ മുതലായവ സമീപ പ്രദേശങ്ങളിൽ നിന്നും ലഭ്യമാണ് എങ്കിലും മറ്റു വസ്തുക്കൾ പുറമേ നിന്നും കൊണ്ടുവരേണ്ടിയിരിക്കുന്നു. രണ്ടു കിടക്കമുറികളും അനുബന്ധ സൗകര്യങ്ങളോടുകൂടിയ ഒരു സാധാരണ ഭവനം പൂർത്തീകരിക്കുവാൻ കുറഞ്ഞത് രണ്ടരലക്ഷം രൂപയെങ്കിലും വേണ്ടിവരും എന്നുള്ളതാണ് ഈ പഞ്ചായത്തിലെ ഇപ്പോഴത്തെ സ്ഥിതി.

പഞ്ചായത്തിൽ ഇപ്പോഴുള്ള വീടുകളുടെ ഒരു ഏകദേശരൂപം താഴെക്കൊടുത്തിരിക്കുന്ന പട്ടികയിൽ നിന്നും ലഭിക്കും.

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽകൂടുതൽ നിലയുള്ളകെട്ടിടം | കോൺക്രീറ്റ് | ഓട് | ഓല |
|---|---|---|---|---|---|
| 1 | 504 | 14 | 117 | 318 | 55 |
| 2 | 446 | 10 | 81 | 253 | 102 |
| 3 | 578 | 11 | 223 | 285 | 59 |
| 4 | 434 | 7 | 50 | 345 | 32 |
| 5 | 84 | 7 | 148 | 162 | 67 |
| 6 | 334 | 11 | 110 | 180 | 33 |
| 7 | 428 | 9 | 176 | 185 | 58 |
| 8 | 302 | 7 | 108 | 132 | 55 |
| **Total** | **3410** | **76** | **1013** | **1860** | **461** |

പട്ടികജാതി വർഗ്ഗ കോളനികളായ കീഴ്വന്മഴി, പ്രയാർ, മണ്ണാറത്തറ, വാലേഴത്ത്, തുരുത്തിക്കാട് കൊല്ലന്തറ, പ്രമട്ടകര എന്നീ കോളനികളിൽ 53 വീടുകളും കൂടാതെ വിവിധ വാർഡുകളിലായി ദുർബലവിഭാഗങ്ങൾക്കും മറ്റും അനുവദിച്ചിട്ടുള്ള വീടുകൾ ഇതിൽ ഉൾപ്പെടുന്നു.

പട്ടികജാതി പട്ടികവർഗ്ഗ കോളനികളും മറ്റു ദുർബല വിഭാഗങ്ങൾ ഉൾപ്പെടെ ഉള്ളവരുടെ വാസസ്ഥാനങ്ങളെക്കുറിച്ച് പഠന പര്യടനസംഘം നടത്തിയ സർവ്വേയിൽ അടിസ്ഥാനസൗകര്യങ്ങളോടുകൂടിയ പാർപ്പിടം ഇല്ലാത്ത നിരവധി കുടുംബങ്ങളെ കണ്ടെത്തുകയുണ്ടായി. ഇവിടെ അടിയന്തര ശ്രദ്ധ ആവശ്യമായിരിക്കുന്നു. ഇതിനായി ഒരു പ്രത്യേക ഭവനനിർമ്മാണപദ്ധതി ആവിഷ്കരിക്കേണ്ടിയിരിക്കുന്നു.



## ഭവനനിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം

| വാർഡ് | വിവിധപരിപാടി കളിലായി അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | ഇനി പൂർത്തീകരി ക്കാനുള്ള വീടുകൾ |
|---|---|---|---|
| 1 | 84 | 20 | 64 |
| 2 | 81 | 29 | 52 |
| 3 | 118 | 33 | 85 |
| 4 | 111 | 20 | 91 |
| 5 | 71 | 23 | 48 |
| 6 | 39 | 7 | 32 |
| 7 | 85 | 16 | 69 |
| 8 | 86 | 31 | 55 |
| ഇനിയും ആവശ്യമുള്ള വീടുകൾ. | | | 255 |
| വീടും സ്ഥലവും വേണ്ടവർ. | | | 65 |
| ഇനിയും കക്കൂസ് വേണ്ടവരുടെ എണ്ണം. | | | 710 |

വിവിധ പദ്ധതികളിലായി കഴിഞ്ഞ ഏതാനും വർഷങ്ങൾക്കുള്ളിൽ ഭവനരഹിതർക്കം 675 വീടുകൾ അനുവദിക്കുകയും ചെയ്തു. ബാക്കിയുള്ളതിന്റെ പണികൾ പല ഘട്ടങ്ങളിലായി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

ഭവനങ്ങൾ ഇല്ലാത്തവരും ഉള്ള ഭവനങ്ങളിൽ തന്നെ പ്രാഥമീകസൗകര്യങ്ങൾ ഇല്ലാത്തവരുമായ അനേകം ആളുകൾ ഇപ്പോഴും പഞ്ചായത്തിന്റെ വിവിധവാർഡുകളിലുണ്ട്. സ്വാധീനവും കഴിവും ഇല്ലാത്ത അർഹരായ ഇവരെ കണ്ടെത്തി സഹായം എത്തിക്കുവാൻ വിശദമായ ഒരു സർവേ നടത്തേണ്ടതുണ്ട്.

### പ്രശ്നങ്ങൾ

1. കെട്ടിടനിർമ്മാണ സാമഗ്രികളുടെ അമിതമായ വില വർദ്ധന.
2. നിർമ്മാണ സാമഗ്രികൾ ആവശ്യത്തിനു ലഭിക്കുന്നില്ല.
3. സ്ഥിരവരുമാനമില്ലാത്തവർക്കു വായ്പ ലഭിക്കുന്നില്ല.
4. ദുർബല വിഭാഗങ്ങൾക്കു ഭവനനിർമ്മാണത്തിനു സ്ഥലം അനുവദിക്കുന്ന പദ്ധതി ഫലപ്രദമായി നടപ്പാകുന്നില്ല.
5. IRDP പദ്ധതിയിൽ അർഹതയില്ലാത്ത നിരവധി കുടുംബങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്.
6. അവശ വിഭാഗങ്ങളിൽ അർഹതയുള്ളവർക്ക് ധനസഹായം ലഭിക്കുന്നില്ല.

### സാധ്യതകൾ

1. നിർമ്മിതി കേന്ദ്രംപോലെ ചിലവു കുറഞ്ഞ വീടുകൾ നിർമ്മിക്കുകയും സാങ്കേതിക ഉപദേശങ്ങൾ നൽകുകയും ചെയ്യാൻ കഴിയുന്ന സ്ഥാപനങ്ങളുടെ യൂണിറ്റുകൾ നമ്മുടെ പഞ്ചായത്തിലും സ്ഥാപിക്കുക.
2. വിലകൂടുതലും, ലഭിക്കാൻ ബുദ്ധിമുട്ടുള്ളതുമായ നിർമ്മാണ വസ്തുക്കൾക്ക്, പകരം ഉപയോഗിക്കുവാൻ കഴിയുന്ന സാധനങ്ങൾ ഉപയോഗിക്കുവാൻ പ്രചാരണം നൽകുക.

ഉദാ. മണലിനുപകരം തരിയുള്ള കരിങ്കൽ പൊടി, ഇഷ്ടികയ്ക്കുപകരം ഹോളോ ബ്ലോക്ക് മുതലായവ. ആഞ്ഞിലി, പ്ലാവ് മുതലായ തടികൾക്കുപകരം സീസൺ ചെയ്ത റബർ തടികളും, കോൺക്രീറ്റ് കട്ടളകളും മറ്റും ഉപയോഗിക്കാം.

3. കെട്ടിട നിർമ്മാണ വായ്പകൾ ഉദാരവും കുറ്റമറ്റതുമാക്കുക.
4. പരമ്പരാഗത തൊഴിലിനോടുള്ള അവജ്ഞ മാറ്റുവാൻ ബോധവൽക്കരണം നടത്തുക.
5. അർഹരായവർക്കു സഹായം ലഭിച്ചു എന്ന് ഉറപ്പുവരുത്തുകയും, അർഹതയില്ലാത്തവരെ ഒഴിവാക്കുകയും ചെയ്യുക.

## തൃതീയ മേഖല സേവന തുറകളും ക്ഷേമപ്രവർത്തനങ്ങളും

### വിദ്യാഭ്യാസം

സ്വാതന്ത്ര്യലബ്ദിക്കുമുമ്പ് ഈ പഞ്ചായത്തിൽ വിദ്യാഭ്യാസസ്ഥാപനങ്ങൾ വളരെ കുറവായിരുന്നു. കീഴ്വന്മഴി ജെ.ബി.സ്കൂൾ എന്ന സർക്കാർ വിദ്യാലയമാണ് ആദ്യമായി സ്ഥാപിക്കപ്പെട്ടത്. ഇതിന് ഏതാണ്ട് 100ൽപരം വർഷത്തെ പഴക്കം അവകാശപ്പെടുന്നു. തുടർന്ന് ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുള്ള സൗകര്യം ഇല്ലായിരുന്നു.

ദേശീയ പ്രസ്ഥാനവും അതിന്റെ ഭാഗമായ സാമൂഹിക പരിഷ്കരണ പ്രവർത്തനങ്ങളും ഈ പഞ്ചായത്തു പ്രദേശത്തെ വിദ്യാഭ്യാസരംഗത്തെ നിർണ്ണായകമായ സ്വാധീനം ചെലുത്തുകയുണ്ടായി. മിത്രമഠത്തിൽ ശ്രി വാസുദേവഭട്ടതിരിയിൽ സ്ഥാപിക്കപ്പെട്ട ശ്രീമിത്രസദനം ഇംഗ്ലീഷ് ഹൈസ്കൂൾ എന്ന സ്വകാര്യസ്ഥാപനമാണ് നാട്ടിൽ ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് സൗകര്യം ചെയ്തു കൊടുത്തത്. സുവർണ്ണ ജൂബിലി ആഘോഷിക്കാൻ പോകുന്ന ഈ സ്ഥാപനമാണ് പിന്നീട് സ്വാമി വിവേകാനന്ദ ഹൈസ്കൂൾ എന്ന് പുനർനാമകരണം ചെയ്യപ്പെട്ട് ഇപ്പോൾ പ്രവർത്തിക്കുന്നത്. സ്കൂളിന്റെ ഉടമസ്ഥാവകാശം സ്വാമിവിവേകാനന്ദ എഡ്യൂക്കേഷണൽ ചാരിറ്റബിൾ സൊസൈറ്റി, പാണ്ടനാടിന് കൈമാറ്റം ചെയ്തതിനുശേഷമാണ് ഈ മാറ്റം സംഭവിച്ചത്.

നാട്ടിൽ ഇപ്പോൾ പ്രവർത്തിച്ചു വരുന്ന വിദ്യാലയങ്ങളുടെ വിശദവിവരം പട്ടിക 1 ൽ കൊടുത്തിരിക്കുന്നു.

ഔപചാരികവിദ്യാഭ്യാസസ്ഥാപനങ്ങൾക്കു പുറമേ രണ്ടു ഗ്രന്ഥശാലകൾ പ്രവർത്തിച്ചു വരുന്നു. സാക്ഷരതാ പ്രവർത്തനത്തിന്റെ ഭാഗമായി ജനവിദ്യാകേന്ദ്രങ്ങളും പ്രവർത്തിക്കുന്നു. ഈ പഞ്ചായത്തിലെ 90 ശതമാനം ആളുകളും സാക്ഷരരാണ്.

സാങ്കേതിക വിദ്യാഭ്യാസത്തിനായി സമീപസ്ഥ മുൻസിപ്പാലിറ്റിയായ ചെങ്ങന്നൂരിലെ ഗവ. ഐ. റ്റി. ഐയും സ്വകാര്യസ്ഥാപനങ്ങളേയും, പന്തളം എൻ.എസ്.എസ് പോളിടെക്നിക്കിനേയും ആണ് ആശ്രയിക്കുന്നത്. ഐ.

## പട്ടിക-1

| ക്രമനമ്പർ | വിദ്യാലയത്തിന്റെ പേര് | മാനേജ്മെന്റ് | കുട്ടികളുടെഎണ്ണം | | | അദ്ധ്യാപകരുടെ എണ്ണം | സ്കൂൾകാമ്പസിന്റെ വിസ്തീർണ്ണം | കളിസ്ഥലം | ഒന്നിനും ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലം |
|---|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | | | | |
| 1. | എസ്.വി.എച്ച്.എസ് പാണ്ടനാട് | എയിഡഡ് | 301 | 204 | 505 | 24 | 1.5acre | 75 സെന്റ് | 10 സെന്റ് |
| 2. | ഗവ. ജെ.ബി. എസ്.കീഴ്വന്മഴി | ഗവ. | 38 | 34 | 72 | 4 | 1acre 1cents | 40 സെന്റ് | 25 സെന്റ് |
| 3. | ഗവ. ജെ.ബി. എസ്. പ്രയാർ | ഗവ. | 38 | 49 | 87 | 4 | 98.5 cents | 70 cent | |
| 4. | ഗവ. ജെ.ബി. എസ്. പാണ്ടനാട് | ഗവ. | 41 | 49 | 90 | 4 | 75 cent | 15 cent | 15 cent |
| 5. | ആർ.കെ വി.എൽ.പി. എസ് | എയിഡഡ് | 48 | 45 | 93 | 4 | 50cent | 15cent | 15cent |
| 6. | ശരത് വിദ്യാപീഠം | അംഗീകാരമില്ലാത്തത് | 35 | 27 | 62 | 8 | 10cent | – | – |
| 7. | എസ്. വി.ഇ.എം.സ്കൂൾ | അംഗീകാരമില്ലാത്തത് | 73 | 64 | 137 | 5 | 60cent | – | – |

എച്ച്. ആർ. ഡിയുടെ മാനേജ്മെന്റിലുള്ള എൻജിനീയറിംഗ് കോളേജ്, സമീപസ്ഥ മുൻസിപ്പാലിറ്റിയായ ചെങ്ങന്നൂരിൽ സ്ഥിതിചെയ്യുന്നു.

കലാശാല വിദ്യാഭ്യാസത്തിന് ചെങ്ങന്നൂരിലെ ക്രിസ്ത്യൻ കോളേജ്, പരുമല ദേവസ്വം ബോർഡ് കോളേജ്, ഇരമല്ലിക്കര ദേവസ്വംബോർഡ് കോളേജ്, തിരുവല്ല മർത്തോമ്മാ കോളേജ്, ചങ്ങനാശ്ശേരി, പന്തളം എന്നിവിടങ്ങളിലെ എൻ.എസ്.എസ് കോളേജുകളേയും ആല എസ്.എൻ. കോളേജ് ആണ് ആശ്രയിക്കുന്നത്.

പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണം പട്ടിക ഒന്നിൽ കൊടുത്തിരിക്കുന്നു. ഇതിനുപുറമേ ഏകദേശം 200 ഓളം കുട്ടികൾ സമീപസ്ഥ നഗരപ്രദേശങ്ങളിലെ ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിൽ പഠിയ്ക്കുന്നുണ്ട്. കുറഞ്ഞത് അഞ്ച് മേൽപറഞ്ഞ സ്ഥാപനങ്ങളെങ്കിലും സ്വന്തമായ വാഹനസൗകര്യങ്ങൾ ചെയ്തുകൊടുത്ത് വിദ്യാർത്ഥികളെ ആകർഷിക്കുന്നുണ്ട്.

കഴിഞ്ഞ അഞ്ച് വർഷത്തെ കണക്ക് പരിശോധിച്ചാൽ മിക്ക വിദ്യാലയങ്ങളിലും വിദ്യാർത്ഥികളുടെ എണ്ണം തുടർച്ചയായി കുറഞ്ഞുവരുന്നതായി കാണാം. ജനനനിരക്കു കുറവ്, അടുത്ത പഞ്ചായത്തിലേയും മുൻസിപ്പൽ പ്രദേശത്തേയും കൂടുതൽ മെച്ചപ്പെട്ട വിദ്യാലയങ്ങളുടെ ആകർഷണം, ഇംഗ്ലീഷ് മീഡിയം ഭ്രമം ഇവയൊക്കെ ഇതിനു കാരണങ്ങളാണെന്നു കാണാം. ഈ പഞ്ചായത്തിലെ എല്ലാ പ്രൈമറിവിദ്യാലയങ്ങളും അൺഎക്കണോമിക്ക് വിദ്യാലയങ്ങളുടെ പട്ടികയിൽ വരുന്നു. കുട്ടികളുടെ എണ്ണം കുറയാനുള്ള കാരണങ്ങളിൽ ഒന്ന് ഈ വിദ്യാലയങ്ങളിലെ പഠനനിലവാരത്തകർച്ചയും ആണ്. സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങളും, ഒരു പരിധിവരെ മോശമായ പ്രവർത്തനത്തിന് കാരണമായിട്ടുണ്ട്. കുട്ടികളുടെ പഠനനിലവാരം അപ്പപ്പോൾ വിലയിരുത്തി തദനുസരണം വേണ്ടത്ര പരിഹാരബോധനം നടത്തുന്നതിൽ അദ്ധ്യാപകർക്കും, മറ്റും തൃപ്തികരമായ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിൽ മേലധികാരികളും, രക്ഷകർത്താക്കളും ശ്രദ്ധിക്കാത്തതുകൊണ്ടും ആണ്; ഇതു സംഭവിച്ചിട്ടുള്ളത്. പ്രാഥമികതലത്തിൽവെച്ച് പഠിയ്ക്കേണ്ട അക്ഷരപരിജ്ഞാനത്തിന്റെ കുറവ് കുട്ടികളുടെ തുടർന്നുള്ള ഉയർന്ന ക്ലാസുകളിലെ പഠനത്തിന് കാര്യമായ വിഘാതം സൃഷ്ടിക്കുന്നു.

ഭൂരിപക്ഷം പ്രൈമറി വിദ്യാലയങ്ങളിലും വൈദ്യുതി, റേഡിയോ, മറ്റു ദൃശ്യശ്രാവ്യ ഉപകരണങ്ങളുടെ കുറവും, ആധുനിക പഠന സമ്പ്രദായങ്ങൾ ഉപയോഗിയ്ക്കാതിരിക്കുകയും ചെയ്യുന്നതിന്റെ ഫലം പഠനനിലവാരത്തകർച്ചയ്ക്ക് ഒരു പ്രധാന കാരണം തന്നെയാണ്. ആധുനിക പഠന സമ്പ്രദായമായ 'പ്രയോഗത്തിൽകൂടി പഠിയ്ക്കുക (Learn by doing) എന്നത് പ്രാവർത്തികമാക്കാൻ പറ്റിയ പഠനോപകരണങ്ങളുടെ അപര്യാപ്തത നിലവാര തകർച്ചയ്ക്കും അതുവഴി കുട്ടികളുടെ എണ്ണക്കുറവിനും കാരണമായിട്ടുണ്ട്.

ഈ പഞ്ചായത്തിലെ ഏക ഹൈസ്കൂളായ പാണ്ടനാട് S.V.H.S ലും കുട്ടികളുടെ കുറവ് അനുഭവപ്പെടുന്നുണ്ട്. ഈ സ്ഥാപനം ഹൈസ്ക്കൂളാകുന്ന കാലത്ത് സമീപസ്ഥലമായ പഞ്ചായത്തുകളിൽ ഒന്നും തന്നെ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുള്ള സൗകര്യം ഇല്ലായിരുന്നു. എന്നാൽ കാലക്രമേണ നാലു കിലോമീറ്റർ ദൂരസ്ഥലമായി കുറഞ്ഞത് നാലു ഹൈസ്കൂളുകളെങ്കിലും ഉണ്ടായി. കൂടാതെ നേരത്തെ പറഞ്ഞ ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ വർദ്ധനവും, മറ്റു സാഹചര്യങ്ങളും, ഈ സ്കൂളിലെ കുട്ടികളുടെ എണ്ണക്കുറവിന് കാരണമായിട്ടുണ്ട്. സ്കൂളിന്റെ ഭൗതിക സാഹചര്യക്കുറവ് ഇതിന് ഒരു കാരണമായി പറയാനില്ല. എങ്കിലും മേൽ ഖണ്ഡികയിൽ പറഞ്ഞ സാഹചര്യങ്ങൾ ഇവിടെയും ഏർപ്പെടുത്തി ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു.

പുതിയ സാഹചര്യങ്ങളുടെ വെല്ലുവിളി സ്കൂൾ അധികൃതരും അദ്ധ്യാപകരും ഉൾക്കൊണ്ട് പ്രവർത്തിക്കാൻ തുടങ്ങിയതിന്റെ ലക്ഷണങ്ങൾ കണ്ടു തുടങ്ങിയിട്ടുണ്ട്. സമീപ കാലത്ത് സ്കൂളിൽ ഇംഗ്ലീഷ് മീഡിയം ക്ലാസുകൂടി തുടങ്ങിയിട്ടുണ്ട്. കഴിഞ്ഞ അഞ്ചു വർഷത്തെ

SSLC പരീക്ഷയുടെ വിജയ ശതമാനം വിലയിരുത്തിയപ്പോൾ ഒരു കാര്യം കാണാൻ സാധിച്ചു. വിജയ ശതമാനം വർദ്ധിച്ചുകൊണ്ടിരിക്കുന്നതാണ്.

## പ്രശ്നങ്ങൾ

1. പ്രൈമറി വിദ്യാലയങ്ങളിലെ പഠനനിലവാരത്തകർച്ച
2. പല വിദ്യാലയങ്ങളിലേയും ഭൗതിക സാഹചര്യങ്ങൾ തൃപ്തികരങ്ങളല്ല.
   പ്രാഥമിക സൗകര്യങ്ങൾ ഇല്ലായ്മ, ഫർണീച്ചർ അപര്യാപ്തത, ദൃശ്യ ശ്രാവ്യ ഉപകരണങ്ങൾ, വിവിധ പഠനോപകരണങ്ങളുടെ കുറവ്, ആധുനിക പഠനസമ്പ്രദായങ്ങൾ സ്വീകരിക്കുന്നതിൽ കാണിക്കുന്ന വിമുഖത, എന്നിവ പഠനനിലവാര തകർച്ചയ്ക്കു കാരണമാകുകയും തദ്വാര രക്ഷിതാക്കൾ കുട്ടികളെ വിദ്യാലയങ്ങളിൽ ചേർക്കാൻ മടിക്കുകയും ചെയ്യുന്നു. ഇത് പ്രൈമറി വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണക്കുറവിന് കാരണമാകുകയും സർക്കാരിന് സാമ്പത്തിക ബാധ്യത വരുത്തി വെക്കുകയും ചെയ്യുന്നു.
3. നഗരങ്ങളിലെ ഇംഗ്ലീഷ് മിഡിയം സ്കൂളുകളിലേക്ക് കുട്ടികളെ ആകർഷിക്കുന്നതിന് മേൽപറഞ്ഞ കാര്യങ്ങളുടെ മെച്ചപ്പെട്ട സ്ഥിതിയും, പ്രത്യേക വാഹന സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളതും കാരണമാകുന്നു.
4. സ്കൂൾ കുട്ടികളുടെ നിരക്ഷരത കുറയ്ക്കാൻ സാധിച്ചിട്ടുണ്ടെങ്കിലും ഇപ്പോഴും നല്ലൊരു ശതമാനം കുട്ടികൾക്കും വേണ്ടത്ര അക്ഷര പരിജ്ഞാനം ഇല്ല.
5. വിവിധ ഘട്ടങ്ങളിലെ കൊഴിഞ്ഞുപോക്ക് തടയാൻ സാധിച്ചിട്ടുണ്ടെങ്കിലും അനൗപചാരിക വിദ്യാഭാസത്തിന്റെ ആവശ്യം സമൂഹത്തിന്റെ ഇടയിൽ ഇപ്പോഴും നിലനിൽക്കുന്നുണ്ട് എന്നുള്ളത് ഒരു വസ്തുതയാണ്.
6. സാക്ഷരതാ ശതമാനം വർദ്ധിച്ച് എങ്കിലും തുടർ വിദ്യാഭ്യാസത്തിന്റെ ആവശ്യം ആർക്കും തള്ളിക്കളയുവാൻ സാധ്യമല്ല.
7. കലാഭ്യാസത്തിന് വേണ്ടത്ര സൗകര്യങ്ങൾ ഇല്ല.
8. കായിക വിനോദത്തിന് സൗകര്യം ഇല്ല.
9. പഞ്ചായത്തിൽ സാങ്കേതിക വിദ്യാഭ്യാസത്തിനും സൗകര്യങ്ങൾ ഇല്ല.
10. തൊഴിലധിഷ്ഠിത പരിശീലനത്തിനും സ്ഥാപനങ്ങൾ ഒന്നും തന്നെയില്ല.
11. വേണ്ടത്ര സൗകര്യങ്ങൾ ഉള്ള ബാലവാടികളും നേഴ്സറി വിദ്യാലയങ്ങളും ഇല്ല.
12. സാക്ഷരതാപ്രവർത്തനം മൂലം നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തിൽ രണ്ടു ജന വിദ്യാകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. ഒന്ന് പഞ്ചായത്ത് സംസ്കാരികനിലയിലും, പ്രയാർ J.B.S.ലും.

## സാധ്യതകൾ

അയൽപക്ക വിദ്യാലയ പരിശീലന സമ്പ്രദായത്തിനു വേണ്ടിയുള്ള ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കാവുന്നതാണ്. പഞ്ചായത്തുതലത്തിൽ സ്കൂൾ കോംപ്ലക്സുകൾ ആരംഭിക്കുകയും അവയുടെ പ്രവർത്തനം കുറ്റമറ്റതും ക്രിയാത്മകമായി നടത്തിക്കൊണ്ടു പോകുന്നതിന് പഞ്ചായത്തിൽ വിദ്യാഭ്യാസ സമിതി രൂപീകരിക്കാവുന്നതാണ്.

സ്കൂൾതലത്തിൽ പ്രവർത്തിക്കുന്ന രക്ഷാകർത്തൃ സമിതികൾ കൂടുതൽ പ്രവർത്തോന്മുഖമാക്കുക.

സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ ആവശ്യം വേണ്ട പഠനോപകരണങ്ങൾ ഏർപ്പെടുത്തിക്കൊടുക്കുന്നതിനു വേണ്ട വിഭവസമാഹരണത്തിനു പഞ്ചായത്തു മുൻകൈ എടുക്കുക.

പരിഹാരബോധന പരിപാടി ശരിയാംവണ്ണം നടത്തുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

രക്ഷകർത്താക്കളുമായി നിരന്തരം ബന്ധപ്പെടുന്നതിന് അദ്ധ്യാപകർ ശ്രദ്ധിക്കുകയും കുട്ടികളുടെ പോരായ്മകൾ അവരുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതിനു കാരണമായിട്ടുള്ളവ പരിഹരിക്കുന്നതിനു വേണ്ട ബോധവൽക്കരണം നടത്തുകയും ചെയ്യാവുന്നതാണ്.

## സംസ്കാരം

സമീപസ്ഥമായ പഞ്ചായത്തുകളെ അപേക്ഷിച്ച് ഈ പഞ്ചായത്തിന് സമ്പന്നമായ ഒരു സാംസ്കാരിക പൈതൃകത്തിന്റെ ഈറ്റില്ലമാണെന്നു പറയാം.

സഹ്യാദ്രിസാനുക്കളുടെ അഭിഭാജ്യഘടകമായ ശബരിമല എന്ന പുണ്യഭൂമിയിൽ നിന്നും ഉത്ഭവിച്ച് ഈ പഞ്ചായത്തു പ്രദേശത്തെ ആകമാനം പുളകം കൊള്ളിച്ച് ശാന്തഗംഭീരയായി ഒഴുകുന്ന പമ്പാനദി തന്നെയാണ് ഈ പ്രദേശത്തിന്റെ വരപ്രസാദം. ഈ തീർത്ഥ ജലം തന്നെയാണ് ഒരു സമ്പന്നമായ സാംസ്കാരിക പൈതൃകത്തിന് വളക്കൂറുള്ള മണ്ണിന് ജന്മം ഏകിയത്.

നാനാ ജാതി മതസ്ഥർ സൗഹാർദ്ദപുരസരം ഇവിടെ അധിവസിക്കുന്നു. ഹിന്ദു ക്രിസ്തുമത വിശ്വാസികളും ഏകോദര സഹോദരങ്ങളെപ്പോലെ കഴിയുന്നു.

ക്ഷേത്ര ഉത്സവങ്ങളിലും, പള്ളി പെരുന്നാളുകളിലും വിഭിന്ന ജാതി മതസ്ഥർ സഹകരിച്ചു പ്രവർത്തിക്കുന്നു.

ജാതി പരമായ ഉച്ചനീചത്വങ്ങൾ ഒരു കാലത്ത് ഇവിടെയും നിലനിന്നിരുന്നു. എന്നാൽ ദേശീയ പ്രസ്ഥാനങ്ങളുടെ ആവിർഭാവവും ക്ഷേത്രപ്രവേശന വിളംബരവും അതിനു അറുതി വരുത്തുവാൻ സഹായിച്ചു. കൂടാതെ അന്ധവിശ്വാസങ്ങൾക്കും ദുരാചാരങ്ങൾക്കും എതിരായുള്ള ശ്രീനാരയണഗുരുവിന്റെ സന്ദേശങ്ങൾ സാമൂഹ്യ വ്യവസ്ഥയിൽ മാറ്റത്തിന്റെ ശംഖുനാദം മുഴക്കി.

ജന്മി കുടിയാൻ വ്യവസ്ഥിതി ഒരു കാലത്ത് ഇവിടെയും ശക്തമായി നിലനിന്നിരുന്നു. എന്നാൽ ഭൂപരിഷ്കരണ നിയമങ്ങൾ പ്രാബല്യത്തിൽ വന്നതോടുകൂടി വ്യവസ്ഥിതിക്ക് കാതലായ മാറ്റം ഉണ്ടായി. ഭൂസ്വത്തിന്മേൽ ഏതാനും വ്യക്തികൾക്ക് ഉണ്ടായിരുന്ന കുത്തകാവകാശം എന്നന്നേക്കുമായി അപ്രത്യക്ഷമായി ഭൂനിയമങ്ങളിൽ ഉണ്ടായ മാറ്റം അധഃസ്ഥിത വിഭാഗങ്ങളുടെയും ദുർബല വിഭാഗങ്ങളുടെയും അവകാശ സംരക്ഷണത്തിന് പിൻബലമേകി.

സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തോട് ബന്ധപ്പെട്ട ദേശീയ പ്രസ്ഥാനങ്ങളുടെ വേലിയേറ്റം സാമൂഹിക ആചാരങ്ങളിലും വേണ്ടത്ര മാറ്റങ്ങൾ സൃഷ്ടിക്കുവാൻ പര്യാപ്തമായി.

നമ്മുടെ കലാസാംസ്കാരിക വളർച്ചയ്ക്ക് ഓണം പോലെയുള്ള ദേശീയ ഉത്സവങ്ങളുടെ ആഘോഷം ചെറുതല്ലാത്ത പങ്കു വഹിച്ചിട്ടുണ്ട്. വിഭിന്ന ജാതി മതസ്ഥർ തമ്മിലുള്ള സൗഹാർദ്ദത്തിന് മാറ്റു കൂട്ടുന്നതിനും നമ്മുടെ സാംസ്കാരിക പൈതൃകത്തിന് ദൃഢത പകരുവാൻ ഈ ഉത്സവങ്ങൾ ഏറെ സഹായിച്ചു. 500 വർഷത്തിലേറെ പഴക്കമുള്ള കീഴ്വന്മഴി പള്ളിയോടം ഈ പഞ്ചായത്തിന്റെ ഒരു അഭിമാനമാണ്. വള്ളംകളി മത്സരങ്ങളിൽ വിഭിന്ന ജാതി മതസ്ഥർ പങ്കെടുക്കുന്നു. ഓണക്കാലത്ത് പാണ്ടനാട് മുറിയായ്ക്കരയിൽ ആണ്ടുതോറും നടക്കുന്ന ശ്രീ ഗോശാലകൃഷ്ണ ജലോത്സവം ഈ ഗ്രാമത്തിന്റെ ഒരു ദേശീയ ഉത്സവം തന്നെയാണ്.

കലാ രംഗത്തും ഈഗ്രാമപഞ്ചായത്തിന് അഭിമാനിക്കാൻ ഏറെ വകയുണ്ട്.

ഓട്ടം തുള്ളൽ കലാകാരനായിരുന്ന **ശ്രീ കുഞ്ഞൻ പിള്ള ആശാൻ** പാണ്ടനാടിന്റെ അഭിമാനഭാജനമായിരുന്നു. സമീപസ്ഥമായ ക്ഷേത്രങ്ങളിലെ ഉത്സവങ്ങൾക്ക് ശ്രീ കുഞ്ഞൻപിള്ള ആശാന്റെ തുള്ളൽ പരിപാടി ഒരു അനിവാര്യഘടകമായിരുന്നു. വിദ്യാലയങ്ങളിലും ആ മഹാത്മാവ് ഒട്ടേറെ പരിപാടികൾ അവതരിപ്പിച്ചിട്ടിണ്ട്. കുട്ടികളിൽ കലാവാസനയും അറിവും പകരുന്നതിന് ഈ പരിപാടികൾ ഒട്ടേറെ സഹായിച്ചിട്ടുണ്ട്. ഈ അതുല്യ കലാകാരനെ ഈ ഗ്രാമ വാസികൾ ഇന്നും സ്നേഹബഹുമാനത്തോടെ ഓർക്കുന്നു.

കേരളത്തിന്റെ തനതു കലയായ കഥകളി രംഗത്തും പാണ്ടനാട് അതിന്റേതായ സംഭാവനകൾ നൽകിയിട്ടുണ്ട് എന്നഭിമാനിക്കാം. അതുല്യ പ്രതിഭാശാലിയായ **കഥകളി ആചാര്യൻ ഗുരു ചെങ്ങന്നൂർ അഥവാ ചെങ്ങന്നൂർ ശ്രീരാമൻ പിള്ള ആശാന്** ജന്മം നൽകിയതും ഈ ഗ്രാമമാണ്. ഈ കലാരംഗത്ത് അർപ്പണബോധത്തോടെ പ്രവർത്തിച്ചിരുന്ന അദ്ദേഹത്തിന് ഉന്നത ശ്രേണികളിൽ എത്തിപ്പെടാൻ സാധിച്ചതിൽ അതിശയോക്തി ഒട്ടും തന്നെയില്ല. തന്റെ ത്യാഗോജ്ജ്വലമായ ജീവിതം ഈ കലാസപര്യയ്ക്കു വേണ്ടി അദ്ദേഹം ഉഴിഞ്ഞു വച്ചു. അതിന്റെയൊക്കെ ഫലമായി ആ കാലഘട്ടത്തിൽ അദ്ദേഹം കൊട്ടാരം കഥകളി സംഘത്തിന്റെ ആസ്ഥാന വിദ്വാനായി പ്രശോഭിക്കുവാൻ പ്രാപ്തനാക്കി. കൂടാതെ അനവധി പുരസ്കാരങ്ങളും അദ്ദേഹത്തെ തേടിയെത്തി. അപ്രതിരോധ്യനായ ഈ കലാകാരനെ തേടി ഭാരത സർക്കാരിന്റെ പത്മശ്രീ പുരസ്കാരവും എത്തി.

ശാസ്ത്രീയകലയായ കഥകളിയിൽ കലാമർമ്മജ്ഞനായ ഇദ്ദേഹം ഒരു വിട്ടുവീഴ്ചക്കും തയ്യാറല്ലായിരിന്നു. ഈ രംഗത്തെ ശാസ്ത്രീയ വശത്തെ ബലികഴിച്ചുകൊണ്ടുള്ള ഒരു മാറ്റത്തിനും ആശാന് തയ്യാറല്ലായിരുന്നു. തെക്കൻ ചിട്ടകളിലെ കഥകളി രംഗത്ത് അദ്ദേഹത്തിന്റേതായ ധാരാളം സംഭാവനകളുണ്ട്. വമ്പിച്ച ഒരു ശിഷ്യസമൂഹവും അദ്ദേഹത്തിനുണ്ടായിരുന്നു. ഗുരുകുല വിദ്യാഭ്യാസ രീതിയിലായിരുന്നു. അദ്ദേഹം ശിഷ്യന്മാരെ കഥകളി അഭ്യസിപ്പിച്ചിരുന്നത്. ഹരിപ്പാട് രാമകൃഷ്ണപിള്ള, മാങ്കൊമ്പ് ശിവശങ്കര പിള്ള, മടവൂർ വാസുദേവൻ പിള്ള, ചെന്നിത്തല, ചെല്ലപ്പൻ പിള്ള. തുടങ്ങിയ പ്രഗൽഭ കഥകളി നടന്മാർ ശ്രീ ചെങ്ങന്നൂർ രാമൻപിള്ള ആശാന്റെ ശിഷ്യന്മാരാണ്.

ലോകപ്രശസ്തകലാകാരനായ ശ്രീ ഗുരു ഗോപിനാഥും ആശാന്റെ ശിഷ്യഗണത്തിൽപെടും. കഥകളി കോപ്പു നിർമ്മിതിയിലും ആശാൻ ആശാന്റേതായ പ്രാഗൽഭ്യം തെളിയിച്ചിട്ടുണ്ട്.

എല്ലാം കൊണ്ടും കലാസർവ്വഭൗമനായ ഒരു കലാകാരന് ജന്മം നൽകിയതിൽ ഈ ഗ്രാമത്തിന് അഭിമാനിക്കാം.

പാണ്ടനാട് മുറിയായിക്കര നെട്ടായത്തിൽ ചരിത്രപ്രസിദ്ധമായ ശ്രീ ഗോശാലകൃഷ്ണ ജലോത്സവം നടക്കുന്നുണ്ട്. ജാതിമതഭേതം കൂടാതെ ജലോത്സവം ആണ്ടുതോറും നടക്കുന്നു. പള്ളിയോടങ്ങളെ കൂടാതെ പടിഞ്ഞാറൻ ചുണ്ടൻ, വെപ്പ്, ഇരുട്ടുകുത്തി, ഓടി തുടങ്ങിയ ചെറുവള്ളങ്ങളും മത്സരത്തിൽ പങ്കെടുക്കുന്നു.

കലാസമിതികളുടെ രംഗത്തും ഈ ഗ്രാമം പിന്നോക്കമായിരുന്നില്ല. പാണ്ടനാട് റിക്രിയേഷൻ ക്ലബ് കലാകായിക രംഗത്ത് അതിന്റേതായ സംഭാവനകൾ നൽകിയിട്ടുണ്ട്. കലാസമിതിയുടെ ആഭിമുഖ്യത്തിൽ ഒട്ടേറെ നാടകങ്ങൾ രംഗത്ത് അവതരിപ്പിച്ചിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടവ **കാനം. ഇ.ജെയുടെ 'എന്നിട്ടും നിങ്ങളെന്നെ സ്നേഹിക്കുന്നു.' 'വീരന്റെ തൂവലും തൂമ്പയും'** എന്ന നാടകത്തിന്റെ അവതരണം എടുത്തു പറയത്തക്കവയാണ്. തൂവലും തൂമ്പയും എന്ന നാടകത്തിന്റെ അവതരണം സാമൂഹ്യ മാറ്റത്തിന്റെ അലയൊലികൾ സൃഷ്ടിക്കാൻ പോലും പര്യാപ്തമായിരുന്നു.

കായിക രംഗത്തും ക്ലബ് ഒട്ടേറെ സംഭാവനകൾ നൽകിയിട്ടുണ്ട്.

സാമൂഹിക രംഗത്ത് വെയിറ്റിംഗ് ഷെഡ് നിർമ്മാണത്തിന് മുൻകൈ എടുത്തിട്ടുണ്ട്.

ഉദയ കലാസമിതിയും തനതായ വ്യക്തി മുദ്രസ്ഥാപിച്ച ഒരു പ്രസ്ഥാനമാണ്. ധാരാളം കഥകൾ വിൽപ്പാട്ട് എന്നിവ അവതരിപ്പിച്ചിട്ടുണ്ട്.

കലാ കൈരളി എന്ന നാമകരണത്തോടുകൂടി പഞ്ചായത്തിന്റെ ഒന്നാം വാർഡിൽ മുതവഴിയിൽ ശ്രീ, റ്റി.റ്റി ചെല്ലപ്പനാശാനും സംഘവും അവതരിപ്പിക്കുന്ന പരിചമുട്ടുകളി സംഘം ഈ ഗ്രാമത്തിൽ പ്രവർത്തിക്കുന്നു. അതിന് ശേഷം ഉടലെടുത്ത പ്രയാർ ബ്രീസ് ആർട്സ് ആൻഡ് സ്പോർട്ട്സ് ക്ലബ് കായികരംഗത്ത് സമ്പുഷ്ടമായി തിളങ്ങുന്നു. സാമ്പത്തിക പരിമിതികളും സമൂഹത്തിൽ വന്ന മാറ്റവും ആണ് കലാസമിതികളുടെ വളർച്ച മുരടിച്ചു പോകാൻ കാരണം. പഞ്ചായത്ത്, സർക്കാർ, മറ്റു സാമൂഹ്യ സംഘടനകൾ ഇവയിൽ നിന്നുള്ള പ്രോത്സാഹനക്കുറവ് കലാ കായിക സമിതികളെ എറെ ബാധിച്ചിട്ടുണ്ട്.

ശാസ്ത്ര രംഗത്തും ഈ ഗ്രാമം അതിന്റേതായ സംഭാവനകൾ നൽകിയിട്ടുണ്ട്. ജോതിഷ ശാസ്ത്രരംഗത്ത് പ്രഗത്ഭനും പണ്ഡിതനുമായ പാണ്ടനാട്ടിൽ **പി. ആർ ഗോപാ**

ലവാര്യർക്ക്ജന്മമേകിയതു ഈ ഗ്രാമം തന്നെ പണ്ഡിത സാർവ്വഭൗമനായ അദ്ദേഹം ഒരു സാഹിത്യകാരനും കൂടി യായിരുന്നു. കേരള സംഭവം എന്ന മഹാകാവ്യം കൈരളിക്കു സമർപ്പിച്ചതും അദ്ദേഹമായിരുന്നു.

വിദ്യാഭ്യാസ സ്ഥാപനങ്ങൾ കഴിഞ്ഞാൽ ഒരു ഗ്രാമത്തിന്റെ വിജ്ഞാന കേന്ദ്രങ്ങൾ എന്നു പറയാവുന്നത് ഗ്രന്ഥശാലകളും വായനശാലകളും ആണ്. സാമൂഹിക സാസ്കാരിക രംഗത്ത് വിപ്ലവാത്മകമായ മാറ്റങ്ങൾക്ക് തുടക്കം കുറിക്കപ്പെടുന്നത് പലപ്പോഴും ഗ്രന്ഥശാലകളിൽ നിന്നാണെന്ന് ചരിത്രം നമ്മെ പഠിപ്പിക്കുന്നു.

പാണ്ടനാട് പഞ്ചായത്തിന് ആകെ രണ്ടു ഗ്രന്ഥശാലകളാണ് ഉള്ളത്. അവയുടെ വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ.നം. | ഗ്രന്ഥശാലയുടെ പേര് | സ്ഥാപിച്ച വർഷം | ഗ്രേഡ് | പുസ്തകങ്ങളുടെ എണ്ണം | ഗരാശരി പ്രതിമാസ വിതരണം | ആനുകാലകങ്ങളുടെ എണ്ണം |
|---|---|---|---|---|---|---|
| 1. | എം.പി.എം ഗ്രന്ഥശാല പാണ്ടനാട് | | | | | |
| 2. | പഞ്ചായത്ത് ലൈബ്രറി പാണ്ടനാട് | | | | | |

കേരള ഗ്രന്ഥശാലാ സംഘവുമായി അഫിലിയേഷൻ ഉള്ള ഒരു ഗ്രന്ഥശാലയാണ്.എം.പി.എം ഗ്രന്ഥശാല, പാണ്ടനാട്, സാമാന്യം നല്ല ലൈബ്രറിക്ക് ഉണ്ടാകേണ്ട എല്ലാത്തരം പുസ്തകങ്ങളും ഇവിടെയുണ്ട്. എൻസൈക്ലോപീഡിയാ, ഭാഷാഇൻസ്റ്റിറ്റ്യൂട്ടിന്റെ പുസ്തകങ്ങൾ, കൃഷിപുസ്തക കോർണർ, വിജ്ഞാനപ്രദമായ ആയിരക്കണക്കിന് പുസ്തകങ്ങൾ ഇവിടെയുണ്ട്. ഈ നാട്ടിലെ ജനങ്ങളുടെ നിർലോഭമായ സഹകരണം ഒന്നുകൊണ്ടുമാത്രമാണ് ഈ ഗ്രന്ഥശാല ഇന്നത്തെ വളർച്ചയിൽ എത്തിയത്. എന്നാൽ സമീപകാലത്ത് ഈ ഗ്രന്ഥശാലയുടെ പ്രവർത്തനം വേണ്ടത്ര തൃപ്തികരമായി അല്ല നടക്കുന്നത്. അതിന് പല കാരണങ്ങളും ഉണ്ട്. അതിൽ പ്രധാനപ്പെട്ട ഒരു കാരണം ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ ജനകീയ സ്വഭാവം നശിപ്പിക്കപ്പെടുകയും കൺട്രോൾ ബോർഡുകളെ ഏല്പിക്കുകയും ചെയ്തതാണ്. ഇലക്ട്രോണിക് മാധ്യമങ്ങളുടെ അതിപ്രസരം ഗ്രന്ഥശാലകളെയാണ് ഏറ്റവും മോശമായി ബാധിച്ചത്. കുട്ടികളിലും, യുവാക്കളിലും, മറ്റു ജനവിഭാഗങ്ങളുടെ ഇടയിലും വായനാശീലം പ്രവചനാതീതമായി കുറഞ്ഞു വരുന്നതായാണ് കാണുന്നത്. ചിന്താശീലരായ യുവാക്കളെ പാകപ്പെടുത്തിയെടുക്കേണ്ട ഈ വിജ്ഞാന കേന്ദ്രത്തിന്റെ സ്ഥിതി ഇന്ന് വളരെ ശോചനീയമാണ്. വേണ്ടത്ര ഭൗതീക സാഹചര്യക്കുറവ് ഈ സ്ഥിതിക്ക് പ്രധാന കാരണമാണ്.

## പ്രശ്നങ്ങൾ

1. കായിക രംഗത്ത് പ്രവർത്തിക്കുന്നവർക്ക് വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ല.
2. പരിമിതമായ ഭൗതിക സാഹചര്യങ്ങൾ
3. സാമ്പത്തിക ഭദ്രതക്കുറവ്.
4. വായനാശീലക്കുറവ് ഗ്രന്ഥശാലകളെ വളരെയധികം ദോഷമായി ബാധിച്ചിട്ടുണ്ട്.
5. കായിക വിനോദങ്ങൾക്ക് വേണ്ടത്ര സ്ഥലസൗകര്യം ഇല്ലായ്മ.
6. സാമ്പത്തിക ഭദ്രത ഇല്ലായ്മ കലാസമിതികളെ നാശത്തിലേക്കു നയിക്കുന്നു.
7. നാടൻ കലാരൂപങ്ങൾ അവതരിപ്പിക്കുവാൻ വേണ്ടത്ര വേദികൾ ഒരുക്കാത്തതിനാൽ ഉള്ള പ്രശ്നങ്ങൾ

## സാധ്യതകൾ

1. ഗ്രന്ഥശാലാ പ്രവർത്തനം മെച്ചപ്പെടണമെങ്കിൽ ഭൗതീകവും സാമ്പത്തികവുമായ സൗകര്യങ്ങൾ ചെയ്തു കൊടുക്കുക
2. സാമൂഹ്യ സാംസ്കാരിക ബോധവൽക്കരണത്തിനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുക.
3. പ്രാദേശിക പൊതു ആഘോഷങ്ങൾ സംഘടിപ്പിച്ച് നാടൻ കലാരൂപങ്ങളും, കലാ കായിക മത്സരങ്ങളും നടത്തി പ്രോത്സാഹനം കൊടുക്കാൻ വേണ്ട വേദി ഒരുക്കുക.
4. ഇലക്ട്രോണിക്സ് മാധ്യമങ്ങളുടെ വിവേചനരഹിതമായ പോക്കിനെതിരെ ശക്തമായ പ്രചാരണ പ്രവർത്തനങ്ങൾക്ക് നേതൃത്വംകൊടുക്കുക.
5. മതസൗഹാർദ്ദത്തിന് ഊന്നൽ നൽകത്തക്ക കലാ സാംസ്ക്കാരിക പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുക.

ചെമ്പഴന്നൂർ ശ്രീ. സി.കെ നീലകണ്ഠ പിള്ള സൗജന്യമായി നല്കിയ സ്ഥലത്താണ് എം.പി.എം ഗ്രന്ഥശാല സ്ഥിതി ചെയ്യുന്നത്.

## ആരോഗ്യം

ഒരു പ്രദേശത്തിന്റെ ആരോഗ്യനിലവാരത്തെ വിലയിരുത്തുന്നത് ആ പ്രദേശത്തെ ശിശുമരണനിരക്ക് നീണ്ട ജീവിതദൈർഘ്യം തുടങ്ങിയവയുടെ അടിസ്ഥാനത്തിലാണ്. നമ്മുടെ പഞ്ചായത്തിലെ മരണനിരക്ക് 93-94ൽ 4.75-ഉം 94-95-ൽ 5.67-ഉം 95-96-ൽ 3.4-ഉം ആണ്. ഇതു കേരളത്തിലെ മരണനിരക്കായ 5.9ന് താഴെയാണ്. കേരളത്തിലെ ശിശുമരണനിരക്ക് 16 ആണ്. എന്നാൽ നമ്മുടെ പഞ്ചായത്തിൽ ഇത് വളരെ താഴെയാണ് എന്നാണ് കണക്കുകൾ കാണിക്കുന്നത്. മാതൃമരണനിരക്ക് അതായത് പ്രസവസമയത്തെ മരണനിരക്കും തീരെ താഴെയാണ്. ഇവിടെ കഴിഞ്ഞ വർഷം ഉണ്ടായത് ഒരു മരണമാണ്. ചാപിള്ള ജനനവും ജനനത്തോടുചേർന്ന മരണവും കഴിഞ്ഞവർഷം ഓരോന്നു വീതം ഉണ്ടായി.

കേരളത്തിലെ ശരാശരി ജനനനിരക്ക് 17 ആണ് എന്നാൽ നമ്മുടെ പഞ്ചായത്തിൽ നിരക്ക് 95-96ൽ 3.65-ഉം അതിന് തൊട്ടടുത്തവർഷം 3.73 ആയിരുന്നു. സ്ഥിരമായ ജനനനിയന്ത്രണമാർഗ്ഗം സ്വീകരിച്ചതാണ് പ്രധാനകാരണം. വൈകല്യനിരക്കും വളരെ കുറവാണ്.

രോഗാതുരത അല്പം മുന്നിലാണ്. എന്നാൽ കുഷ്ഠ രോഗികൾ നമ്മുടെ പഞ്ചായത്തിൽ സമീപകാലത്ത് രണ്ട് കേസുകൾ ഉള്ളതായ് അറിയാൻ കഴിഞ്ഞിട്ടുണ്ട്. ക്ഷയ രോഗവും സംസ്ഥാന നിരക്കിനേക്കാൾ എത്രയോ താഴെ യാണ്. തിമിരം ബാധിച്ചവർ 1000-ന് 1.2 എന്ന തോതിൽ കാണുന്നുണ്ട്. നമ്മുടെ നാട്ടിൽനിന്നും പാടെ നിർമ്മാർ ജ്ജനം ചെയ്തു എന്ന് വിശ്വസിച്ചിരുന്ന മലമ്പനി വീണ്ടും ഈ പഞ്ചായത്തിൽ കണ്ടു തുടങ്ങിയിരിക്കുന്നു. അന്യ സംസ്ഥാനങ്ങളിൽ ഉദ്യോഗത്തിന് പോയി അവിടെനിന്നും വന്നവരിലാണ് ഈ രോഗം കഴിഞ്ഞ ഒരു വർഷം 13 പുതിയ രോഗികളെ ഇവിടെ ചികിത്സിച്ചു. സാധാര ണയായി കണ്ടുവരുന്നത് ശ്വാസാകോശസംബന്ധമായ രോഗമാണ്. ശരാശരി ഒരു ദിവസം 120 രോഗികൾ P.H.C യിൽ ചികിത്സക്കായി എത്തുന്നുണ്ട്.

ചെങ്ങന്നൂർ ബ്ലോക്കിൽ 1962-ൽ കുട്ടികൾക്കും സ്ത്രീകൾക്കും വേണ്ടി മൂന്നുവീതം കിടക്കകളോടുകൂടി പ്രവർത്തനം ആരംഭിച്ച ബ്ലോക്കുപ്രാഥമികാരോഗ്യകേന്ദ്ര മാണ് III-ാം വാർഡിൽ സ്ഥിതിചെയ്യുന്ന പ്രാഥമിക ആരോ ഗ്യകേന്ദ്രം കീഴ്വന്മഴി N.S.S കരയോഗം സൗജന്യമായി നൽകിയ സ്ഥലത്താണ് സ്ഥിതിചെയ്യുന്നത്. ആദ്യകാല ങ്ങളിൽ രോഗികളെ കിടത്തി ചികിത്സിച്ചു എങ്കിലും ഇപ്പോൾ രോഗികളെ കിടത്തിയുള്ള ചികിത്സ ഇല്ല. M.P ഫണ്ട് ഉപയോഗിച്ച് L.A.D സ്കീമിൽ 12 കിടക്കകളുള്ള ഒരു കെട്ടിടത്തിന്റെ പണി പ്രാദേശിക വികസന പദ്ധതി പ്രകാരം 6 മാസങ്ങൾക്കുമുമ്പ് പൂർത്തി ആയെങ്കിലും കെട്ടിടം ഇതുവരെയും ആരോഗ്യവകുപ്പിന് കൈമാറിയി ട്ടില്ല. രോഗികളെ കിടത്തി ചികിത്സ തുടങ്ങുവാൻ വേണ്ട മെഡിക്കൽ ജീവനക്കാർഇല്ല.(ഉദാ. സ്റ്റാഫ് നേഴ്സ്, അന്റണ്ടർ, കുക്ക് തുടങ്ങിയ ജീവനക്കാർ) വരെ അടിയന്തിരമായി നിയമിച്ച് പ്രവർത്തനം തുടങ്ങിയില്ലെങ്കിൽ, പണിതീർന്ന കെട്ടിടത്തിന് വേണ്ടി ഉപയോഗിച്ച തുക ദേശീയ നഷ്ട മാണ്. അതുപോലെ മെഡിക്കൽ ആഫീസർക്കുവേണ്ടി നിർമ്മിച്ച ക്വാർട്ടേഴ്സും താമസമില്ലാതെ കിടക്കുകയാണ്. പണി പൂർത്തി ആയതിനുശേഷം വാർഷിക അറ്റകുറ്റപണി കൾ ചെയ്തിട്ടില്ല; ഇതുവരെ വെള്ളം കിട്ടുന്നതിനുള്ള ഏർപ്പാടുകൾ ശരി ആയിട്ടില്ല. ഒരു കുടുംബത്തിനു താമ സിക്കുവാൻ വേണ്ട മുറി സൗകര്യം ഇല്ല എന്നുള്ളതും ഒരു യാഥാർത്ഥ്യമാണ്. പ്രമട്ടക്കര സ്ഥാപിച്ചിട്ടുള്ള സബ് സെന്റർ ഇപ്പോൾ പ്രവർത്തന സജ്ജമല്ല. കിണർപോലും വൃത്തിയായി സൂക്ഷിക്കുന്നില്ല. വാർഷിക അറ്റകുറ്റപ ണികൾ ചെയ്യേണ്ടതാണ്. 1994 മുതൽ സ്വന്തമായ വാഹനം ഉണ്ടെങ്കിലും 1994 ജൂൺ മാസം മുതൽ ഡ്രൈവ റുടെ പോസ്റ്റ് ഒഴിഞ്ഞുകിടക്കുകയാണ്, കൂടാതെ ഫീൽഡ് വിഭാഗത്തിൽ ഒരു Jr. H.I.യുടെ തസ്തികയും, ഫാർമസി സസ്റ്റന്റെ തസ്തികയും ഇപ്പോൾ ഒഴിഞ്ഞു കിടക്കുകയാണ്. 1991-നുശേഷം ജനസംഖ്യയിൽ ഉണ്ടായ വർദ്ധനവ് അനുസരിച്ച് വനിതാവിഭാഗം (Jr. P.H.N) ഒരു ജീവനക്കാരി യെ കൂടി നിയമിക്കേണ്ടതാണ്. ആരോഗ്യകേന്ദ്രത്തി ലേയ്ക്ക് ആവശ്യമായ ജലം കിണറിൽ നിന്നാണ് ഉപ യോഗിക്കുന്നത്. വേനൽക്കാലങ്ങളിൽ കിണറിലെ ജലം വറ്റിപോകുന്നത് സർവ്വസാധാരണമാണ്.

കെട്ടിടത്തിന്റെ തെക്കുവശത്ത് വളർന്ന പന്തലിച്ചു നില്ക്കുന്ന ഒരു മരം നിലവിലുള്ള എല്ലാ കെട്ടിടങ്ങൾക്കും വലിയ ഭീഷണിയാണ്. നിയമാനുസൃതമായ നടപടിയിൽ ക്കൂടി അതു വെട്ടി മാറ്റേണ്ടതാണ്.

1993-ൽ ഒരു ഹോമിയോ ഡിസ്പൻസറിയുടെ പ്രവർ ത്തനം V-ാം വാർഡിലുള്ള വാടകകെട്ടിടത്തിൽ ആരംഭിച്ചു. IV-ാം വാർഡിന്റെ പടിഞ്ഞാറെ അറ്റത്ത് ഇല്ലിമല പാല ത്തിന് കിഴക്കുവശത്ത് പഞ്ചായത്തുവക സ്ഥലത്ത് കക്കൂ സ് ഉൾപ്പടെ നാല് മുറി കെട്ടിടത്തിന് കരിങ്കല്ലുകൊണ്ട് കെട്ടിയ തറയിൽ മണ്ണിട്ടു നികത്തുകപോലും ചെയ്യാതെ കിടക്കുന്നു. അടുത്തുസ്ഥാപിച്ചിരിക്കുന്ന ശിലാഫലക ത്തിൽനിന്നും 24-7-1992-ൽ ആണ് കെട്ടിടത്തിന്റെ പണി ആരംഭിച്ചത് എന്ന് മനസിലാക്കുവാൻ സാധിക്കും. പഞ്ചാ യത്തിന്റെ ഒരറ്റത്തായി ഇപ്പോൾ പ്രവർത്തിച്ചു കൊണ്ടിരി ക്കുന്ന ഡിസ്പൻസറിയിൽനിന്നും ഇവിടുത്തെ മുഴുവൻ ജനവിഭാഗത്തിനും ചികിത്സാ സൗകര്യം ലഭിക്കില്ല. ഇപ്പോൾ ദിവസം ശരാശരി 80 രോഗികളെ വീതം ചികി ത്സിക്കുന്നുണ്ട്. ഭാവിയിൽ ഒരു മൊബൈൽ യൂണിറ്റ് സ്ഥാപിക്കുന്നതിനെക്കുറിച്ച് ചിന്തിക്കേണ്ടതാണ്.

1995-ൽ ആഗസ്റ്റിൽ ഒരു ആയുർവേദ ഡിസ്പൻസറി യുടെ പ്രവർത്തനം VII-ാം വാർഡിൽ വാടക കെട്ടിടത്തിൽ ആരംഭിച്ചു. ദിവസേന ശരാശരി 55നുമേൽ രോഗികളെ ചികിത്സിക്കുന്ന ഈ സ്ഥാപനത്തിന് ഇതുവരെയും സ്വന്ത സ്ഥലവും കെട്ടിടവും ഇല്ല. 10 കിടക്കകളോടുകൂടിര കെട്ടിടവും കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലവും അട യന്തിരമായിട്ടു സ്വന്തമാക്കേണ്ടതാണ്. VI-ാം വാർഡിത് പ്രവർത്തിക്കുന്ന സബ്ബ് ഹെൽത്ത് സെന്ററിന്റെ സ്ഥിത് ശോചനീയമാണ്. കിണർപോലും പുല്ലുകയറികിടക്കുന്നു അടിയന്തര നടപടി സ്വീകരിക്കണം.

ജലജന്യരോഗങ്ങൾ താരതമ്യേന കുറവാണ്

## ജലലഭ്യത

നമ്മുടെ പഞ്ചായത്തിലെ പ്രധാന കുടിനീർസ്രോത സ് കിണറാണ്. 3410 ഓളം വീടുകളിൽ 3000ത്തോളം വീടുകളിൽ സ്വന്തമായി കിണറുകൾ ഉണ്ട്. ഏതാണ്ട് 85 ശതമാനം കുടുംബങ്ങളും സ്വന്തമായ കിണറിൽ നി ന്നാണ് കുടിനീർ ഉപയോഗിക്കുന്നത്. 10 ശതമാനം ആളു കൾ മറ്റുള്ളവരുടെ കിണറിൽനിന്നും ബാക്കി ഉള്ളവർ പൊതു ടാപ്പിൽനിന്നുമാണ് കുടിനീർ ഉപയോഗിക്കുന്നത്.

പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും പൊതു പൈപ്പുലൈനുകൾ ഇല്ല. (ഉദാ.VII-ാം വാർഡിൽ മുറിയായ് ക്കര കോളനിയുടെ പടിഞ്ഞാറുഭാഗത്തുവരെ മാത്രമേ യുള്ളു പൈപ്പുകൾ പല സ്ഥലങ്ങളിലും പൊട്ടി ജല ഒഴുകി നഷ്ടമാകുന്നു. കൂടാതെ പൈപ്പിലെ ജലം വറ്റി കഴിയുമ്പോൾ വെളിയിൽനിന്നും ചെളിയും ദുഷിച്ച വെള്ളവും പൈപ്പിന് ഉള്ളിൽ കൂടി മുഴുവൻ സ്ഥലത്തും എത്തുന്നതിനാൽ ശുദ്ധജലത്തിനു പകരം അശുദ്ധ ജലമാണ് മിക്കവാറും ഉപഭോക്താക്കൾക്കു കിട്ടുന്നത്. എല്ലാ വാർഡു കളിലുമായി 25ഓളം പൊതുകിണറുകൾ ഉണ്ട്. വേനൽക്കാലങ്ങളിൽ പമ്പയാറിന്റെ ഇരുകരകളിലു മുള്ള കിണറുക ളിലെ ജലനിരപ്പ് വളരെ താഴുകയും

ചിലതിലെ വെള്ളം വറ്റിപോകുന്നുമുണ്ട്. പമ്പാനദിയുടെ ഇരുകരകളിലുമായി കിടക്കുന്ന പഞ്ചായത്തിന് ശുദ്ധജലം എത്തിക്കുന്നതു മാന്നാറുനിന്നും കല്ലിശ്ശേരിയിൽ നിന്നു മാണ്. ധാരാളം ശുദ്ധജലം കിട്ടുന്ന ഈ പ്രദേശത്ത് സ്വന്തമായ് ഒരു പമ്പിംഗ് സ്റ്റേഷൻ ഇല്ല.

## ശുചിത്വം

രോഗനിയന്ത്രണത്തെ സംബന്ധിച്ചിടത്തോളം ജലവും ആഹാരവും മലിനമാകാതിരുന്നാൽ പല പകർച്ചവ്യാധികളിൽനിന്നും രക്ഷനേടാവുന്നതാണ്. അതുപോലെ വിസർജ്യനിർമ്മാർജന സൗകര്യങ്ങൾ വളരെയധികം പ്രാധാന്യം അർഹിക്കുന്നു. ഈച്ച, കൊതുക് എന്നിവ പരത്തുന്ന വിഷൂചിക, വയറുകടി, സന്നിപാതജ്വരം, കൊതുക് പരത്തുന്ന മലമ്പനി, മഞ്ഞപ്പനി എന്നിവയുടെ വ്യാപനവും സംക്രമണവും തടയുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു. തുറന്ന സ്ഥലങ്ങളിൽ മലവിസർജ്ജനം ഒഴിവാക്കുകയെന്നതാണ് ആദ്യത്തെ നടപടി. ശുദ്ധമായ കുടിവെള്ളവിതരണവും ഉറപ്പാക്കേണ്ടത് ആവശ്യവുമാണ്. പഠനപര്യടനവേളയിൽ പട്ടികജാതികോളനികളും, ലക്ഷം വീട് കോളനികളും സന്ദർശിച്ചതിൽനിന്നും ഇപ്പോഴും നിരവധി കുടുംബങ്ങൾ സ്വന്തമായി കക്കൂസുകൾ ഇല്ലാത്തവരാണെന്ന് കാണുകയുണ്ടായി. ഏതാണ്ട് ദുർബ്ബലവിഭാഗങ്ങളിൽപെട്ട 750 കുടുംബങ്ങൾക്ക് കക്കൂസുകൾ ഉണ്ടാകേണ്ടിയിരിക്കുന്നു. ഇരട്ട കുഴി കക്കൂസുകൾ ഉപയോഗിക്കുകയാണെങ്കിൽ ഏതാണ്ട് 40 വർഷക്കാലം ഇത് നിലനില്ക്കുമെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. ഇവ പ്രചരിപ്പിക്കുന്നതിനാവശ്യമായ ഒരു പദ്ധതി ആവിഷ്ക്കരിക്കാവുന്നതാണ്. ഈ കക്കൂസുകൾ ഉപയോഗിക്കുന്നതിനുള്ള ഒരു ബോധവൽക്കരണ പരിപാടിയും ആവശ്യമായിരിക്കുന്നു. പൊതുസ്ഥലങ്ങൾ വൃത്തിയായി സൂക്ഷിക്കുന്നതിനെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കേണ്ടിയിരിക്കുന്നു. ചപ്പുചവറുകൾ കുന്നുകൂടി കിടക്കുന്നത് തടയുന്നതിനായി കമ്പോസ്റ്റു നിർമ്മാണത്തിനാവശ്യമായ മാർഗ്ഗനിർദ്ദേശം നല്കേണ്ടതാണ്. കൊതുകു നിയന്ത്രണത്തിന് ബന്ധപ്പെട്ട പ്രാഥമിക കേന്ദ്രവുമായി സഹകരിച്ച് ആവശ്യമായ നിയന്ത്രണമാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതാണ്.

90 കളുടെ തുടക്കംമുതൽ 73 പഞ്ചായത്തുകളിൽ നടത്തിയ സർവ്വേ അനുസരിച്ച് 25 മുതൽ 70 ശതമാനം വരെയാണ് ശരിയായ കക്കൂസുകൾ ഉപയോഗിക്കുന്ന കുടുംബങ്ങൾ കേരളത്തിൽ ഗ്രാമീണ മേഖലയിലുള്ള മുപ്പതുലക്ഷം വീടുകളിൽ കക്കൂസ് സംവിധാനം ഉള്ളത് 10 ലക്ഷം വീടുകളിൽ മാത്രമാണെന്ന് പഠനങ്ങളിൽ തെളിഞ്ഞിട്ടുണ്ട്. ഒരു വിഭാഗം ആളുകൾക്കുമാത്രം സൗജന്യമായി കക്കൂസുകൾ നിർമ്മിച്ചു കൊടുക്കുന്നതുകൊണ്ട് ഈ പ്രശ്നത്തിന് ഒരു പരിഹാരം ആകുമെന്ന് തോന്നുന്നില്ല. നിലവിലുള്ള പദ്ധതികൾക്ക് പരിമിതികളും ഉണ്ട്. ഇതിനൊരു പരിഹാരമെന്നനിലയിൽ ഗ്രാമപഞ്ചായത്തിന്റേയും ഗുണഭോക്താക്കളുടേയും സഹകരണത്തോടുകൂടി ജനങ്ങൾക്ക് അംഗീകാരമുള്ളതും പ്രാദേശികപരിസ്ഥിതിക്കനുയോജ്യവും ചിലവ് കുറഞ്ഞതുമായ കക്കൂസുകൾ നിർമ്മിക്കുന്നതിന് വികേന്ദ്രീകൃതമായ പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു. വാർഡ്തോറും കുടിവെള്ളത്തിന്റെയും കുടിവെള്ളത്തിന്റെ ഗുണനിയന്ത്രണവും വിസർജ്യവസ്തുക്കളുടെ നിർമ്മാർജ്ജനവും കൈകാര്യം ചെയ്യുന്നതിന് ജലസാനിറ്റേഷൻ സമിതികൾ രൂപീകരിക്കാവുന്നതാണ്.

| | |
|---|---|
| സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം (IRDP സർവ്വേ പ്രകാരം) | -814 |
| വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കുസുകളുടെ എണ്ണം(1992 നുശേഷം) | -759 |
| പൂർത്തീകരിച്ചവയുടെ എണ്ണം | -447 |
| ഇനി കക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം | -750 |

## സാമൂഹ്യക്ഷേമം

പാണ്ടനാട് ഗ്രാമപഞ്ചായത്തിൽ സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ ചിലത് നടപ്പിൽ വരുത്തിയിട്ടുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾ ഏതാനും പേർക്ക് മാത്രമെ ഉപയോഗപ്രദമായിട്ടുള്ളു. ഐ.ആർ.ഡി.പി. C.W. C. R. A. തുടങ്ങിയ സ്കീമുകൾപ്രകാരം പല പരിപാടികളും പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും സാമൂഹ്യമായ ഒരു ഉന്നമനത്തിലേക്ക് എത്തുവാൻ കഴിഞ്ഞിട്ടില്ല എന്നത് ഖേദപൂർവ്വം സ്മരിക്കുന്നു.

മാർത്തോമ്മാ സഭയുടെ വികസനവിഭാഗമായ കാർഡിന്റെ മേൽനോട്ടത്തിൽ പഞ്ചായത്ത് ആറാം വാർഡിൽ കുത്തിയതോട് പ്രമട്ടകര പഴയ എം.റ്റി.എൽ.പി. സ്കൂളിൽ എംബ്രോയ്ഡറി, ടെയ്‌ലറിംഗ്, ക്രോസ്സ്റ്റിച്ച് എന്നിവയ്ക്ക് ക്ലാസുകൾ നടക്കുന്നു. 2 അദ്ധ്യാപകരും 25 കുട്ടികളും പഠിക്കുന്നു. സാമൂഹ്യവും, സാമ്പത്തികവുമായ പിന്നോക്കം അനുഭവിക്കുന്നവരുടെ വികസനത്തിനുവേണ്ടി പ്രവർത്തിക്കുന്ന ഒരു ഏജൻസിയാണ് കാർഡ്. വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ എന്നിവ നല്കുന്നുണ്ട്. വികലാംഗൻ ഓട്ടോ ഓടിക്കുന്നുണ്ട്. പെട്രോൾ സഹായം നല്കുന്നില്ല. വികലാംഗർക്കുള്ള യാത്രാസഹായമോ പാസോ നല്കിയിട്ടില്ല. വികലാംഗർക്കുള്ള സംസ്ഥാനതൊഴിൽ പരിശീലനപദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. പഞ്ചായത്തു മുഖാന്തരം ലഭിച്ചിട്ടുള്ള സഹായങ്ങൾ ലഭിച്ചവരുടെ യഥാർത്ഥമായ ഒരു സ്ഥിതി വിവര കണക്ക് സൂക്ഷിക്കുന്നത് നല്ലതാണ്.

സാമൂഹ്യക്ഷേമത്തിന്റെ ഉന്നമനത്തിനായി താഴെ പറയുന്ന കാര്യങ്ങൾ നടപ്പിൽ വരുത്തേണ്ടിയിരിക്കുന്നു.

പഞ്ചായത്തിലെ എല്ലാ വാർഡുകളിലും D.W.C.R.A പ്രകാരമുള്ള പുതിയ യൂണിറ്റുകൾ സ്ഥാപിക്കുക. ട്രൈസം സൊഴിൽ പരിശീലനം ലഭിച്ചവർക്ക് തൊഴിൽ സാദ്ധ്യത ഉണ്ടാക്കുക. I.R.D.P സഹായം കൂടുതൽ ലഭിക്കുന്നതിന് ഒരു പുതിയ സെൻസസ് എടുക്കുക. ഈ വകകാര്യങ്ങൾ

ക്ക് അർഹരായവരെ കണ്ടെത്തേണ്ടതിലേക്കായി ഗ്രാമപഞ്ചായത്ത് മുൻകൈ എടുത്ത് ജനകീയ സംവിധാനത്തിൽ അർഹരായവരെ കണ്ടെത്തണം.

| സഹായ ഇനം | നാളിതുവരെ ലഭിക്കുന്നവരുടെ എണ്ണം | സഹായംതീരുമാനം ആകാത്തവരുടെ എണ്ണം | ആകെ |
|---|---|---|---|
| I.R.D.P | 179 | 502 | 681 |
| ട്രൈസം തൊഴിൽ പരിശീലനം നേടിയവർ | – | – | – |
| DWCRA | 4 | | 4 |
| വിധവാ പെൻഷൻ | 50 | | 50 |
| വികലാംഗപെൻഷൻ | 81 | 6 | 87 |
| വാർദ്ധക്യപെൻഷൻ | 31 | 31 | – |
| കർഷകതൊഴിലാളി പെൻഷൻ | 672 | – | 672 |
| തൊഴിലില്ലായ്മ വേതനം | 98 | | 98 |

(94 മുതൽ ഗവ. അപേക്ഷ ക്ഷണിച്ചിട്ടില്ല.)

## പട്ടികജാതിക്ഷേമം

പാണ്ടനാട് ഗ്രാമപഞ്ചായത്തിൽ ആകെ പട്ടികജാതി ജനസംഖ്യ. 1763 പേര് ഉള്ളതിൽ സ്ത്രീകൾ 874ഉം പുരുഷന്മാർ 889 പേരുമാണ്. ഇവരിൽ ഭൂരിഭാഗവും കാർഷികമേഖലയുമായി ബന്ധപ്പെട്ട തൊഴിലുകൾ ചെയ്യുന്നവരാണ്. പഞ്ചായത്തിലെ 22 കോളനികളിലെ സ്ഥിതി വിവരം ചറിച്ചതിൽ ഒന്നാം വാർഡിലെ കൊല്ലം തറകോളനിയും IVവാർഡിലെ സെറ്റിൽമെന്റ് കോളനിയും കഴിഞ്ഞാൽ ബാക്കിയുള്ള എല്ലാ കോളനികളുടേയും സ്ഥിതി ഏറെ പരിതാപകരമാണ്. മിക്കവാറും എല്ലാ കോളനികളിലും വൈദ്യുതി വീടുകളിൽ എത്തുകയോ വഴിവിളക്കുകൾ പ്രകാശിക്കുകയോ ചെയ്യുന്നില്ല. മിക്കകോളനികളിലും പൈപ്പ് ലൈൻ എത്തിയിട്ടുണ്ടെങ്കിലും ടാപ്പുകൾ മോശമായതിനാൽ വെള്ളം വാർന്ന് പോകുകയാണ്. പൊതുകിണറുകൾക്കെല്ലാം മെയിന്റനൻസ് പണികൾ ആവശ്യമാണ്. പൊതു കിണറുകൾ മിക്കതും സൂക്ഷിക്കുന്നതിൽ കോളനി നിവാസികൾ അശ്രദ്ധരാണെന്ന് പറയേണ്ടിയിരിക്കുന്നു. മുകളിൽ പറഞ്ഞ രണ്ടുകോളനികളൊഴിച്ച് ബാക്കി എല്ലാ കോളനികളിലേക്കുമുള്ള വഴി ദുർഘടമായി കിടക്കുന്നു. അടിസ്ഥാന സൗകര്യങ്ങളും തൃപ്തികരമല്ല. VII-ാംവാർഡിലുള്ള മുറിയായിക്കര കോളനി വഴി സർവ്വത്ര മോശമായി കിടക്കുന്നു. ഈ വാർഡിലെ തന്നെ ലക്ഷം വീടു കോളനിയുടെ സ്ഥിതി വളരെ പരിതാപകരമാണ്. ഈ കോളനിയിലേക്ക് ഇലക്ട്രിക് ലൈൻ വലിച്ചിട്ടുണ്ട്. ഈ കോളനിയിൽ 19 കുടുംബങ്ങൾ തിങ്ങിപാർക്കുന്നു. ഇവിടെ ഒരു വീടിന്നൊഴികെ ബാക്കി 18 വീടുകൾക്കും വൈദ്യുതി എത്തിയിട്ടില്ല. മിക്ക കോളനികളും താഴ്ന്ന പ്രദേശമാകയാൽ മഴപെയ്താൽ വെള്ളം കെട്ടികിടക്കുവാൻ ഇടയാകുന്നു. ആയതിനാൽ അങ്ങനെയുള്ള ഭാഗങ്ങളിൽ മണ്ണിട്ടു നികത്തണം. പാണ്ടനാട് പഞ്ചായത്തിലെ എല്ലാ കോളനികളിലും വീട് ഇല്ലാത്തവരും, പൂർത്തിയാകാത്ത വീടുള്ളവരും, ഭാഗികമായി പൂർത്തിയായിട്ടുള്ള വീടുകളും കാലപഴക്കത്താൽ മെയിന്റനൻസ് ആവശ്യമായ വീടുകളും കോളനികളിൽതന്നെയുണ്ട്. കോളനികളിലല്ലാതെ താമസിക്കുന്ന പട്ടികജാതിക്കാർക്കും വീടുകളും, കക്കൂസുകൾ, കിണറുകൾ ഇവ ലഭ്യമാകാനുണ്ട്. സ്ഥലവും വീടും ആവശ്യമുള്ള കുടുംബങ്ങളുമുണ്ട്.

മുൻകാലങ്ങളിലെ അയിത്തസമ്പ്രദായം മാറി പരസ്പര സഹകരണം ഉണ്ടായിട്ടുണ്ട്. പരസ്പരം പൊതു വേദികളിലും, മറ്റു കാര്യങ്ങളിലും സംബന്ധിക്കുന്നുണ്ട്. അക്കാരണത്താൽ ഉച്ചനീചത്വം ഈ പഞ്ചായത്തിൽ കാണുവാൻ കഴിഞ്ഞില്ല.

പട്ടികജാതിയിൽപ്പെട്ട ഭൂരിഭാഗം വിദ്യാർത്ഥികളും പത്താംക്ലാസ് വരെ പഠിക്കുന്നവരുണ്ട്. എന്നാൽ മുകളിലേക്കുള്ള പഠനം നടത്തുന്നവർ വിരളമാണ്. അതുപോലെ പഠനകാര്യത്തിലും തെറ്റായ ഇടപെടലും, മാതാപിതാക്കളുടെ അശ്രദ്ധയും, കൂടാതെ പ്രായപൂർത്തിയാകാറായതിനാൽ ഏതെങ്കിലും തൊഴിൽ ചെയ്താൽ വേതനം ലഭിക്കും എന്നുള്ളതിനാലുമാണ് പട്ടികജാതിക്കാരിൽ കൂടുതലും ഉപരിപഠനത്തിലേക്ക് ഈ പഞ്ചായത്തിൽ ഉയർന്നു വരാത്തത്. ഈ അവസ്ഥയ്ക്ക് ഒരു മാറ്റം വരണമെങ്കിൽ ഓരോ കോളനികളിലും ഒരു ക്ഷേമകാര്യസമിതി രൂപീകരിക്കണം.

പഞ്ചായത്തടിസ്ഥാനത്തിൽ പട്ടികജാതിക്കാർ വിവിധ ബഹുജന സംഘടനകളുടെ നേതൃത്വത്തിലുണ്ട് ഇവിടെ അത് മണ്ഡലാടിസ്ഥാനത്തിൽ ഒതുങ്ങി നില്ക്കുന്നു. താലൂക്ക് ജില്ലാ അടിസ്ഥാനത്തിൽ എത്തിയിട്ടില്ല.

പല കോളനികളിലും പഞ്ചായത്ത് ധനസഹായത്തോടു തുടങ്ങിയ വീടുപണി പലയിടത്തും പൂർത്തിയാകാത്ത കാഴ്ചയാണ് കാണുന്നത്. ഇവയുടെ പൂർത്തീകരണത്തിൽ ഒരു പദ്ധതിതന്നെ ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു. ഈ പഞ്ചായത്തിലെ എല്ലാ കോളനികളിലും യാത്രാസൗകര്യം ഉണ്ടാക്കണം. മാടവന ഹരിജനങ്ങളുടെ ശവസംസ്കാരം നടത്തുന്നതിനായി ചേരമർ സർവ്വീസ് സൊസൈറ്റി വാങ്ങിയ 3 സെന്റ് സ്ഥലം നികത്തി എടുത്ത് നല്കുന്നതിന് പഞ്ചായത്ത് ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

| വാർഡുകൾ | ആകെ കോളനികൾ | ആകെ വീട് | കണക്ഷൻ ലഭിച്ചവരുടെ എണ്ണം | സൗജന്യസ്ലാബിൽ വൈ. ഉപ. എണ്ണം | പണംനല്കി വൈദ്യുതി കണക്ഷൻ ലഭിച്ച കുടുംബങ്ങൾ |
|---|---|---|---|---|---|
| 1 | 2 | 37 | 9 | nil | 9 |
| 2 | 3 | 61 | 24 | nil | 24 |
| 3 | 2 | 74 | 25 | nil | 25 |
| 4. | 6 | 139 | 65 | nil | 65 |
| 5. | 4 | 44 | 14 | 1 | 13 |
| 6. | 2 | 14 | 2 | nil | 2 |
| 7 | 2 | 43 | 25 | nil | 25 |
| 7 | 2 | 22 | 4 | nil | 4 |

## വനിതാക്ഷേമം

1991-ലെ സെൻസസ് പ്രകാരം 8945 വനിതകളാണ് പഞ്ചായത്തിലുള്ളത്. ഇത് പുരുഷൻമാരുടെ എണ്ണത്തേക്കാൾ 446 കൂടുതലാണ് 10:10.5 എന്ന തോതിലാണ് ഇതിന്റെ കണക്ക്. പട്ടികജാതിക്കാരായ വനിതകൾ 874-ഉം ഇത് ഈ വിഭാഗത്തിലെ പുരുഷൻമാരേക്കാൾ 13 പേർ കുറവുമാണ്. വനിതാ സാക്ഷരതാനിരക്ക് 85% ശതമാനമാണ്. പഞ്ചായത്തിലെ 35% കുടുംബങ്ങളുടേയും പൂർണ്ണ ചുമതല സ്ത്രീകൾക്കാണെങ്കിലും തങ്ങളുടെ കുടുംബനേതൃശേഷിയെ മറ്റുള്ളവർ മുൻപാകെ വ്യക്തമാക്കാൻ ഇവർ തയ്യാറാകുന്നില്ലായെന്നത് പ്രത്യേക പഠനമർഹിക്കുന്നു. 35% വനിതകൾ കാർഷികമേഖലയിലും 15% വനിതകൾ കെട്ടിടനിർമ്മാണരംഗത്തും 15% വനിതകൾ മൃഗസംരക്ഷണമേഖലയിലും 35% വനിതകൾ ഗാർഹിക വൃത്തിയിലും എർപ്പെട്ടിരിക്കുന്നു.

പഞ്ചായത്തിൽ നാല് വനിതാ വ്യവസായ സംരംഭങ്ങളാണ് നിലവിലുള്ളത് യഥാക്രമം 2-ാം വാർഡിൽ രണ്ട് വനിതാവ്യവസായ യൂണിററുകളും വാർഡിൽ ഒന്നും ഏഴാം വാർഡിൽ ഒന്നും എന്നാണ് ഇവയുടെ കണക്ക്. ഇവയെല്ലാംതന്നെ DWCRA യൂണിറ്റുകളാണ്. കൂടാതെ പട്ടുനൂൽ ഉല്പാദനം നടത്തുന്ന രണ്ട് വനിതാ വ്യവസായ സംരംഭകരും ഈ പഞ്ചായത്തിലുണ്ട്.

പൊതുപ്രവർത്തനത്തിന്റെ വിവിധമേഖലകളിൽ വനിതകളുടെ പങ്കാളിത്തം വളരെ കുറവാണ്. പഞ്ചായത്ത് തലത്തിലോ വില്ലേജ് തലത്തിലോ പ്രവർത്തിക്കുന്ന വിവിധ ബഹുജന സംഘടനകളുടെ ഭാരവാഹികളായി വനിതകൾ ഒരാൾപോലുമില്ല. പഞ്ചായത്തിൽ അംഗൻവാടികളില്ലായെങ്കിലും 95-96 ലെ പദ്ധതിയിൽ ഉൾപ്പെടുത്തി ICPS വിഭാഗം 11 അംഗൻവാടികൾ തുടങ്ങുന്നതിനുള്ള ഭരണാനുമതി നല്കിയിട്ടുണ്ട്.

സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള 7 ഫീസിംഗ് സെന്ററുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഒരു വയസ്സിനു താഴെയുള്ള 29 കുട്ടികളും ഒന്നിനും രണ്ടിനുമിടയിൽ പ്രായമുള്ള 72 കുട്ടികളും രണ്ടിനും മൂന്നിനുമിടയിൽ പ്രായമുള്ള 73 കുട്ടികളും മൂന്നിനും അഞ്ചിനുമിടയിൽ പ്രായമുള്ള 80 കുട്ടികളും ഇതിന്റെ ഉപഭോക്താക്കളായിട്ടുണ്ട്. കൂടാതെ 17 ഗർഭിണികളും 45 മുലയൂട്ടുന്ന അമ്മമാരും ഫീസിംഗ് സെന്ററിൽ ഉപഭോക്താക്കളായി എത്തുന്നുണ്ട്. 95-96 വർഷം പാണ്ടനാട് പഞ്ചായത്തിലെ ആകെ ജനനനിരക്ക് 44- ഉം മരണം 48-ഉം ആണ്. ഇത് യഥാർത്ഥ സ്ഥിതിവിവര കണക്കാണെന്ന് പറഞ്ഞുകൂടാ. പഞ്ചായത്തിനുപുറത്തുള്ള ആശുപത്രികളിൽ നടക്കുന്ന ജനനവും മരണങ്ങളും മാതൃപഞ്ചായത്തിൽ അറിയിക്കാൻ ബന്ധപ്പെട്ട ആരോഗ്യസ്ഥാപനങ്ങൾ നിയമപരമായി ബാദ്ധ്യസ്ഥരല്ലായെന്നത് യഥാർത്ഥ ജനനമരണനിരക്ക് ലഭ്യമാക്കുന്നതിന് വിഘാതമാകുന്നുണ്ട്.

പഞ്ചായത്തിൽ 7 മഹിളാസമാജങ്ങളുണ്ട്. ഇവയുടെ പ്രവർത്തനങ്ങൾ തൃപ്തികരമല്ല. മദ്യത്തിന്റെ ദുരന്തങ്ങൾക്കെതിരായി ചില സാമൂഹ്യ വനിതകളുടെ നേതൃത്വത്തിൽ പാണ്ടനാട് മദ്യവർജ്ജന സമിതിയുടെ പേരിൽ ഒരു സംഘടന രൂപീകരിച്ച് പ്രവർത്തനം നടത്തിയിരുന്നു. ഈ രംഗത്ത് സ്ത്രീകളുടെ വമ്പിച്ചതോതിലുള്ള പ്രാധിനിത്യം ഉണ്ടായിരുന്നുവെങ്കിലും നേതൃനിരയിൽ ഇവർ ശ്രദ്ധേയമായ നിലയിൽ വന്നിട്ടുണ്ടോ എന്ന കാര്യം പരിശോധിക്കേണ്ടതാണ്.

പഞ്ചായത്തിലെ വനിതാ മേഖലയുടെ പൊതു സ്വഭാവം മുൻപറഞ്ഞതൊക്കെയാണെങ്കിലും ഈ മേഖല പ്രശ്ന വിമുക്തമാണെന്ന് പറഞ്ഞുകൂടാ. പഞ്ചായത്തിലെ തൊഴിൽരഹിതരിൽ ഭൂരിഭാഗവും വനിതകളാണ്. വനിതാ വ്യവസായ സംരംഭകരുടെ എണ്ണം വളരെ കുറവാണ് എന്നതും പ്രത്യേക പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. ധനകാര്യ സ്ഥാപനങ്ങളടക്കമുള്ള ഏജൻസികൾ മൂലധന നിക്ഷേപവും വേണ്ടത്ര പരിശീലനവും പ്രോത്സാഹനവും നല്കിയാൽ വ്യവസായ സംരംഭകത്വ മേഖലയിലേക്ക് കടന്നുവരാൻ വനിതകൾ തയ്യാറാകും. എല്ലാ തൊഴിൽമേഖലകളും കഴിയുന്നത്ര അവസരം വനിതകൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികളും അടിയന്തിരമായി നടപ്പിലാക്കേണ്ടിയിരിക്കുന്നു.

### ഫീഡിംഗ് സെന്ററിൽനിന്നും ലഭിച്ച വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| അംഗൻവാടികൾ | ഇല്ല |
| വനിതാ സമാജം ഫീഡിംഗ് സെന്റർ | 7 |
| 1 വയസ്സിനു താഴെ കിട്ടികൾ | 29 |
| 1 മുതൽ 2 വരെ കുട്ടികൾ | 72 |
| 2 മുതൽ 3 വരെ കുട്ടികൾ | 73 |
| 3 മുതൽ 5 വരെ കുട്ടികൾ | 80 |
| ആകെ ഗർഭിണികൾ | 17 |
| മുലയൂട്ടുന്ന അമ്മമാർ (6 മാസം വരെ പ്രായമുള്ള കുട്ടികൾ) | 45 |
| കഴിഞ്ഞ വർഷം ആകെ ജനനം | 52 |
| മറ്റു മരണങ്ങൾ | 51 |
| അനുപൂരക പോക്ഷകാഹാരം ലഭിക്കുന്ന കുട്ടികൾ | 254 |
| ഗർഭിണികൾ | 17 |
| മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം | 45 |

## ദാരിദ്ര നിർമ്മാജ്ജനം

പാണ്ടനാട് ഗ്രാമപഞ്ചായത്തിൽ ദാരിദ്രരേഖയ്ക്കു താഴെ 681 കുടുംബങ്ങൾ ആണുള്ളത് ഇതിൽ പട്ടികജാതി കുടുംബങ്ങൾ 90 ആണ് കണക്കുകൾ പ്രകാരം ഉള്ളത്. ഇതിൽ ആകെ I.R.D.P. ആനുകൂല്യം ലഭിച്ചിട്ടുള്ളവർ 179 ഇതിൽ 6 പേർക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ട്. ഈ കണക്കുകൾ പ്രകാരം ദാരിദ്രം നിർമ്മാർജ്ജനം ഈ കുടുംബങ്ങളിലായി എന്ന് പ്രതീക്ഷിക്കുന്നതിന് സാധിക്കുന്നില്ല. കൂടുതലും കാർഷികമേഖല പരാജയപ്പെടുന്നു എന്നതാണ് പ്രധാന കാരണം. I.R.D.P. ലോണുകൾ ലഭിക്കുന്നവർ ശരിയായരീതിയിലാണോ അതിന്റെ ഉപയോഗം നടത്തുന്നത് എന്നതിനെക്കുറിച്ച് ഒരു പഠനം ആവശ്യമായിരിക്കുന്നു. അപേക്ഷയിൽ രേഖപ്പെടുത്തുന്ന ആവ

ശ്യവും വിനിയോഗിക്കുന്ന ക്രമവും തമ്മിൽ പരസ്പരം ബന്ധമില്ലാത്ത സ്ഥിതി വിശേഷവും ഉണ്ടായിട്ടുണ്ട്. ഇതിന് ഒരു ബോധവൽക്കരണ പരിപാടി തന്നെ വേണ്ടിയിരിക്കുന്നു.

**I.R.D.P.** സർവ്വേപ്രകാരം പാണ്ടനാടു പഞ്ചായത്തിൽ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ വിവരവും സഹായം ലഭിച്ചവരുടെ എണ്ണവും

| ആകെ വാർഡുകൾ | സർവ്വേപ്രകാരം കണ്ടെത്തി ആകെ കുടുംബങ്ങൾ | ഇതിൽ SC/ST കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ SC/ST | സഹായം ലഭിച്ചതുവഴി ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തിയ കുടുംബങ്ങൾ |
|---|---|---|---|---|---|
| 8 | 681 | 90 | 179 | 62 | NIL |

## പൊതുവിതരണം

പാണ്ടനാട് ഗ്രാമപഞ്ചായത്തിൽ എല്ലാ വാർഡുകളിലും പൊതു വിതരണ കേന്ദ്രം പ്രവർത്തിക്കുന്നു. പൊതുവെ നല്ല നിലവാരം പുലർത്തുന്ന അരി ലഭ്യമാകുന്നുണ്ട്. എന്നാൽ ജനങ്ങൾ ഇവ എത്രമാത്രം ഉപയോഗപ്രദമാക്കുന്നു എന്നത് വിശദമായ പഠനം നടത്തേണ്ടിയിരിക്കുന്നു. പൊതുവിതരണ കേന്ദ്രം പഞ്ചായത്തിൽ ആകെ 12 - A.R.D കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. ഈ കേന്ദ്രങ്ങളിൽ കൂടുതൽ ഫലപ്രദമായ ഭക്ഷണ പദാർത്ഥങ്ങൾകൂടി വിതരണം ചെയ്താൽ ജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമായിരുന്നു. മുൻകാലങ്ങൾ ന്യായവിലയ്ക്ക് തുണികൾ വരെ വിതരണം ചെയ്തിരിന്നു. എന്നാൽ ഇന്ന് അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ എന്നിവ സാധാരണയായി വിതരണം ചെയ്യുന്നുള്ളൂ ചില പ്രത്യേക അവസരങ്ങളിൽ മൈദ, റവ മുതലായവ വിതരണം ചെയ്യുന്നുണ്ട്. എന്നാൽ മറ്റു ഭക്ഷണ പദാർത്ഥങ്ങൾ ഈ പൊതുവിതരണ കേന്ദ്രങ്ങളിൽ കൂടി വിതരണം ചെയ്താൽ താഴെ തട്ടിലുള്ളവർക്കും, ഇടത്തരക്കാർക്കും സൗകര്യപ്രദമാക്കാം. ആയതിനുള്ള വേണ്ട നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിൽ ഒരു സഹകരണ മാവേലിസ്റ്റോർ മിത്രമഠം ജംഗ്ഷനിൽ പ്രവർത്തിക്കുന്നു. ഇതിന്റെ പ്രവർത്തനം കുറെ കൂടി മെച്ചപ്പെടുത്തിയാൽ ജനങ്ങൾക്ക് ഉപകാരപ്രദമായിരുന്നു. പഞ്ചായത്തിന്റെ രണ്ടു ഭാഗത്ത് സിവിൽ സപ്ലൈസിന്റെ മാവേലിസ്റ്റോർ സ്ഥിപിച്ചാൽ ഉപകാരപ്രദമായിന്നു.

പൊതുവിതരണം, പാണ്ടനാട് ഗ്രാമപഞ്ചായത്ത്.

| | |
|---|---|
| റേഷൻ കടകൾ ആകെ: | 12 |
| ആകെ കാർഡുകൾ. | 2798 |
| ആകെ N.E. കാർഡുകൾ. | 1056 |
| ആകെ E കാർഡുകൾ. | 1742 |
| A.R.D കണക്കുപ്രകാരം പഞ്ചായത്തിഇൽ ആകെ വിതരണം ചെയ്യുന്ന മണ്ണെണ്ണ. | 1,05,168.ലിറ്റർ |

കാർഡില്ലാത്ത വീടുകൾക്കുവേണ്ടി അടിയന്തിരമായി റേഷൻ കാർഡു നല്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

പലകാരണങ്ങളാലും കാർഡിൽ പേരു ചേർക്കുവാൻ വിട്ടുപോയിട്ടുള്ളവരുടെ നിയമം ഇളവുചെയ്യണം. (11 വയസിനു മുകളിൽ)

## പാണ്ടനാട് ഗ്രാമ പഞ്ചായത്ത് വികസന രേഖ






ഭാഗം III

# വിഭവസമാഹരണം

കാർഷിക മേഖലയിൽനിന്നുള്ള വരുമാനം മാത്രമായിരുന്നു പാണ്ടനാട് പഞ്ചായത്ത് നിവാസികൾക്കുണ്ടായിരുന്നത് വിദ്യാഭ്യാസ മേഖലയിലുണ്ടായ ഗണ്യമായ പുരോഗതിയും വിദേശ രാജ്യങ്ങളിൽ തുറക്കപ്പെട്ട തൊഴിൽ സാധ്യതകളും ഈ പ്രദേശത്തെ സാമ്പത്തികമായി വളരെയധികം പുരോഗമിപ്പിച്ചു.

പഞ്ചായത്തു തലത്തിൽ നികുതി നികുതിയേതര വരുമാന മാർഗ്ഗങ്ങൾ പരിമിതമാണ്. വളരെ ശുഷ്കമായ ഒരു ഖജനാവാണ് നമ്മുടെ പഞ്ചായത്തിനുള്ളത്. സംസ്ഥാന സർക്കാരിൽ നിന്നുള്ള ഗ്രാന്റുകളും അൺ റൈറ്റ്ഫണ്ടും മറ്റും പരിമിതവും പ്രാദേശികവരുമാനം തുച്ഛവും ആകയാൽ സമഗ്രമായ വികസന പ്രക്രിയക്ക് സാമ്പത്തികസമാഹരണം അത്യന്താപേക്ഷിതമാണ്.

ഓരോ വാർഡുകളിൽ നിന്നും ഉയർന്നു വന്നിട്ടുള്ള വികസന പ്രശ്നങ്ങളെ നേരിടുന്നതിന് ഭീമമായ സംഖ്യ സംസ്ഥാനത്തു നിന്ന് പഞ്ചായത്തുകളിലേക്ക് മൂന്നുതലത്തിൽ, കൈമാറുമ്പോൾ സഹായത്തിനായി ഗവൺമെന്റിനെ സമീപിക്കുവാൻ സാധ്യവുമല്ല.

1995_96 സാമ്പത്തിക വർഷത്തെ വരവ് ചിലവ് പട്ടിക ചുവടെചേർക്കുന്നു.

വരവ്

| | | | |
|---|---|---|---|
| 1. | കെട്ടിടനികുതി | 133717 | 50 |
| 2. | സർവ്വീസ്നികുതി | 37823 | 00 |
| 3. | തൊഴിൽനികുതി | 48260 | 00 |
| 4. | ലൈസൻസ്ഫീസ് | 5087 | 25 |
| 5. | വസ്തുകൈമാററനികുതി 75% | 5146 | 00 |
| 6. | ,, ,, 25% | 50000 | 00 |
| 7. | ഡിപ്പോസിററ് | 7512 | 00 |
| 8. | ലേലവരവ് | 269359 | 00 |
| 9. | മററുവരവ് (ഗ്രാൻറ്ഇനങ്ങരം) | 534950 | 80 |
| | ആകെ | 1092055 | 55 |

ചിലവ്

| | | | |
|---|---|---|---|
| 1. | ശമ്പളം അലവൻസുകരം | 371682 | 00 |
| 2. | തെരുവുവിളക്കുകത്തിക്കൽ | 62088 | 00 |
| 3. | ആരോഗ്യം (വാടക) | 12467 | 00 |
| 4. | പൊതുമരാമത്ത് | 364879 | 00 |
| 5. | വിദ്യാഭ്യാസം | 17374 | 00 |
| 6. | മററിനം | 37098 | 50 |
| | ആകെ | 865588 | 50 |
| | നീക്കിയിരുപ്പ് | 226467 | 05 |
| | ആകെ | 1092055 | 55 |

ടി പട്ടികയിൽ നിന്നും വികസനപ്രവർത്തനങ്ങൾക്ക് മൂലധന നിക്ഷേപത്തിനുള്ള സാധ്യത കുറവാണെന്ന് തെളിയുന്നു.

## ധനകാര്യ സ്ഥാപനങ്ങൾ

1. **പാണ്ടനാട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്:-** വ്യക്തിഗതമായ വായ്പകളല്ലാതെ പഞ്ചായത്തിലെ പൊതുവായ ആവശ്യങ്ങൾക്കായി വായ്പാപദ്ധതികൾ ഒന്നും തന്നെ നാളിതുവരെ ഏറ്റെടുത്തിട്ടില്ല.

2. **കോർപ്പറേഷൻ ബാങ്ക്:-** പൊതുമേഖലാ സ്ഥാപനമാണ്. ചുരുക്കം ചില കാർഷിക വായ്പ ഒഴിച്ചാൽ നിക്ഷേപങ്ങൾക്ക് ആനുപാതികമായി കാർഷികമേഖലയിലോ, സേവന മേഖലയിലോ, വ്യവസായ സംരംഭങ്ങൾക്കോ വായ്പാ പദ്ധതികൾ ഇല്ലെന്നു തന്നെ പറയാം. കാർഷിക വായ്പകൾ തന്നെ ഹ്രസ്വകാല വായ്പകളാകയാൽ ഉപഭോക്താക്കൾ ഋണഭയത്താൽ അറച്ചുനില്ക്കുകയാണ്. കൂടാതെ ടി പൊതുമേഖലാ സ്ഥാപനം സ്വർണ്ണ പണയത്തിന്മേൽ പോലും ഗ്രാമവാസികൾക്ക് ന്യായമായ പലിശയിൽ വായ്പാ സൗകര്യം ഉദാരമാക്കാത്തതിനാൽ പല ബ്ലേഡ് കമ്പിനികൾക്കും ഇരയായിതീരുന്നു.

3. **ഉമയാറ്റുകര സർവ്വീസ് സഹകരണ സൊസൈറ്റി:-** പഞ്ചായത്തിലെ 6, 7, 8 വാർഡ് നിവാസികൾക്ക് വ്യക്തിഗത വായ്പാ സൗകര്യങ്ങൾ നല്കുന്നെങ്കിലും മൂലധനശേഷി അപര്യാപ്തമാകയാൽ ലാഭകരമായ യാതൊരു വ്യവസായ സംരംഭങ്ങൾക്കും സാമ്പത്തിക സഹായം നല്കുന്നതിന് സാധ്യതയില്ല.

## സ്വകാര്യ സാമ്പത്തിക സ്ഥാപനങ്ങൾ.

ഈ പഞ്ചായത്തതൃത്തിക്കുള്ളിൽ ഇപ്പോൾ 4 പണമിടപാട് സ്ഥാപനങ്ങൾ നിലവിലുണ്ട്. ഇവയുടെ സേവനം തികച്ചും സാമ്പത്തികമായി ദുർബ്ബല വിഭാഗത്തിൽപ്പെട്ടവർക്കും, ചെറുകിട വ്യവസായികൾക്കും സ്വർണ്ണപണയത്തിലും ചെക്കിന്റെ ഈടിലും അമിതമായ പലിശനിരക്കിൽ ത്വരിതമായി വായ്പകൾ ലഭ്യമാക്കുന്നുണ്ട്

## കാർഷിക വികസന സഹകരണ ബാങ്ക്

ഇതിന്റെ ആസ്ഥാനം ചെങ്ങന്നൂരിലാണ്. പാണ്ടനാട് പഞ്ചായത്തിൽപ്പെട്ട വളരെ ചുരുക്കം ഉപഭോക്താക്കൾക്കു മാത്രമാണ് വായ്പാ സൗകര്യം ലഭ്യമാക്കിയിട്ടുള്ളത്. കാർഷികവികസനത്തിനായി കേവലം 9 പേർക്ക് മാത്രമാണ് 1983 മുതൽ നാളിതുവരെ വായ്പനല്കിയിട്ടുള്ളത്. ഭൂരിഭാഗം വായ്പകളും ഇഷ്ടിക വ്യവസായ സംരംഭകർക്കാണ് നല്കിയിട്ടുള്ളത്. ഈ പ്രവണത, ലഭ്യമായ കൃഷി സ്ഥലങ്ങൾ കുഴിച്ച് കൃഷിയ്ക്കനുയോജ്യമല്ലാതാക്കിതീർത്തിട്ടുണ്ട്. കൂടാതെ ഈ സ്ഥാപനം ഒരു ഭൂപണയ ബാങ്ക് ആകയാൽ ടി സ്ഥാപനത്തിൽ നിന്നുള്ള വായ്പ ലഭ്യമാക്കുന്നതിന് ഭരണപരമായ നൂലാമാലകൾ നിമിത്തം വ്യവസായ സംരംഭകർ മുന്നോട്ടു വരാറില്ല.

## വിഭവ സമാഹരണത്തിനുള്ള സാദ്ധ്യതകൾ

1. **മനുഷ്യവിഭവങ്ങൾ:-** വികസന പദ്ധതികൾക്കും ആവശ്യമായ മാനവശേഷി പ്രാദേശികമായി സമാഹരിക്കാം. ആയതിലേക്ക് വാർഡു തലത്തിൽ ഗ്രാമ വികസന സമിതികളുടെ നേതൃത്വത്തിൽ സന്നദ്ധ സംഘങ്ങളെ രൂപീകരിക്കേണ്ടിയിരിക്കുന്നു. സാങ്കേതിക വിദഗ്ദ്ധരിൽ നിന്നും സന്നദ്ധസേവനം അഭ്യർത്ഥിയ്ക്കാവുന്നതാണ്. ഈ പങ്കാളിത്തത്തോടെ പല നിർമ്മാണ പ്രവർത്തനങ്ങളും നടത്തുന്നതിന് വേണ്ട വിധത്തിൽ ബോധവൽക്കരണം ആവശ്യമാണ്.
2. **സംഭാവനകൾ:-** ജനപങ്കാളിത്തത്തോടെ പദ്ധതികളുടെ സ്വഭാവമനുസരിച്ച് പ്രാദേശികമായി വിഭവങ്ങൾ സാധനമായോ, പണമായോ, ശ്രമദാനമായോ സ്വരൂപിക്കുവാൻ സാധിക്കും. പൊതുജന നന്മയ്ക്കാവശ്യമായ പദ്ധതികൾ നടപ്പിലാക്കുന്നതിന് വാർഡുകൾ തോറും സന്നദ്ധസംഘങ്ങൾക്ക് രൂപം കൊടുക്കേണ്ടതും ആവശ്യം വരുമ്പോൾ ടി സന്നദ്ധസംഘങ്ങളുടെ സേവനം ഇതര വാർഡുകളിലേക്കും വ്യാപിപ്പിക്കാവുന്നതാണ്.
3. വികസന പ്രവർത്തനങ്ങളിൽ വിദേശ മലയിളികളുടെ പങ്കാളിത്തം ഉറപ്പാക്കുവാൻ വേണ്ടപരിപാടികൾ ആവിഷ്കരിക്കാവുന്നതാണ്. വിദേശമലയാളികൾ വികസന പദ്ധതികൾ സ്പോൺസർ ചെയ്യാവുന്നതാണ്.
4. അതാതു വാർഡുകളിൽ അത്യാവശ്യമായി നടപ്പാക്കേണ്ട വികസന പദ്ധതികൾക്ക് സാമ്പത്തികമായി താരതമ്യേന മുന്നോക്കമുള്ള വ്യക്തികളിൽ നിന്നും, സംഭാവന സ്വരൂപിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ആരായുന്നത് നന്നായിരിക്കും.
5. ദുർബല ജനവിഭാഗങ്ങൾക്ക് കുറഞ്ഞ പലിശയ്ക്ക് വായ്പാ സൗകര്യങ്ങൾ തരപ്പെടുത്തുന്നതിനുള്ള സംവിധാനങ്ങൾക്കും രൂപം നല്കാവുന്നതാണ്.
6. വികസന ഫണ്ട് സ്വരൂപികരിക്കുന്നതിന് വിദ്യാഭ്യാസ സ്ഥാപനങ്ങൾ മുഖേന ശാസ്ത്ര, സാംസ്ക്കാരിക കലാപരിപാടികൾ സംഘടിപ്പിക്കുന്നതിനെക്കുറിച്ചും പരിഗണിക്കാവുന്നതാണ്.
7. പഞ്ചായത്തിന് സമീപമുള്ള വാണിജ്യ ബാങ്കുകളിൽ നിന്നും ഉദാര വ്യവസ്ഥയിൽ വികസന പദ്ധതികൾക്ക് ആവശ്യം വേണ്ട വായ്പാ സൗകര്യം ലഭിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാകേണ്ടിയിരിക്കുന്നു.

## പാണ്ടനാട് ഗ്രാമ പഞ്ചായത്ത് വികസന രേഖ



# ജനകീയ ആസൂത്രണ പ്രസ്ഥാനം

പഞ്ചായത്തുതല കൺവീനർ:

ശ്രീ. എം. എസ്. ഗോപാലകൃഷ്ണപിള്ള

ജില്ലാതല പരിശീലകർ

ശ്രീ. പി. കെ. ജേക്കബ്
ശ്രീ. എം. എ. മാമ്മൻ
അഡ്വ. സി. ജയചന്ദ്രൻ
ശ്രീ. എം. കെ. രാമക്കുറുപ്പ്
ശ്രീ. കെ. സി. ശിവകുമാർ
ശ്രീ. റ്റിറ്റി. എം. വർഗീസ്
ശ്രീ. ഷിബു ഉമ്മൻ

വികസനരേഖാ രചനയിൽ കോർഗ്രൂപ്പിന് നേതൃത്വം നല്കിയവർ

ശ്രീ. റ്റി. സി. ഐസക്
ശ്രീ. പി. കെ. ജേക്കബ്
ശ്രീ. ജോസഫ് ചാക്കോ
ശ്രീ. എം. എസ്. ഗോപാലകൃഷ്ണപിള്ള
ശ്രീ. വി. ജി. രവീന്ദ്രൻപിള്ള
ശ്രീ. റ്റി. സദാനന്ദ ഭട്ടതിരി
ശ്രീ. കെ. സി. ശിവരാമൻ
ശ്രീ. എം എ. മാമ്മൻ
ശ്രീ. വി.ജെ. ജോൺ